Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 26 | 1128 ഇടവം 7—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 മേയ് 20 | ലക്കം 38

## ക്രിസ്തുവിൻെറ സമാധാനം*

(മാനുവൽ പൈകട, ബി. എ., എൽ എൽ. ബി.)

1776-ലെ ചരിത്രപ്രസിദ്ധമായ അമേരിക്കൻ സ്വാതന്ത്ര്യപ്പട്ടയത്തിലെ (Declaration of Independence) ഏററം പ്രധാനമായ ഒരു ഭാഗമാണു്, "ദൈവദത്തവും അപരിത്യാജ്യവുമായ ജന്മാവകാശങ്ങളുടെ കൂട്ടത്തിൽപെട്ടവയാണു് ജീവനും, സ്വാതന്ത്ര്യത്തിനും, ആനന്ദാന്വേഷണത്തിനും ഉള്ള അവകാശം," (The right to life, liberty, and the pursuit of happiness) എന്ന പ്രഖ്യാപനം. (Happiness എന്ന ഇംഗ്ലീഷ് പദത്തിൻെറ അർത്ഥവ്യാപ്തിക്കു മതിയായ ഒരു മലയാളപദം എനിക്കു കിട്ടിയിട്ടില്ല.) മനുഷ്യൻെറ ഈ ആനന്ദാന്വേഷണത്തിൽ അതിനുള്ള ഏററം ആവശ്യമായ അടിസ്ഥാനം "സമാധാന"മാണെന്നു് ലോകം മനസ്സിലാക്കിയിട്ടുണ്ടു്. സമാധാനത്തിനുവേണ്ടി ലോകം എന്നും നിലവിളിക്കുന്നു. ആ നിലവിളിയുടെ മാറെറാലിയേ എവിടെയും കേൾക്കാനുള്ളു. മനുഷ്യരക്തപ്പുഴയിൽക്കൂടി നീന്തിക്കളിക്കുന്ന റഷ്യൻ സാമ്രാജ്യമേധാവികളുടെ നിരന്തരമുദ്രാവാക്യംതന്നെ സമാധാനസംരക്ഷണമാണു്. ചർച്ചിലും ഐസനോവറും നമ്മുടെ ജവഹർലാലും ഐക്യരാഷ്ട്രസഭയും എല്ലാം ഇക്കാര്യംതന്നെ എപ്പോഴും പറയുന്നു. അതിനുവേണ്ടി പരിശ്രമിക്കുന്നു. വ്യക്തികളും കുടുംബങ്ങളും, സമുദായങ്ങളും അവരവരുടെ തോതിൽ സമാധാനത്തിനുവേണ്ടി വെമ്പൽ കൊള്ളുന്നു. പക്ഷെ സമാധാനം കണ്ടെത്തുന്നില്ല. സമാധാനസ്ഥാപനത്തിനായുള്ള പ്രസിദ്ധാഹ്വാനങ്ങളുടെ കൂട്ടത്തിൽ മററുള്ളവരിൽനിന്നെല്ലാം വ്യത്യാസപ്പെട്ട ഒരു മഹാ വ്യക്തിയുടെ ആഹ്വാനവും കൂടി ലോകം കേൾക്കുന്നുണ്ടു്. പക്ഷെ അതിനെ അവർ അത്ര ഗൗനിക്കുന്നില്ല. ആ സ്വരം റോമിലെ ലോകൈക ധാർമ്മികസമ്രാട്ടിൻേറതാണു്. അതു് ഏകദേശം രണ്ടായിരം കൊല്ലങ്ങൾക്കുമൻപേ വാനാരൂപികളിൽനിന്നു ബെത്‌ലേഹമിലെ ആട്ടിടയന്മാർ കേട്ടതിൻേറയും, പിന്നീടു് ലോകപരിത്രാതാവായ ക്രിസ്തുവിൽനിന്നു തന്നെ ലോകം കേട്ടതായ ആ ദിവ്യസന്ദേശത്തിൻേറയും ആവർത്തനം തന്നെയാണു്. ക്രിസ്തു തൻെറ അന്ത്യ അത്താഴത്തിനുശേഷം തൻെറ ശിഷ്യന്മാരോടു് അരുളിച്ചെയ്തു: "സമാധാനം—എൻെറ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ തരുന്നതു്. നിങ്ങളുടെ ഹൃദയങ്ങൾ കലങ്ങാതെയും ഭയപ്പെടാതെയും ഇരിക്കട്ടെ." ലോകത്തിനു നൽകാവുന്നതിൽനിന്നു് വ്യത്യസ്തമായ ഈ സമാധാനം—ക്രിസ്തുവിൻെറ സമാധാനം—എന്താണു് എന്നു് ഈ സായാഹ്നത്തിൽ നമുക്കു് അല്പം ചിന്തിക്കാം.



പന്ത്രണ്ടാം പീയൂസു മാർപ്പാപ്പാ ലെസ്ലി എൽ. ബെൻസൺ എന്ന കലാകാരൻെറ ഭാവനയിൽ. സ്വപുത്രിയെ പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനു തിരുമനസ്സിലെ പക്കൽ കൊണ്ടുചെന്ന സൗഭാഗ്യവതിയായ ഒരു മാതാവിനേയും ചിത്രത്തിൽ കാണാം.

### ബുദ്ധസംസ്കാരവും ശാന്തിയും

ഏതാനും മാസങ്ങൾക്കു മുൻപെ സാഞ്ചിയിൽവച്ചു നടന്ന സാർവ്വദേശീയ ബുദ്ധമതസാംസ്കാരിക കോൺഫറൻസിൽ പ്രസംഗിക്കവെ പണ്ഡിററ് നെഹ്റു ബുദ്ധമതസന്ദേശം ഇന്നത്തെ ലോകത്തിനു് എത്രത്തോളം പാററിയതാണെന്ന പ്രശ്നം ഉന്നയിച്ചുകൊണ്ടു പറഞ്ഞു: "ആ സന്ദേശം ഇന്നത്തെ ലോകത്തിനു് ഒരു പക്ഷെ പാററിയതായിരിക്കാം; ഒരുപക്ഷെ പാററിയതല്ലായിരിക്കാം. എന്നാൽ ഇത്രയും എനിക്കറിയാം, ബുദ്ധൻ നമ്മെ പഠിപ്പിച്ച തത്വം നാം പ്രായോഗികമാക്കുന്നപക്ഷം ലോകത്തിനു് സമാധാനവും ശാന്തിയും നാം നേടും." ഇതിനെ പരാമർശിച്ചുകൊണ്ടു് ഇവിടത്തെ ഒരു പ്രസ്സുകത്തോലിക്കാ വാരിക ഇങ്ങനെ എഴുതിയിരുന്നു: "നെഹ്റു ഉന്നയിച്ച പ്രശ്നം ഏററവും പ്രാധാന്യം അർഹിക്കുന്നതാണു്. എന്നാൽ അതിനദ്ദേഹം പറഞ്ഞ മറുപടി അദ്ദേഹത്തിനു നിശ്ചയമില്ലാത്തതായിരുന്നു. ബുദ്ധൻെറ മൗലികമായ ഉപദേശം മനുഷ്യൻെറ ആഗ്രഹങ്ങൾ ഹനിച്ചു കളയണമെന്നും എന്നാൽ മാത്രമേ സമാധാനവും ശാന്തിയും കൈവരികയുള്ളു എന്നും ആണു്. ഈ ഉപദേശം മനുഷ്യത്വത്തെത്തന്നെ ഹനിച്ചുകളയുന്നതാകയാൽ അതു് മനുഷ്യവ്യക്തിക്കോ മനുഷ്യസമുദായത്തിനോ അത്ര പാററിയതാണെന്നു തോന്നുന്നില്ല. നേരേ മറിച്ചാണു് ക്രിസ്തുവിൻെറ ഉപദേശം. മനുഷ്യൻെറ ആഗ്രഹങ്ങളെ ദൈവഹിതത്തിനും ദൈവഹിതത്തിനനുസരിച്ചു് പരസേവനത്തിനും തിരിച്ചുവിടണമെന്നാണു് അവിടുത്തെ ഉപദേശം. അങ്ങനെ ചെയ്താൽ വ്യക്തിക്കും സമുദായത്തിനും സമാധാനവും ശാന്തിയും കൈവരുമെന്നു് ആധുനികലോകത്തിലെ പ്രഖ്യാതരായ രാജ്യതന്ത്രജ്ഞന്മാർക്കും സമുദായപരിഷ്കർത്താക്കൾക്കും കൂടുതൽ കൂടുതൽ ബോദ്ധ്യമായി വരികയാണു്." (കഴിഞ്ഞ ഡിസംബർ 10-ാംനു-യിലെ സത്യദീപത്തിൽനിന്നാണു് ഈ ഉദ്ധരണി.)

സമാധാനംപലതരത്തിലുണ്ടു്—ശ്മശാനങ്ങളുടെയോ കാരാഗൃഹങ്ങളുടെയോ സമാധാനമല്ല ക്രിസ്തുവിൻെറ സമാധാനം. അതു് നിഷേധാത്മകമല്ല. പ്രത്യുത പ്രവൃത്ത്യുന്മുഖമാണു്. അതു് പരസ്നേഹത്തിൽ മാത്രം അധിഷ്ഠിതമാണു്. അതിൻെറഫലം ത്യാഗവുമാണു്. "Greater love than this no man hath, that a man lay down his life for his friends."

### കുഷ്ഠരോഗിണിയായ ചൈനീസ് ബാലിക

പ്രസിദ്ധ ചിന്തകനും ഗ്രന്ഥകാരനുമായ ഫാദർ കെല്ലർ അടുത്തകാലത്തു് ചൈനയിൽ ഒരു മിഷനറിക്കുണ്ടായ ഒരു ചെറിയ അനുഭവം ഇങ്ങനെ വിവരിക്കുന്നു: ഒരു റോഡരികിൽ കേവലം എട്ടുവയസ്സുമാത്രം പ്രായമുള്ള ഒരു ചൈനീസ് ബാലികയെ കുറേപ്പേർകൂടി നിർദ്ദയമായി തൊഴിക്കയും അടിക്കയും ചെയ്യുന്നതായി ആ വിദേശമിഷനറി കണ്ടു് അമ്പരന്നുപോയി. കാരണം അവൾ ഒരു കുഷ്ഠരോഗിയായിരുന്നു എന്നുള്ളതുമാത്രമായിരുന്നു. ഇതുകണ്ട മിഷനറിയാകട്ടെ അവരുടെ മദ്ധ്യേ ചാടിവീണു് അവരെ തടഞ്ഞുമാററി. ഇതുകണ്ടു് അത്ഭുതപ്പെട്ട ബാലിക തൻെറ രോദനം നിറുത്തിക്കൊണ്ടു ചോദിച്ചു: "അങ്ങാരാണു്? എന്തിനാണു് എനിക്കുവേണ്ടി ഇത്ര ബദ്ധപ്പെടുന്നതു്? എന്നോടെന്തുകൊണ്ടാണു് ഇത്രയും കരുണകാണിക്കുന്നതു്?" മിഷനറി പറഞ്ഞു: "ദൈവം നിന്നെ സൃഷ്ടിച്ചു. ആ ദൈവംതന്നെ എന്നേയും സൃഷ്ടിച്ചു. അദ്ദേഹം നിൻെറ പിതാവാണു്; എൻേറയും പിതാവാണു്. അങ്ങനെ നാം സഹോദരീസഹോദരന്മാരാണു്. അതുകൊണ്ടു്,

---

* സമ്മർ സ്കൂളിൻെറ ആഭിമുഖ്യത്തിൽ മേയ് 6-ാംനു- എറണാകുളം സെൻറു് ആൽബർട്ട്സ് കോളെജ്ഹാളിൽവച്ചു ചെയ്ത അദ്ധ്യക്ഷപ്രസംഗം.

ദൈവം നിനക്കാവശ്യമുള്ളതു് എന്തെന്നു് നിശ്ചയിച്ചിരിക്കുന്നോ അതു നിനക്കു ലഭിക്കുന്നതിനു പരിശ്രമിക്കാൻതന്നെ ഞാൻ നിശ്ചയിച്ചിരിക്കയാണു്. അതിനുപകരം ദൈവം നിന്നിൽനിന്നും ഒരു കാര്യം മാത്രമേ പ്രതീക്ഷിക്കുന്നുള്ളു. അതു് അദ്ദേഹത്തെ സ്നേഹിക്കയും, അതുപോലെതന്നെ അദ്ദേഹത്തിന്റെ മക്കളായ മററു സകല മനുഷ്യരേയും—നല്ലവരേയും തണ്യവരേയും—സ്നേഹിക്കയും ചെയ്യണം. എന്തുകൊണ്ടെന്നാൽ അവരെല്ലാം നിന്റെ സഹോദരന്മാരും സഹോദരികളും മാത്രമാണു്." കേവലം ലളിതമായ ഈ ബാലപാഠം പഠിക്കുന്നതിനു് അവൾക്കു് ഒരു വിഷമവും തോന്നിയില്ല; അതൊരിക്കലും അവൾ മറന്നുമില്ല. മൂന്നുകൊല്ലം കൂടിയേ അവൾ ജീവിച്ചിരുന്നുള്ളു. എന്നാൽ അവളുടെ ശേഷിച്ചിരുന്ന ആ മൂന്നു കൊല്ലങ്ങളിലെ ഓരോ നിമിഷവും—അവൾ അവളെക്കാൾ അവശരായ മററു കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്നതിനും ആശ്വസിപ്പിക്കുന്നതിനും ആയി ചിലവഴിച്ചിരുന്നു. അവൾ മരിച്ചപ്പോൾ അവളുടെ ശവസംസ്കാരത്തിനു്, ചുററുമുള്ള പ്രദേശങ്ങളിൽനിന്നെല്ലാം ആബാലവൃദ്ധം ബഹുജനങ്ങൾ തടിച്ചുകൂടി. അവളെപ്പററി അവർ പറഞ്ഞിരുന്നതു് "നമ്മുടെ ആ സ്വർഗ്ഗത്തിന്റെ കൊച്ചുകഷണം,സ്വർഗ്ഗത്തിലേക്കുതന്നെ തിരിച്ചുപോയി," ("Our little bit of Heaven who has gone back to Heaven") എന്നായിരുന്നു.

## ഡോക്ടർ കട്ജു

ഡോക്ടർ കട്ജുവിനെപ്പോലുള്ള വീരന്മാർക്കു് ഈ അമാനുഷികസേവനം വേണം; അതിന്റെ ശാരീരികസുഖം വേണം; എന്നാൽ ആ അമാനുഷികസേവനവും ത്യാഗവും ഉളവാക്കിയ ആ അമാനുഷിക ആദർശം, ചൈതന്യം, എന്താണെന്നും അതിന്റെ അറിവിൽനിന്നും അനുകരണത്തിൽനിന്നുംമാത്രം സിദ്ധിക്കുന്ന ആ സ്വർഗ്ഗീയാനന്ദവും സമാധാനവും എന്താണെന്നും ആരേയും മനസ്സിലാക്കിപ്പോകരുതെന്നും ആണു് ആഗ്രഹം. എന്തൊരു മനസ്ഥിതിവിശേഷം! പക്ഷേ ഈ ആഗ്രഹനിവൃത്തിക്കു് ഇൻഡ്യൻ ഭരണഘടനയിലെ ചില മൗലികാവകാശപ്രഖ്യാപനങ്ങൾതന്നെ വിലങ്ങുതടിയായി വന്നുപോയി. അതിനു് ഒരു നിയമജ്ഞൻകൂടിയായ അദ്ദേഹം ആ ഭരണഘടനാപ്രഖ്യാപനങ്ങൾപോലും ഏററം ബാലിശമായ തരത്തിൽ വ്യാഖ്യാനിക്കാൻ മുതിർന്നുപോലും! അതായതു് മതസ്വാതന്ത്ര്യം, അല്ലെങ്കിൽ ആദ്ധ്യാത്മികാദർശങ്ങളേയും ആശയങ്ങളേയും അനുഷ്ഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഉള്ള സ്വാതന്ത്ര്യം, നമ്മുടെ ഭരണഘടന നല്കിയിട്ടുള്ളതു് ഇൻഡ്യൻ പൗരന്മാർക്കു മാത്രമേയുള്ളുവെന്നും ഇൻഡ്യയിൽ വരുന്ന, അല്ലെങ്കിൽ വസിക്കുന്ന വിദേശീയർക്കില്ലെന്നും തട്ടിമൂളിച്ചതായി പത്രറിപ്പോർട്ടുകളിൽ കണ്ടു. നമ്മുടെ ഭരണഘടനയിൽ വിവരിക്കുന്ന മൗലികാവകാശങ്ങളിൽ ചിലതു് ഇൻഡ്യൻ പൗരന്മാർക്കു മാത്രമായിട്ടുള്ളവതന്നെ. ഉദാഹരണമായി (Art. 15) ജാതിവർഗ്ഗവിവേചനം; സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ (Art. 29); ചില ന്യൂനപക്ഷാവകാശങ്ങൾ (Art. 30) മുതലായവ. ഇതിലെല്ലാം ഇൻഡ്യൻ "പൗരൻ" (citizen) എന്നുതന്നെ പ്രത്യേകം വിവക്ഷിച്ചിട്ടുണ്ടു്. ഇങ്ങനെ പ്രത്യേകം വിവക്ഷിച്ചിട്ടുള്ളവയല്ലാത്ത മൗലികാവകാശങ്ങൾ എല്ലാം സ്വദേശിവിദേശിവ്യത്യാസമില്ലാതെ ഭാരതഭൂമിയിൽ ഉള്ള സകലർക്കും ഉണ്ടായിരിക്കുന്ന അവകാശങ്ങളാണു്. തന്മൂലം അവയിലെല്ലാം "പൗരൻ" എന്നതിനു പകരം ഏതൊരു "വ്യക്തി"ക്കും (Person) എന്നാണു് പറഞ്ഞിരിക്കുന്നതു്. ഉദാഹരണമായി ജീവനും, വ്യക്തിസ്വാതന്ത്ര്യത്തിനും ഉള്ള രക്ഷാവകാശം (Art. 21); നീതിന്യായരക്ഷാസമത്വം (Art. 14) മുതലായവ. ഇൻഡ്യൻ പൗരന്റെ ജീവനും വസ്തുക്കൾക്കും മററും മാത്രമേ ഇൻഡ്യയിൽ രക്ഷയുള്ളുവെന്നു് നാലുപേരു കേൾക്കെ പറയുവാൻ ഡോക്ടർ കട്ജു മുതിരുമെന്നു തോന്നുന്നില്ല. ഇക്കൂട്ടത്തിലാണു് ഭരണഘടന മുൻപറഞ്ഞ മതസ്വാതന്ത്ര്യപ്രഖ്യാപനവും ഭാഗ്യവശാൽ കൊള്ളിച്ചിരിക്കുന്നതു്. 25-ാം വകുപ്പിലാണു് ഈ പ്രത്യേക പ്രഖ്യാപനം. അതിൽ പറഞ്ഞിരിക്കുന്നതു് "all persons are equally entitled....." "എല്ലാ വ്യക്തികൾക്കും ഒരുപോലെ മനസ്സാക്ഷിസ്വാതന്ത്ര്യവും, മതം സ്വതന്ത്രമായി പ്രഖ്യാപിക്കുന്നതിനും അനുഷ്ഠിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനും ഉള്ള അവകാശവും ഉണ്ടു്" എന്നാണു്. ഇതിൽ സ്വദേശി വിദേശി വ്യത്യസ്തപരിഗണനയേ ഇല്ലെന്നു സ്പഷ്ടമാണു്. ഈ മൗലികസ്വാതന്ത്ര്യത്തെ ഭരണഘടന അനുവദിക്കുന്നിടത്തോളം നിയന്ത്രിക്കുന്ന ഏതെങ്കിലും നിയമം ഉണ്ടാക്കിയാൽ അതിലും തന്മൂലം സ്വദേശിവിദേശി വ്യത്യസ്തപരിഗണന സാധൂകരിക്കാവുന്നതല്ല. ഇങ്ങനെയിരിക്കെ വിദേശവിദഗ്ദ്ധരുടെ സേവനങ്ങളും സഹായങ്ങളും—ആളും അർത്ഥവും ഉപദേശങ്ങളും—നമ്മുടെ സാമൂഹ്യം, സാമ്പത്തികം, വിദ്യാഭ്യാസം, കല, പരോപകാരപ്രവൃത്തികൾ മുതലായ മിക്ക തുറകളിലും നിർല്ലോഭം ചോദിച്ചും ലഭിച്ചും അനുഭവിച്ചും കൊണ്ടിരിക്കുന്ന ഇന്നത്തെ ഭാരതം ഇതിനെല്ലാത്തിനും ഉപരിയായതെന്നും ഇവയ്ക്കെല്ലാം പലപ്പോഴും പ്രചോദനവും ശ്രേഷ്ഠതയും നല്കുന്നവയും എന്നു് സമ്മതിക്കാതെ ഗത്യന്തരമില്ലാത്ത ആദ്ധ്യാത്മികാദർശങ്ങളും ആശയങ്ങളുംമാത്രം വിദേശവിദഗ്ദ്ധർ ഇവിടെ മിണ്ടുന്നതിനു് ആഗ്രഹിക്കുന്നില്ലെന്നും അതിനു വിലങ്ങുതടിയാകുമെന്നും കട്ജുവിനെപ്പോലുള്ള ഭരണസാരഥികൾ പറഞ്ഞാൽ അതു് ഭാരതമാതാവിന്റേയും നെഹ്രുഭരണത്തിന്റേയും മുഖത്തു കരിതേക്കുകയെന്നല്ലാതെ ഫലപ്രദമാകാൻ പോകുന്നില്ല എന്നുള്ളതു് നിശ്ചയമാണു്. പണ്ഡിററ്ജി മണിക്കൂർതോറും എന്നവണ്ണം ഉച്ചൈസ്തരം ശപിച്ചുകൊണ്ടിരിക്കുന്ന വർഗ്ഗീയവിദ്വേഷത്തിന്റേയും ചേരിതിരിവുകളുടേയും സൂത്രധാരന്മാരും പ്രണേതാക്കളും ഇത്തരക്കാരാണു്. അവർ പണ്ഡിററ്ജിയുടെതന്നെ വലംകൈകളും ഇടംകൈകളുംകൂടെയായാൽ പിന്നത്തെ കഥ പറയാനുണ്ടോ? ഇക്കൂട്ടർക്കു് ഒട്ടും സഹിക്കവയ്യാത്തതു് മതങ്ങളുടെ താരതമ്യപഠനമാണുപോലും. എന്നാൽ മതം അഥവാ ആദ്ധ്യാത്മികാദർശങ്ങളും ആശയങ്ങളും ഒഴിച്ചു്, മറെറല്ലാ വിജ്ഞാനസമ്പത്തുകളുടേയും ഗുണദോഷങ്ങൾ വിവേചനം ചെയ്യുന്നതിനു് താരതമ്യപഠനം ഒഴിച്ചുകൂടാത്തതാണെന്നും അവർ സമ്മതിക്കും. അതനുസരിച്ചത്രെ അവർ പ്രവർത്തിക്കുന്നതും പ്രസംഗിക്കുന്നതും. താരതമ്യമില്ലെങ്കിൽ ജ്ഞാനം എന്നതേയില്ല— "All human knowledge is comparative" എന്നാണു ഒരു തത്വജ്ഞാനി പറഞ്ഞിരിക്കുന്നതു്. കറുത്തതിനടുത്തു് വെളുത്തതോ, വിരൂപത്തിനടുത്തു് സൗന്ദര്യമോ, അപശബ്ദത്തിനടുത്തു് സംഗീതമോ, വിദ്വേഷത്തിനടുത്തു് സ്നേഹമോ, കലഹത്തിനടുത്തു് സമാധാനമോ, ജാതിചിന്തയ്ക്കടുത്തു സാഹോദര്യമോ, സ്വാർത്ഥതയ്ക്കു മുൻപിൽ ത്യാഗമോ ആരെയും ഉപദേശിക്കുകയോ കാണിക്കുകയോ ചെയ്യരുതെന്നു് ആഗ്രഹിക്കുന്ന മനഃസ്ഥിതിക്കാരാണോ ഭാരതം പറുദീസായാക്കാൻ പോകുന്നതു് എന്നു് അത്ഭുതപ്പെടുകയല്ലാതെ എന്തുചെയ്യട്ടെ! അവർ ആ സാധു ചൈനീസ് ബാലികയ്ക്കു് അവളുടെ സ്വർഗ്ഗം അനുവദിക്കയില്ല!

## സമാധാനത്തിന്റെ നഗരമായ ഹിരോഷിമാ

ആററംബോംബുകൊണ്ടു നശിപ്പിക്കപ്പെട്ട രണ്ടു പട്ടണങ്ങളിൽ ഒന്നായ ഹിരോഷിമാ ബുദ്ധമതാനുയായികളുടെ ഏററം വലിയ ഒരു കേന്ദ്രമായിരുന്നു. ശതക്കണക്കിനു ബുദ്ധദേവാലയങ്ങൾതന്നെ അവിടെ ഉണ്ടായിരുന്നു. ഈശോസഭക്കാരുടെ ഒരു കത്തോലിക്കാ മിഷൻ സ്ഥാപനവും അവിടെ ഉണ്ടായിരുന്നു. ഈശോസഭാവൈദികരുടെ ആശ്രമദേവാലയത്തിനു സമീപമായിരുന്നു ബോംബു പൊട്ടിയതു്. ജീവൻ നഷ്ടപ്പെടാൻ ഇടയാകാതെ രക്ഷപെട്ട ഒരു ദൃക്സാക്ഷിയായ ഫാദർ ഹ്യൂബെട്ട്ഷിഫർ "അമേരിക്കാ" എന്ന വാരികയിൽ ആ ഭീകരസംഭവത്തേയും അതിന്റെ അനന്തരഫലങ്ങളേയുംപററി എഴുതിയിരുന്ന ലേഖനങ്ങളിൽ ഒന്നിൽ വിവരിച്ചിരുന്ന സംഭവം ഇവിടെ പ്രത്യേകം പ്രസ്താവ്യമാണു്. ഹിരോഷിമായിലെ ജസ്വീററ് സ്ഥാപനം നശിച്ചു. എന്നാൽ അന്നു് സുപ്പീരിയർ ആയിരുന്ന ഫാദർ ഹ്യൂഗോ ലസാലും അദ്ദേഹത്തിന്റെ മൂന്നു് അസിസ്റ്റൻറുമാരും ക്ഷതമേറെറങ്കിലും ജീവനോടുകൂടി രക്ഷപെട്ടു. കുറേദൂരെ അവരുടെ താമസത്തിനു് പിന്നീടു കെട്ടിയുണ്ടാക്കിയ കുടിലും പരിസരങ്ങളും ക്ഷതമേററ അഭയാർത്ഥികളുടെ ഒരു സങ്കേതമായിത്തീർന്നു. ഏതാനും ആഴ്ചകൾക്കുശേഷം ഒരു ദിവസം മൂന്നു ബുദ്ധപുരോഹിതന്മാർ അവിടെവന്നു് ഫാദർ ലസാലിനെ സന്ദർശിച്ചു് കുശലപ്രശ്നംചെയ്തു. അതിനുശേഷം, ആററംബോംബുമൂലം രണ്ടുലക്ഷം മനുഷ്യർ ആ പട്ടണത്തിൽത്തന്നെ മൃതിയടഞ്ഞ ഭീകരസംഗതി അനുസ്മരിപ്പിച്ചുകൊണ്ടു് ക്രിസ്ത്യൻ സ്തോത്രഗീതങ്ങളും പ്രാർത്ഥനകളും സന്യാസജീവിതരീതികളും ധ്യാനങ്ങളും മററും അവർക്കു് നന്നായി തോന്നിയിട്ടുണ്ടെന്നും പറഞ്ഞശേഷം ചോദിച്ചു, "നിങ്ങളെല്ലാവരുംകൂടി സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കാമോ" എന്നു്. ഇതുകേട്ടു് ആശ്ചര്യപ്പെട്ട ഫാദർ ലസാൽ പറഞ്ഞു: "സംശയമെന്താ, ഞങ്ങൾ എന്നും സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടു്; എന്താ ചോദിച്ചതു്?" അതിനു പുരോഹിതനേതാവു് പറഞ്ഞു: "ഞങ്ങൾക്കു് ഒരു പുതിയ ഹിരോഷിമാ—മുമ്പിലത്തേതിലും ഒന്നുകൂടി മെച്ചമായ ഒരു ഹിരോഷിമാ—പണിയണമെന്നുദ്ദേശമുണ്ടു്. പക്ഷെ എല്ലാത്തിലും പ്രധാനമായി മനുഷ്യരുടെ ഹൃദയം നന്നാവണം. സംഭവിച്ചുപോയതിനു് ഞങ്ങൾ ആരേയും പഴിക്കുന്നില്ല. ഒരുതരത്തിൽ പറഞ്ഞാൽ ഞങ്ങൾ ജപ്പാൻകാർ തന്നെയാണു് ഈ യുദ്ധം ആരംഭിച്ചതു്. യുദ്ധത്തിന്റെ ഭീകരത നാം കണ്ടു. അതാവർത്തിക്കാതിരിപ്പാൻ— ഇവിടെയെന്നല്ല, ലോകത്തിൽ ഒരിടത്തും ആവർത്തിക്കാതിരിപ്പാൻ—ഞങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ ബുദ്ധരായ ഞങ്ങളെപ്പോലെ നിങ്ങൾ ക്രിസ്ത്യാനികളും മനസ്സിലാക്കിയിട്ടുണ്ടു് മതവും പ്രാർത്ഥനയും കൂടാതെ സമാധാനം നിലനിർത്താൻ സാദ്ധ്യമല്ലെന്നു്. അതുകൊണ്ടു് ഞങ്ങൾക്കു വേണ്ടതു് ആററംബോംബാൽ ഹിരോഷിമായുടെ മദ്ധ്യത്തിൽത്തന്നെ നിത്യപ്രാർത്ഥനയ്ക്കായി അർപ്പിക്കപ്പെട്ടിട്ടുള്ള ഒരു സ്മാരകാലയം ഉണ്ടാകണം എന്നതാണു്. നിങ്ങളുടെ മതത്തെപ്പററി ഞങ്ങൾക്കു് നല്ല രൂപമില്ല. എങ്കിലും ഇങ്ങനെയുള്ള ഒരു നിത്യപ്രാർത്ഥനാലയം സ്ഥാപിക്കാൻ നിങ്ങൾക്കൊരുമ്പെടാമോ എന്നാണു് ഞങ്ങൾക്കു് അറിയേണ്ടതു്." ഇതു കേട്ടുകൊണ്ടിരുന്ന ആ ക്രിസ്ത്യൻ മിഷനറിമാർക്കു് അവർ വല്ല സ്വപ്നവും കാണുകയാണോ എന്നപോലെ തോന്നിപ്പോയി. അവസാനം ഫാദർ ലസാൽ ചോദിച്ചു: "നിങ്ങൾ ബുദ്ധർ എന്താണു് ഇതിനു് ഒരുമ്പെടാത്തതു്? ഹിരോഷിമാ ഒരു ബൗദ്ധനഗരമായിരുന്നല്ലോ." ഇതിനു് ആ ബുദ്ധപുരോഹിതനേതാവു് പറഞ്ഞതിങ്ങനെയാണു്: "ഇല്ല ഞങ്ങളുടെ പ്രാർത്ഥനയ്ക്കു് ശക്തിപോരാ. ഞങ്ങൾക്കു വേണ്ടതു് സാക്ഷാൽ സ്വർഗ്ഗത്തിലെത്തുന്ന പ്രാർത്ഥനകളാണു്. ഞാൻ നിങ്ങളുടെ ബൈബിളും മററും വായിച്ചിട്ടുണ്ടു്. നിങ്ങളുടെ പ്രാർത്ഥനകൾ ഞങ്ങളുടേതിനെക്കാൾ നല്ലതാണു്. മാത്രമല്ല, നിങ്ങൾക്കു് അനവരതം മുട്ടിന്മേൽനിന്നുകൊണ്ടു് പ്രാർത്ഥിക്കുന്ന സന്യാസിനികളും ഉണ്ടു്. ശക്തിയേറിയ പ്രാർത്ഥനകൾ, അതാണു് ഞങ്ങൾക്കു വേണ്ടതു്." അപ്പോൾ ഫാദർ ലസാൽ പറഞ്ഞു: "ഞങ്ങൾ സമാധാനത്തിനുവേണ്ടിയുള്ള പ്രാർത്ഥനാലയം പണിതാൽ അതു് നമുക്കുവേണ്ടി സ്വർഗ്ഗത്തിലിരുന്നുകൊണ്ടുതന്നെ എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുമാതാവിനു് ഞങ്ങൾ പ്രതിഷ്ഠിക്കും. ആ ദിവ്യമാതാവിനെക്കാൾ സമാധാനംകാംക്ഷിക്കുന്ന വേറൊരുത്തരും ഇല്ല," എന്നു്. ഇതിനു് കിട്ടിയ മറുപടി, "ഓഹോ, അതിനെന്താ; ഒരു മാതൃഹൃദയത്തെക്കാൾ ഉത്തമമായ സമാധാനചിഹ്നം ലോകത്തിൽ വേറെ എന്താണുള്ളതു്! അങ്ങനെതന്നെയാവട്ടെ." അങ്ങനെ ആ സ്മരണാസ്തംഭം ബീജാവാപം ചെയ്യപ്പെട്ടു. ടോക്കിയോയിലെ ഏററം പ്രധാന വർത്തമാനപ്പത്രമായ "അസാഹി" (Asahi) പുതിയ ഹിരോഷിമായുടെ സ്മരണാസ്തംഭത്തിനുള്ള ശില്പകലാഡിസൈൻ ക്ഷണിച്ചു. 1949 മേയ് 11-ാം തീയതി ജാപ്പനീസ് പാർലമെൻറു് ഹിരോഷിമായെ "A National Symbol of Peace" (സമാധാനത്തിന്റെ ഒരു ദേശീയ ചിഹ്നം) എന്നു് ഔദ്യോഗികമായി നാമകരണം ചെയ്തു. 1950 ഓഗസ്റ്റ് 6-ാംതീയതി—അണുബോമ്പു പൊട്ടിയതിന്റെ കൃത്യം അഞ്ചാം വാർഷികദിനത്തിൽ ഒരു ജാപ്പനീസ് ജസ്വീററ് പ്രസ്തുത സമാധാന സ്മരണാലയത്തിന്റെ അടിസ്ഥാനക്കല്ലു് ആശീർവ്വദിച്ചു് സ്ഥാപിച്ചു. ഇക്കഴിഞ്ഞ 1952 ഓഗസ്റ്റ് 15-ാംതീയതി (സ്വാതന്ത്ര്യദിനത്തിൽ) അതു് ഔദ്യോഗികമായി തുറക്കപ്പെട്ടുമെന്നാണു് വായിച്ചതു്. സമാധാനം സമ്പാദിക്കുന്നതിനായി പോരാടിയ മരിച്ചവരും ജീവിച്ചിരിക്കുന്നവരുമായ യുദ്ധവീരന്മാരുടെ പേരുകൾ എഴുതപ്പെട്ട ഒരു "Golden Book of Prayer" (ഒരു സുവർണ്ണപ്രാർത്ഥനാഗ്രന്ഥം) ഈ പ്രാർത്ഥനാലയത്തിൽ സൂക്ഷിക്കപ്പെടും. ഇതിനാസ്പദമായ ലേഖനം എഴുതുന്നകാലത്തു്—1950 ഒക്ടോബറിൽ—പതിനൊന്നു രാഷ്ട്രങ്ങളിൽനിന്നായി അത്തരം 4300 യുദ്ധവീരന്മാരുടെ പേരുകൾ ലഭിച്ചിട്ടുണ്ടെന്നാണു് പ്രസ്താവിച്ചിരുന്നതു്. സമാധാനരാജനായ--The Prince of Peace—ക്രിസ്തുനാഥന്റെ ദൗത്യം വഹിച്ചുകൊണ്ടു് വിശുദ്ധ ഫ്രാൻസിസ് സേവിയർ ജപ്പാനിൽ ആദ്യം കാലുകുത്തിയതും ഒരു ഓഗസ്റ്റ് 15-ാംതീയതി (1549) ആയിരുന്നെന്നുള്ളതും ഇവിടെ അനുസ്മരണാർഹമാണു്.

ലോകമൊട്ടാകെ ജനപദങ്ങൾ സമാധാനത്തിനായി നിലവിളിക്കുന്നു. എന്നാൽ സമാധാനം കണ്ടെത്തുന്നില്ല. വി. തോമസ് അക്വിനാസ് പറയുന്നു: "സമാധാനം മനുഷ്യനും തന്റെ സ്രഷ്ടാവും തമ്മിലുള്ള വ്യവസ്ഥിതിയുടെ പ്രശാന്തതയാണു്; ഇതിൽനിന്നു് ഹൃദയത്തിൽ ആനന്ദവും ബാഹ്യകാര്യങ്ങളിൽ സഹോദരർ തമ്മിൽ ഐകമത്യവും സംജാതമാകുന്നു." ("Peace is the tranquility of order between man and his Creator, from which there result joy in the heart and concord among brethren in external affairs.") ദൈവവും മനുഷ്യനും തമ്മിലുള്ള ശരിയായ ബന്ധം സമ്മതിച്ചു പുലർത്തുന്ന ഒരു ലോകത്തിൽമാത്രമേ യഥാർത്ഥസമാധാനം നിലനില്ക്കയുള്ളു. സമാധാനം ഒരാശയമാണു്, ഒരു ധാർമ്മികമൂല്യമാണു്, എന്നു് ചുരുക്കംപേർക്കു മാത്രമേ ബോദ്ധ്യപ്പെട്ടിട്ടുള്ളു. അതു കേവലം കലഹരാഹിത്യമല്ല. ഭീമമായ സൈനികശക്തിയുടേയോ യാന്ത്രികശക്തികളുടേയോ ഒരു ഫലവുമല്ല അതു്. ഇവ ഒരുപക്ഷെ അതിന്റെ സംരക്ഷയെ അല്പം സഹായിച്ചേക്കാമെന്നുമാത്രം. ലോകം യഥാർത്ഥമായ ആദ്ധ്യാത്മികബന്ധംകൊണ്ടു് സംയോജിക്കുന്നതുവരെ അതു് അനേകം കഷ്ടാരിഷ്ടതകൾ സഹിക്കാതെ തരമില്ല. ലോകത്തിലെ നിരവധി ജനസഞ്ചയങ്ങൾ ആഹാരത്തിനുവേണ്ടി നിലവിളിക്കുന്നുണ്ടു്. എന്നാൽ അവർക്കാവശ്യമുള്ളതു് കേവലം ശരീരത്തിന്റെ ഭക്ഷ്യാഹാരം മാത്രമല്ല. ദൈവത്തിൽനിന്നു മാത്രം വരുന്ന ആദ്ധ്യാത്മിക ആഹാരവും അവർക്കാവശ്യമാണു്. ദൈവം ഒന്നൊഴിയാതെ നാമേവരുടേയും "പിതാവാ"ണെന്നു് എവരും ബോദ്ധ്യപ്പെട്ടു സ്വീകരിക്കുമ്പോൾ മാത്രമേ മനുഷ്യരെല്ലാം സാക്ഷാൽ "സഹോദരന്മാരും" ആയിത്തീരുകയുള്ളു. നമുക്കെല്ലാവർക്കുംകൂടി പൊതുവായ ഒരു പിതാവുണ്ടു് എന്നുള്ള ഈ ആശയമാണു് കുഷ്ഠരോഗിണിയായി സകലരാലും ത്യജിക്കപ്പെട്ടു നിരാശാഗർത്തത്തിൽ എരിപൊരികൊണ്ടിരുന്ന ആ ചൈനീസ് ബാലികക്കെന്നതുപോലെ നാം എല്ലായിടത്തും എല്ലാവർക്കും എത്തിക്കേണ്ടതു്. ഈ ആശയം മാത്രമേ സ്നേഹത്തിനും അതിൽനിന്നു മാത്രം ഉദ്ഭൂതമാകുന്ന നീതിക്കും ത്യാഗത്തിനും അടിസ്ഥാനം നൽകുകയുള്ളു. ഇവ മാത്രമേ സാക്ഷാൽ ശാന്തിയും സമാധാനവും—ക്രിസ്തുനാഥൻ വാഗ്ദാനം ചെയ്ത ആ സ്വർഗ്ഗീയസമാധാനം—കൈവരുത്തുകയുള്ളു എന്നു് പരിഷ്കൃതലോകം ഇനിയും ബോദ്ധ്യപ്പെടേണ്ടിയിരിക്കുന്നു.

ചെറുകഥ

# സിനിമാപ്പെണ്ണ്

(മണിമല)

"കേട്ടോ, അവൻ പറേണെ?" ത്രേസ്യാച്ചേടത്തി വാതില്ക്കൽ തലനീട്ടിനിന്നുകൊണ്ടു പറഞ്ഞു. "അവനാ സിനിമായിക്കണ്ട പെണ്ണിനെ കെട്ടിയാമതിയെന്നു്."

മത്തായിച്ചേട്ടൻ ഉരുട്ടിയ ചോറു കൈയിൽവച്ചുകൊണ്ടങ്ങിരുന്നുപോയി. മകന്റെ ദുശ്ശാഠ്യം അത്ര കടന്നുപോകുമെന്നയാൾ ചിന്തിച്ചതല്ല.

കല്യാണാലോചന തുടങ്ങിയപ്പോഴേ രാജൻകുട്ടി മനസ്സില്ലെന്നു പറഞ്ഞതാണു്.



അങ്ങനെയാണു് എല്ലാ ചെറുപ്പക്കാരുടെയും സ്വഭാവം. കാര്യമൊക്കെ അടുത്തു വരുമ്പോൾ ഉറ്റബന്ധുക്കളാരെയെങ്കിലുംകൊണ്ടു പറയിക്കുമ്പോൾ അങ്ങു സമ്മതിക്കും. അതൊരു ചിട്ടയാണു്. നാട്ടുനടപ്പാണു്. അതിൽക്കൂടുതലൊന്നും മത്തായിച്ചേട്ടൻ വിചാരിച്ചില്ല.

"നോക്കു്, തെമ്മാടിത്തരം പറേന്ന സൂക്ഷിച്ചുവേണം. അവരോടു വാക്കുപറഞ്ഞുറപ്പിച്ചിപ്പോഴാ" അയാൾക്കു ദേഷ്യംവന്നു.

"എന്റൊടേവനെ! ഇതെന്നാക്കൂത്താ, ഞാനെന്നാവേണം. ഞാൻസമ്മതിച്ചച്ചാമതിയോ?" ത്രേസ്യാച്ചേടത്തി യുക്തിഹീനമായ ആ കോപത്തെ അപലപിച്ചു.

"നീയും നിന്റെ മോനും!" മത്തായിച്ചേട്ടൻ ചോറുണ്ണാതെ എഴുന്നേറ്റങ്ങുപോയി. അയാൾക്കെങ്ങനെ ഉണ്ണാൻ തോന്നും. "നാലായിരം രൂപയും നടപടി"യും കിട്ടുന്ന ഒരേർപ്പാടു്. "കിളി" പോലൊരു പെൺകുട്ടി. അവരുടെ കൂട്ടക്കാരൊക്കെ നല്ല "പിടിപാടുള്ളോർ." കാര്യം പറഞ്ഞുറപ്പിച്ചു മനസ്സുചോദ്യത്തിനു ദിവസം നിശ്ചയിച്ചിരിക്കയാണു്. അപ്പോഴാണു രാജൻ ഈ "കുണ്ടാമണ്ടി" എടുത്തിട്ടിരിക്കുന്നതു്. ആ കുടുംബനാഥന്റെ അഭിമാനമെവിടെ? നിലയും വിലയുമെവിടെ?

അകത്തെമുറിയിൽ ഒരു ഫോട്ടോ ആൽബം മറിച്ചുനോക്കി രസിച്ചുകൊണ്ടിരിക്കുകയാണു രാജൻ. പെൺകുട്ടികളുടെ പടമാണു് അതിലധികവും. പ്രത്യേകിച്ചു കുമാരി മോഹിനിയുടെ ചിത്രങ്ങൾ.

അവൾ സിനിമാലോകത്തിൽ ഉദിച്ചുയരുന്ന ഒരു കൊച്ചുതാരമാണു്. ആ നീണ്ട കടക്കണ്ണിൽ യുവഹൃദയങ്ങൾ ആയിരക്കണക്കിനു കുരുങ്ങിക്കിടക്കുന്നു. അവളുടെ പാലൊളിപ്പുഞ്ചിരി പടത്തിലെങ്കിലും കാണാൻ എത്രപേർ വെമ്പൽകൊള്ളുന്നെന്നോ? നടനത്തിലാണു കുമാരി മോഹിനി അതിവിദഗ്ദ്ധ. വെട്ടിത്തിളങ്ങുന്ന പട്ടുടുപ്പിനുള്ളിൽ തുള്ളിക്കളിക്കുന്ന ഒരു കനകവല്ലിയാണവൾ. അവളുടെ അനവധി ചിത്രങ്ങൾ രാജൻ ശേഖരിച്ചുവച്ചിട്ടുണ്ടു്. അയാളുടെ ഉണങ്ങിയ ചിന്തകളെ അവൾ പച്ചപിടിപ്പിക്കുന്നു. ആ ഹൃദയത്തിൽ രാഗതന്തുക്കൾ പാകുന്നു.

വളരെ പണിപ്പെട്ടാണു രാജനു മോഹിനിയുടെ മേൽവിലാസമൊന്നു കിട്ടിയതു്. ഒട്ടേറെ സിനിമാമാസിക ഓഫീസുകൾ അയാൾ കയറിയിറങ്ങി. പലയിടത്തും "സത്യഗ്രഹം"തന്നെ അനുഷ്ഠിക്കേണ്ടിവന്നു. ചില മൂത്തുമുരടിച്ച പത്രാധിപന്മാർ "ആട്ടും കൊട്ടും" കൊടുക്കുകയും ചെയ്തു.

എങ്കിലും രാജൻ എല്ലാം സഹിച്ചു. വെള്ളിത്തിരയിൽ മിന്നിപ്പൊലിയുന്ന അവളുടെ ഭാവസ്ഫുരണങ്ങൾ അയാൾക്കു പ്രചോദനമരുളി.

വെറുതെയല്ല രാജൻ അക്കൊല്ലം ഇന്ററിനു തോറ്റുപോയതു്. പുതുതായിറങ്ങുന്ന സിനിമാ നാലും അഞ്ചും തവണ അയാൾ കണ്ടുകളയും. കുമാരി മോഹിനിയെ നേരിട്ടൊന്നു കാണാൻ "പുഷ്പാ"സ്റ്റുഡിയോയിലും അയാൾ പോയി. അവിടെയുണ്ടായ അനുഭവം രാജൻ ആരോടും പറഞ്ഞിട്ടില്ല. ആരും അറിയരുതേ എന്നാണു പ്രാർത്ഥനയും. ഏതായാലും തോൽവിക്കാര്യത്തിനു് അയാൾ വീട്ടിൽപ്പറഞ്ഞ സമാധാനം പരീക്ഷക്കാലത്തു പനി പിടിച്ചുകൊണ്ടാണെന്നാണു്.

"തോറ്റെങ്കിൽ പോട്ടെ. നമുക്കിപ്പം ഉദ്യോഗമൊന്നും വേണ്ടല്ലോ. വീട്ടിൽനിന്നു വല്ലതും കാര്യംനോക്കണം" മത്തായിച്ചേട്ടനങ്ങു തീരുമാനിക്കുകയുംചെയ്തു.

വെക്കേഷനു വീട്ടിൽവന്നപ്പോൾ രാജൻ അമ്മയെ വിളിച്ചോണ്ടുപോയി നാലഞ്ചു സിനിമായങ്ങു കാണിച്ചു. എല്ലാത്തിലും കുമാരി മോഹിനിയുടെ പൊടിപ്പൻ അഭിനയമുണ്ടു്. അവളുടെ അപദാനങ്ങൾ അമ്മയെ അറിയിക്കുന്നതിൽ അയാൾക്കു ലംഭാവമില്ല. ഒടുവിൽ രാജൻ അക്കാര്യവുമങ്ങു പറഞ്ഞു.

"എന്റെ മോനേ, അതു നടക്കാൻപോണോ, അവരു സമ്മതിക്കുമോ?" ത്രേസ്യാച്ചേടത്തിക്കു് വലിയ സംശയമാണക്കാര്യത്തിൽ.

പെണ്ണിനെ അവക്കു നന്നേ പിടിച്ചു. നല്ല തങ്കവണ്ണം. രണ്ടായി പിന്നിയിട്ടു കാൽമുട്ടുകൾവരെ നീണ്ടുകിടക്കുന്ന തലമുടി. ഒത്ത യൗവനം, തികഞ്ഞ ആരോഗ്യം. ഇതിലധികം എന്തുവേണം ഒരു വധുവിനു്. ആടാനും പാടാനും അവളെക്കാൾ മികച്ചവരില്ല. ആ പെണ്ണു കുടുംബത്തു കയറിയാൽത്തന്നെ ഒരൈശ്വര്യമുണ്ടെന്നവക്കുതോന്നി.

കാര്യമൊന്നു നടന്നുകഴിഞ്ഞാലോ, ത്രേസ്യാച്ചേടത്തി സിനിമാതാരത്തിന്റെ അമ്മാവിയമ്മയാണു്. ഓ എന്തൊരുമതിപ്പു്. ബഹുമാനം. നാല്ക്കവലകളിൽ ചാരിവച്ചിരിക്കുന്ന കുമാരി മോഹിനിയുടെ പടം കാണുമ്പോൾ അവർ അറിയാതെ ഒന്നു പുഞ്ചിരിച്ചുപോകും.

അങ്ങനെ അമ്മയുടെ മൗനാനുവാദം വാങ്ങിക്കൊണ്ടാണു രാജൻ കൂടുതൽ അന്വേഷണത്തിനൊരുങ്ങിയതു്. അവളുടെ ജന്മനാട്ടിൽ അയാൾ ചെന്നു. അവിടെ പ്രായംചെന്ന പലരും കുമാരി മോഹിനിയെ അറിയുകയില്ല. ബീഡിതെറുപ്പുകാരൻ മാത്തന്റെ മകൾ ഒരു മറിയപ്പെണ്ണിനെ അറിയാം. അവൾ "എഡാണ്ടു" സിനിമായിൽ ചേർന്നെന്നു കേട്ടിട്ടുണ്ടു്. ഇപ്പോൾ മാത്തനും ആ നാട്ടിലില്ല. അവളുടെകൂടെയങ്ങു പോയിരിക്കുകയാണു്.

അതൊന്നുംകേട്ടു രാജൻ അടങ്ങിയിരുന്നില്ല. അയാൾ അറിയാവുന്നിടത്തോളം വിവരങ്ങൾ ശേഖരിച്ചു. മറിയപ്പെണ്ണിനു "സ്റ്റാർവാല്യൂ" പോരാഞ്ഞിട്ടാണു കുമാരി മോഹിനിയായതു്. അനുജത്തിയും പിതാവും അവളോടൊന്നിച്ചു മദ്രാസിലാണു്. അവരുടെ നില സാമ്പത്തികമായി വളരെ ഉയർന്നിട്ടുണ്ടു്. പണമെല്ലാം ബാങ്കിൽ സൂക്ഷിക്കുകയാണെന്നാണറിവു്. എല്ലാം കുമാരി മോഹിനിയുടെ പേരിലുമാണു്. ഓരോ പടത്തിനു് അയ്യായിരവും ആറായിരവുമൊക്കെയാണു കിട്ടുന്നതു്. ഇങ്ങനെയൊക്കെയാണു രാജനു സൂക്ഷ്മമായി ലഭിച്ച വിവരങ്ങൾ.

രാജൻ സ്റ്റുഡിയോയിലേക്കു നേരിട്ടെഴുതി. ആദ്യമാദ്യം വെറും ലോഹ്യക്കത്തുകൾമാത്രം. എത്രയെണ്ണത്തിനു മറുപടി കിട്ടാതെയുണ്ടെന്നറിഞ്ഞുകൂടാ. എന്നാലും പിന്നെയും പിന്നെയും എഴുതുന്നതിൽ അയാൾക്കു ലംഭാവമില്ല.

ഒടുവിൽ ചിരപ്രതീക്ഷിതമായ ആ മറുപടി കിട്ടി. കുമാരി മോഹിനിക്കു് അയാളെ വിവാഹംകഴിക്കാൻ സമ്മതമാണു്. പക്ഷെ മൂവായിരം രൂപയും ആഭരണങ്ങളും അങ്ങോട്ടുകൊടുക്കണം! ഒരു പുതിയ ഏർപ്പാടു്! സ്ത്രീധനമല്ല "പുരുഷധന"മാണു് ആ വിവാഹത്തിന്റെ സാമ്പത്തികമാനദണ്ഡം.

രാജൻ അമ്മയോടു വിവരംപറഞ്ഞു. "എന്റൊടേവനെ! ഇതെന്നാക്കൂത്താ! നാലോ അഞ്ചോ ആയിരം ഇങ്ങോട്ടുതരാൻ ആളുണ്ടല്ലോ." ആ ഏർപ്പാടു് അവക്കും അത്ര ഇഷ്ടമായിത്തോന്നിയില്ല.

"അതിനെന്നാ അമ്മേ!" രാജൻ കാര്യത്തിന്റെ ഗുണവശം വിശദമാക്കി. "അവളുടെ പേരിൽ ഒരു നല്ല തുക ബാങ്കിലുണ്ടു്. അതു വേറെങ്ങാണ്ടു പോകുമോ? പിന്നെ ഒരു പടത്തിലഭിനയിച്ചുകഴിയുമ്പോൾ രൂപാ എത്ര കിട്ടുമെന്നറിയാമോ? അടിക്കടി അവൾക്കു തുകകൂടുകയാണു്. ഇത്രയുമോ ഇതിൽക്കൂടുതലോ കൊടുത്തിട്ടു കല്യാണം കഴിക്കാൻ പലരും കെട്ടിക്കറുന്നുണ്ടു്."

ത്രേസ്യാച്ചേടത്തിക്കു് ആ "പുരുഷധന"ക്കാര്യംമാത്രം ഭംഗിയായിത്തോന്നിയില്ല. എങ്കിലും മകന്റെ നിർബന്ധവും സിനിമാക്കാരി മരുമകളെപ്പററിയുള്ള അഭിമാനബോധവും അവരെ വിധേയയാക്കി.

മത്തായിച്ചേട്ടൻ കുറെ ദിവസത്തേക്കു് ഭാര്യയോടും മകനോടും മിണ്ടാതെ നടന്നു. അതുകൊണ്ടും ഫലമൊന്നുമില്ല. എത്രയായാലും കല്യാണം കഴിക്കേണ്ടതു രാജനാണു്. അവൻ വേണ്ടെന്നുവച്ചാൽ ഏതു നല്ല ആലോചനയും ഉപേക്ഷിക്കുകയേ തരമുള്ളൂ. അങ്ങനെ മകന്റെ കല്യാണക്കാര്യം അയാളുടെ ഹൃദയത്തിൽ ഒരു വലിയ പ്രശ്നമായി.

ത്രേസ്യാച്ചേടത്തി പല ദിവസം ഭഗീരഥപ്രയത്നംചെയ്തു ഇക്കാര്യം മത്തായിച്ചേട്ടനെക്കൊണ്ടു സമ്മതിപ്പിക്കാൻ. അയാൾ വഴങ്ങിയില്ല. മകന്റെ വിവാഹം താഴ്വരയിൽനിന്നു മലമുകളിലേക്കു് ഒരു കല്ലുരുട്ടിക്കയറ്റുന്നതുപോലെയാണെന്നയാൾക്കു തോന്നി.

"അവൻ കെട്ടിഞൊന്നുകളേമെന്നൊക്കെ ആരാണ്ടോടൊക്കെപ്പറഞ്ഞതായിക്കേട്ടു." അവരുടെ അവസാനത്തെ ഗുണ്ടു്. പിന്നെ വരുംവരായ്കകൾ പലതും ത്രേസ്യാച്ചേടത്തി വിവരിച്ചു. പിറ്റേദിവസത്തേക്കു കാര്യംനേടി. "വല്ല കൊള്ളിയുമാകട്ടെ; കൊണ്ടറിയാഞ്ഞാൽ കൊണ്ടറിയും." അങ്ങനെ മത്തായിച്ചേട്ടനും സമ്മതിച്ചു.

* * *

രാജന്റെ വിവാഹം കഴിഞ്ഞിട്ടു രണ്ടുമൂന്നാഴ്ചയായി. നാട്ടിലെ ചെറുപ്പക്കാരികളൊക്കെ ആയിടെ പള്ളിയിൽപോകുന്നതിനു് ഒരു പ്രത്യേക ഉദ്ദേശംകൂടെയുണ്ടു്. ആ "പുത്തൻപെണ്ണി"നെ ഒന്നു കാണാൻ. അയൽ ഇടവകകളിൽനിന്നുപോലും യുവതികൾ ആയിടവകയിൽവന്നു. പേരെടുത്ത സിനിമാപ്പെണ്ണല്ലേ? അവളെ ഒന്നു നേരിട്ടുകാണാൻ ആർക്കാണു കൗതുകം തോന്നാത്തതു്?

ഞായറാഴ്ച പള്ളിയിൽനിന്നും ആൾ പൊയ്ക്കഴിഞ്ഞില്ല. നാലഞ്ചു ചെറുപ്പക്കാരികൾ കടപ്പാവിന്റെ ചുവട്ടിൽ വട്ടംകൂടിനിന്നു സംസാരിക്കുന്നു.

"അമ്പേ! രാജന്റെ സിനിമാപ്പെണ്ണു്. അതിന്റെ ഒരു കോലം."

"ഇതാണോ വല്യ സൗന്ദര്യറാണിയെന്നു പേരുകേട്ടതു?"

"ആ കരിമോന്തയ്ക്കൊന്നു നിറംപിടിപ്പിക്കണമെങ്കിൽ ടൺകണക്കിനു പൗഡർ വേണമല്ലോ."

"കുത്തിക്കുഴച്ചു കുമ്മായക്കരണ്ടികൊണ്ടു തേക്കണം."

"തലമുടികണ്ടോ? എലിവാലിന്റെ കാര്യം സാർ പറഞ്ഞതു വളരെ ശരിയാ."

"ഈശ്വരാ, പെണ്ണുങ്ങളും ടോപ്പുവച്ചാണോ അഭിനയിക്കുന്നതു?"

"അയ്യോടി! സിസിലി, നീയൊരുകാര്യമറിഞ്ഞോ? അതിന്റെ വായിൽ പല്ലൊന്നില്ല. മുഴുവൻ വെപ്പിച്ചതാ."

"ഓ! അതു ചുമ്മാപറകയാ."

"അല്ലെടി. ഞങ്ങടെ നാത്തുന്റെ ചേടത്തിയെ കെട്ടിച്ചിരിക്കുന്നെ അതിന്റെ വീടിനടുത്താ. ചെറുപ്പത്തിലതൊരു കോന്ത്രപ്പല്ലിയാന്നു. അതിനു മുഴുവൻ എടുപ്പിച്ചിട്ടു വച്ചതാ."

"അയ്യോ എന്നാ നേരായിരിക്കും."

"ആനി വേറൊരുകാര്യമറിഞ്ഞോ? അതിന്റെ ഇടത്തുകാലേൽ ആറു വിരലുണ്ടു്."

"ചൊവ്വേ ചെവിയും കേൾക്കേലെന്നാ തോന്നുന്നെ. നേരെ നിന്നു വല്ലോം ചോദിച്ചേലെ മറുപടി പറയുള്ളൂ." തുടന്നു ആ തരുണീസമൂഹത്തിൽ ഒരു പൊട്ടിച്ചിരിപടർന്നു. അപ്പോഴാണു് ത്രേസ്യാച്ചേടത്തി അങ്ങോട്ടടുത്തുചെന്നതു്.

"ദേണ്ടെ പോണു, സിനിമാക്കാരിയുടെ അമ്മാവിയമ്മ." സിസിലി ഒരു പരിഹാസസ്വരത്തിൽ തട്ടിവിട്ടു.

"അവക്കും വേണമെങ്കിൽ സിനിമായ്ക്കുപോകാം. തലമുടി നരച്ചുതുടങ്ങിയതേയുള്ളല്ലോ. അതു കറുപ്പിക്കാൻ മരുന്നുകാണും."—ആനി.

"അതു പററിയപണിയാ. വാർദ്ധക്യമൊന്നും തോന്നിക്കേല. കവിളുമൊക്കെ പുറമ്പോക്കിലോട്ടു തുങ്ങിത്തുടങ്ങി" കോളെജുകാരി സിസിലി തുടർന്നു.

ത്രേസ്യാച്ചേടത്തി ഒന്നും മിണ്ടാതെ നടന്നകന്നു.

"എന്തെടി തത്ത്യാപ്പെണ്ണേ," അയൽപക്കംകാരി അമ്മൂമ്മ ചോദിച്ചു. "ആ പെമ്പിള്ളേരു പറേണ കേട്ടോ. വല്ലാത്ത കൊറച്ചിലായല്ലോ. മറേറ പെങ്കൊച്ചാർന്നേൽ ആരും ഒന്നൂടെ നോകാന്നല്ലോ."

"എന്റമ്മൂമ്മേ! ഞാനിപ്പം അറിഞ്ഞോ. തിനിമായിലവടെ പടം കണ്ടാലെന്തൊരു സൗന്ദരീകമാ. രാജനവളെ മതിയെന്നും. ഇന്നീം അനുപവിക്കട്ടെ." അകലെ ചക്രവാളത്തിൽ നോക്കിക്കൊണ്ടു ത്രേസ്യാച്ചേടത്തി പറഞ്ഞു. ആ കരാളമായ നീലിമയെ മൂടിപ്പൊതിയുവാൻ നാലഞ്ചു വെള്ളിമേഘങ്ങൾ ഓടിയടുക്കുന്നുണ്ടായിരുന്നു.

——

## സാർവ്വദേശീയ കത്തോലിക്കാ സമാധാന സംരംഭം

(International Catholic Campaign for Peace)

"ക്രിസ്തുവിന്റെ സമാധാനം" ലോകത്തിൽ സ്ഥാപിക്കേണ്ടതിനു ഈ സംരംഭം ന്യൂഡൽഹിയിലെ കത്തോലിക്കാ പ്രവർത്തന സംഘം ഡൽഹി-സിംലാ മെത്രാപ്പോലീത്താതിരുമേനിയുടെ ആശീസ്സോടുകൂടി ആരംഭിച്ചിരിക്കുന്നു. ഒരു രാജ്യത്തുള്ള സ്ത്രീപുരുഷന്മാരും യുവജനങ്ങളും ഇതരരാജ്യങ്ങളിലുള്ള സ്ത്രീപുരുഷന്മാരും യുവജനങ്ങളുമായി കത്തിടപാടുകൾ നടത്തുക എന്നതാണു് ഇതിന്റെ ഒരു പ്രധാന പരിപാടി. അമേരിക്കയിലും ഇന്ത്യയിലും മേൽവിലാസങ്ങളുടെ വിനിമയത്തിനു ഓരോ കേന്ദ്രങ്ങൾ (ക്ലീയറിംഗ് ഹൗസ്) സ്ഥാപിച്ചിരിക്കുന്നു. അഭികാമ്യമായ ഈ പരിശ്രമത്തിൽ പങ്കുകൊള്ളേണ്ടതിനു തൽപരന്മാരായ കത്തോലിക്കരെ ഡൽഹിയിലെ കത്തോലിക്കാപ്രവർത്തന

ചിറക്കടവു് പഞ്ചായത്തു തിരഞ്ഞെടുപ്പിൽ

1-ാംവാർഡ് (അട്ടിക്കൽ)

കോൺഗ്രസ് സ്ഥാനാർത്ഥി

എം. എം. മാത്യുവിന്

കാളപ്പെട്ടിയിൽ വോട്ടുചെയ്യുവിൻ

സേക്രഡ്ഹാർട്ടുമൗണ്ട ഹൈസ്കൂളും ബോർഡിംഗും

കോട്ടയം മെത്രാനച്ചൻ തിരുമനസ്സിലെ മാനേജുമെന്റിൽ കോട്ടയം പട്ടണത്തോടും മീനച്ചിലാററിനോടും സമീപിച്ചു് ഏററവും മനോഹരവും സുഖപ്രദവുമായ ഒരു കുന്നിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത സ്കൂൾ മദ്ധ്യവേനൽ അവധി കഴിഞ്ഞു ജൂൺ 1-ാംനു- തുറക്കുന്നതാണു്. സ്കൂളിനോടനുബന്ധിച്ചു ബ. വൈദികരുടെ മേൽനോട്ടത്തിൽ പ്രശസ്തമായ രീതിയിൽ നടത്തപ്പെടുന്ന ബോർഡിംഗിൽ വിദ്യാർത്ഥികൾക്കു താമസിച്ചു പഠിക്കുവാനുള്ള സൗകര്യങ്ങളും ലഭിക്കുന്നതായിരിക്കും. ഈ സ്ഥാപനങ്ങളിൽ ചേർന്നു പഠിക്കണമെന്നാഗ്രഹിക്കുന്നവർ അപേക്ഷകൾ നേരത്തെ അയച്ചിരിക്കേണ്ടതാണു്.

Fr. Philip Kamacheril, റെക്ടർ

# പരേതനായ ബ. ഫാദർ മാത്തുള നെടുവേലിൽ

## ഒരു വിനീതശിഷ്യന്റെ കൃതജ്ഞതാനിർഭരമായ സ്മരണകൾ

(എൻ. എക്സ്. കയ്യൻ ബി. എ. ബി. എൽ.)

എൺപത്തിയെട്ടു സംവത്സരം ഭൂമിയിൽ ജീവിച്ച് സഭക്കും സമുദായത്തിനും ഉന്നതസേവനം അനുഷ്ഠിച്ച് ഇക്കഴിഞ്ഞ മേയ് മാസം 5-ാം ഇഹലോകവാസം വെടിഞ്ഞ ഈ വന്ദ്യവയോധിക വൈദികന്റെ ഭൗതികാവശിഷ്ടങ്ങളെ പിറ്റേദിവസം കാവാലത്തു പള്ളിയിൽ യഥാവിധി സംസ്കരിക്കയുണ്ടായി. ബ. ഫാദർ തോമസ് പുരയ്ക്കൽ എസ്. ജെ. മുതലായ ഒട്ടനേകം നാട്ടുകാരും വിദേശികളുമായ പുരോഹിതന്മാരുടെയും, എക്സ് മന്ത്രി ശ്രീ കെ. എം. കോര, ബോംബെ ജി. ഐ. പി. റെയിൽവെ ട്രാഫിക്ക് മാനേജർ, പി. സി. മാത്യു എഫ്. സി എസ്. മുതലായ സമുദായപ്രമാണികളുടേയും ബന്ധുമിത്രങ്ങളായ മററനേകം ജനങ്ങളുടേയും സാന്നിദ്ധ്യം ഈ സന്ദർഭത്തിൽ ഉണ്ടായിരുന്നു.

സാധാരണഗതിയിൽ ലോകത്തിൽ മിനിട്ടിൽ നൂറുപേർ വീതമെങ്കിലും ചരമഗതി പ്രാപിക്കുന്നുണ്ടെന്നു പറയപ്പെടുന്നു. അങ്ങനെയിരിക്കെ, ആർഭാടങ്ങൾകൊണ്ട് അറിയപ്പെടാത്ത ഒരു വയോധികവൈദികന്റെ വിയോഗത്തെപ്പററി പ്രസ്താവിക്കാൻ എന്തു പ്രത്യേകതയാണുള്ളത്. തന്റെ ജീവിതകാലത്തു പ്രശംസയ്ക്കു പരാങ്മുഖനായിരുന്ന ഈ പുരോഹിതന്റെ ഉൽകൃഷ്ടങ്ങളും നിഗൂഢങ്ങളുമായ നേട്ടങ്ങളെപ്പററി കേൾക്കുന്നതു കാലദേശോചിതമായ സേവനത്തിനു കഴിവുള്ളവർക്ക് അങ്ങനെ പ്രവത്തിക്കാൻ പ്രചോദനകരമായിരിക്കും; എന്നു മാത്രമല്ല, അദ്ദേഹത്തിൽനിന്നും അവാച്യമായ അനുഗ്രഹങ്ങൾ ലഭിച്ച അസ്മാദൃശന്മാർക്കു കൃതജ്ഞതാപ്രകടനത്തിന് അല്പമായിട്ടെങ്കിലുമുള്ള ഒരു മാർഗ്ഗവും, ഇങ്ങനെയുള്ള പ്രകടനം അർഹിക്കുന്ന സന്ദർഭങ്ങളിൽ മററുള്ളവരും പ്രയോഗിക്കാനുള്ള കത്തവ്യത്തിന്റെ സനാതനമായ ആഹ്വാനത്തിന്റെ ധ്വനിയുമായിരിക്കും.

ഇദ്ദേഹം മതസംബന്ധമായും സാമുദായികമായും പല സേവനങ്ങളും അനുഷ്ഠിച്ചിട്ടുണ്ട്. മതപരമായ സേവനത്തെപ്പററി പ്രസ്താവിക്കാൻ ഈ ചെറിയ ലേഖനത്തിന്റെ പരിധി പോരാതെപോകുന്നു. സമുദായോന്നതിക്കായി ഇദ്ദേഹം ചെയ്തിട്ടുള്ള സേവനത്തിന്റെ ഫലം അനുഭോക്താവിന്റെ നിലയിൽനിന്നുകൊണ്ട് അല്പമൊന്നു പ്രസ്താവിക്കണമെന്നുള്ളതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശങ്ങളിൽ ഒന്ന്.

കത്തോലിക്കാസുറിയാനിക്കാരെ സംബന്ധിച്ചെടത്തോളം വിദ്യാഭ്യാസവിഷയത്തിൽ അത്യുന്നതമായ ഒരു സ്ഥാനം പൂളികുന്നു കരസ്ഥമാക്കിയിട്ടുണ്ടെന്നു പലരും പറയാറുണ്ട്. ഈ സ്ഥാനം പൂളികുന്നിനും പരിസരപ്രദേശങ്ങൾക്കും ലഭിക്കാനുള്ള അസ്തിവാരം ഇട്ടതു ബ. മാത്തുളച്ചന്റെ ദീർഘദൃഷ്ടിയുടെ ഫലമാണെന്നുള്ളതു നിർവ്വിവാദമാണ്. അനുവാചകരുടെ ചിന്തയെ കൊല്ലവർഷം 1072 ലേക്ക് ഒന്ന് ആനയിച്ചുകൊള്ളട്ടെ. അന്നു നമ്മുടെ സമുദായത്തിൽ ഇംഗ്ലീഷിൽ ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ചവർ വളരെ ചുരുക്കമായിരുന്നു. കുട്ടനാട്ടിലെ കാര്യം പറഞ്ഞാൽ, ശ്രീ ഐ. സി. ചാക്കോ മാത്രമേ ഉൽകൃഷ്ടബിരുദധാരിയായി ഉണ്ടായിരുന്നുള്ളു. ബ. മാത്തുളച്ചന്റെ ഒരു മാതുലനായ പെ. ബഹുമാനപ്പെട്ട മാർ ലൂയിസ് മെത്രാനച്ചന്റെ പരിശ്രമഫലമായി, പൂളികുന്നിൽ കുറച്ചുനാളത്തേക്ക് ഉണ്ടായിരുന്ന, ഒരു ഇംഗ്ലീഷ് സ്കൂളിന്റെ ഫലമായിട്ടാണ് ശ്രീമാൻ ചാക്കോയും ശ്രീ പി. ററി. തോമസും ഇംഗ്ലീഷ് പഠിക്കാൻ ഇടയായിട്ടുള്ളത്. ശ്രീ തോമസ് പില്ക്കാലത്തു സമത്ഥനായ ഒരു വക്കീലായി ഭവിച്ചു. അത്മായക്കാരിൽ ഇവരെ ഉപരിപഠനത്തിനയച്ചുംവച്ച് പൂളികുന്നിലെ അക്കാലത്തെ ഇംഗ്ലീഷ് സ്കൂൾ കഥാവശേഷമായി. എങ്കിലും കുറേവർഷങ്ങൾ കഴിഞ്ഞെങ്കിലും ഈ പ്രസ്ഥാനത്തെ പുനർജ്ജീവിപ്പിക്കാൻ മാർ ലൂയിസിന്റെ ഈ അനന്തിരവനു പ്രചോദനം നൽകി. ആ പ്രചോദനത്തിനു പ്രേരണനൽകിയതു ശ്രീമാൻ ഐ. സി. യെപ്പോലെയുള്ള പണ്ഡിതവരേണ്യന്മാരെ സൃഷ്ടിക്കാൻ കഴിവുള്ള മണ്ണു കുട്ടനാട്ടിൽ സ്ഥിതിചെയ്യുന്നുണ്ടെന്നു ദീർഘദൃഷ്ടിയുള്ളവർക്കു കണ്ടുപിടിക്കാൻ സാധിക്കുമെന്നുള്ളതായിരുന്നു. എന്നാൽ അന്നത്തെ—കുട്ടനാട്ടിലെ എങ്കിലും—പഴേക്കൂററുകാർ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രയോജനത്തെപ്പററി പ്രത്യാശയില്ലാത്തവരായിരുന്നു. പ്രോട്ടസ്റ്റൻറുകാരുടെ ഭാഷയായ ഇംഗ്ലീഷ് പഠിക്കുന്നതു സ്വമതവിശ്വാസത്തിനു ഹാനികരമായിരിക്കുമെന്നും, കത്തോലിക്കർക്ക് ഉപരിവിദ്യാഭ്യാസം ലഭിച്ചാലും നല്ല ഗവർമ്മെൻറുദ്യോഗം ലഭിക്കാൻ മാർഗ്ഗമില്ലെന്നും ധനസമ്പാദനത്തിനു, കലപ്പകാണാത്ത കൃഷിഭൂമികൾ കുട്ടനാട്ടിൽ സുലഭങ്ങളായിരുന്നതിനാൽ, ഭാവി പൗരരാകേണ്ട കുട്ടികൾക്കു കൃഷിയിൽ അഭിരുചിയുണ്ടാകത്തക്ക പരിശീലനം നൽകുകയാണു വേണ്ടതെന്നുമുള്ള അഭിപ്രായമായിരുന്നു അന്നുള്ളവർക്കുണ്ടായിരുന്നത്. സാധാരണക്കാരുടെ മാത്രമല്ല സമ്പന്നന്മാരുടേയും ഈ ചിത്തവൃത്തിയോടിടപെട്ടു പരിവത്തനം ഉണ്ടാക്കാൻ ബ. മാത്തുളച്ചനെപ്പോലെ മനക്കരുത്തും സ്വാധീനശക്തിയുമുള്ള ഒരു വ്യക്തിക്കുമാത്രമേ അക്കാലത്തു സാധിക്കുമായിരുന്നുള്ളു. പ്രതിരോധങ്ങളെ അവഗണിച്ചു പൂളികുന്നിലും പരിസരങ്ങളിലുമുള്ള കുട്ടികളെ ഉദ്ദേശിച്ച് ഒരു ഇംഗ്ലീഷ് പള്ളിക്കൂടം കണ്ണാടിൽ എന്ന സ്ഥലത്ത് അദ്ദേഹം കൊല്ലവർഷം 1073(?)ൽ ആരംഭിച്ചു. അതിലെ അദ്ധ്യാപകനായി മുൻപ്രസ്താവിച്ച ശ്രീ പി. ററി. തോമസ് അവർകളെ ഏല്പ്പെട്ടത്തിയതുകൂടാതെ പലപ്പോഴും ബ. അച്ചൻകൂടെവന്നു പണ്ഡിതോചിതമായി പഠിപ്പിക്കയും ചെയ്തിരുന്നു. രണ്ടുവർഷക്കാലമേ ഈ സ്കൂൾ അവിടെ നിലനിന്നുള്ളു. ഇതിന്റെശേഷം അതിലെ വിദ്യാത്ഥികളിൽ ചിലരെ, മാന്നാനം, ഇടത്വാ മുതലായ സ്ഥലങ്ങളിലെ ഹൈസ്കൂളുകളിലേക്ക് അദ്ദേഹത്തിന്റെ ഉത്സാഹത്താൽ ഉപരിവിദ്യാഭ്യാസത്തിനായി അയക്കയുംചെയ്തു. ഈ സ്കൂൾ ഇങ്ങനെ നിന്നുപോയെങ്കിലും അതിലെ ബാക്കി കുട്ടികളെക്കൂടി ഉൾപ്പെടുത്തി പൂളികുന്നിൽ കർമ്മലീത്താ സന്യാസിമാരുടെ ശ്രമത്താൽ ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. അതാണ് ഇപ്പോൾ പ്രശസ്തനിലയിൽ നടന്നുവരുന്ന പൂളികുന്നു സെൻറ് ജോസഫ്സ് ഹൈസ്കൂളിന്റെ അസ്തിവാരം. സുറിയാനികത്തോലിക്കാസമുദായത്തിൽനിന്നും ആദ്യമായി നാലു ഏകോദരസഹോദരന്മാർ ബി. എ. പാസ്സായതു (N. X. Brothers) കണ്ണാടിലെ സ്കൂൾസംരംഭത്തിന്റെ ഫലമായിട്ടാണ്. കർമ്മപടുവായ പ്രിൻസിപ്പാൾ ബ. മാത്യു പുരയ്ക്കൽ എം. എ. വിദ്യാഭ്യാസപ്രവത്തകനും മാതൃകാപുണ്യചരിതനും ശിക്ഷണാവിചക്ഷണനുമായ ബ. ഫാദർ കോശിമമ്പലം ബി. എ. എൽ. ടി, ഡോക്ടർ വി. ടി. നൈനാൻ, അഡ്വൊക്കേററ് സി. സി. ഈപ്പൻ മുതലായവരും കണ്ണാടിലെ സ്കൂളിന്റെ ആദ്യസന്താനങ്ങളിൽപ്പെട്ടവരാണ്. ഇക്കാലത്തു പൂളികുന്നിലും

> "മററുള്ളവർക്കു സ്വാതന്ത്ര്യമനുവദിക്കാത്തവർ സ്വയമതു് അർഹിക്കാത്തവരാണ്. നീതിമാനായ ഒരു ദൈവത്തിന്റെ കീഴ് ദീർഘനാൾ അവരതു് അനുഭവിക്കുകയുമില്ല."
>
> ഏബ്രഹാം ലിങ്കൺ.

പരിസരങ്ങളിലും പുരുഷന്മാർ മാത്രമല്ല, സ്ത്രീകളും ധാരാളംപേർ ഉന്നതഡിഗ്രികൾ, നാട്ടിൽനിന്നും ഇംഗ്ലണ്ട്, അമേരിക്കാ മുതലായ രാജ്യങ്ങളിൽനിന്നും സമ്പാദിച്ചവരായിട്ടുണ്ട്. ഇതിനു പ്രോത്സാഹനം നൽകാൻ പ്രാരംഭമായി, കാരണക്കാരനായതു പരേതനായ ബ. പുരോഹിതനായിരുന്നുവെന്നുള്ളതിൽ യാതൊരു സംശയവും ഇല്ല.

ബ. മാത്തുളച്ചൻ മലയാളത്തിലും, സംസ്കൃതത്തിലും, ഇംഗ്ലീഷ്, സുറിയാനി, ലത്തീൻ ഈ ഭാഷകളിലും നല്ല പണ്ഡിതനായിരുന്നു. പ്രവത്തിക്കുന്നതിനെന്നപോലെതന്നെ പ്രൗഢമായും പണ്ഡിതോചിതമായും പ്രസംഗിക്കുന്നതിനും അദ്ദേഹത്തിനു പ്രാഗത്ഭ്യമുണ്ടായിരുന്നു. പിതൃവഴിക്കും മാതൃവഴിക്കും അദ്ദേഹത്തിനു സമ്പത്തു ലഭിച്ചിരുന്നു. അവയും, പരസേവനത്തിനും ജീവകാരുണ്യപരമായ പ്രവൃത്തികൾക്കുമായി അവസാനത്തെ കാശുവരെ വിനിയോഗിച്ചുകൊണ്ടു ലോകദൃഷ്ടിക്കു ദരിദ്രനായി, എന്നാൽ ആദ്ധ്യാത്മികത്തിൽ മഹാ സമ്പന്നനായി ഈ മഹിതാശയൻ മഹീവാസം വെടിഞ്ഞു. പ്രശാന്തമായ അദ്ദേഹത്തിന്റെ ജീവിതാന്ത്യരംഗങ്ങളും നിര്യാണവും ദർശിച്ചവർക്കു തോന്നിയിരിക്കണം "മരണമേ, നിന്റെ ഭീകരത്വം എവിടെ?" എന്ന്. പരിപക്വമായ ഫലം പൊഴിഞ്ഞുവീഴുന്നതുപോലെ ഈ പാവനചരിതൻ ഇഹലോകവാസം വെടിഞ്ഞു. പരമകാരുണികനായ ദൈവം അദ്ദേഹത്തിനു പ്രശാന്തി നൽകട്ടെ!

——

സംഘം (ഇന്ത്യയിലെ കേന്ദ്രം) പ്രസിഡണ്ട് ശ്രീ ബി എസ് ഗിലാനി അവർകൾ ക്ഷണിച്ചിരിക്കുന്നു.

പ്രവേശനഫീസ് 2 ക.

അപേക്ഷിക്കേണ്ടും മേൽവിലാസം:-

The President,
Catholic Action
Association,
C/o Cathedral House,
Alexandra Place,
New Delhi.


## രണ്ടുപേരെ ആവശ്യമുണ്ട്

ഞങ്ങളുടെ മഠംവക പ്രൈമറിസ്കൂളിലേക്ക് ട്രെയിനിങ്ങു പാസായ രണ്ടു പേരെ അടുത്ത സ്കൂൾവർഷാരംഭംമുതൽ ആവശ്യമുണ്ട്. ഈ മഠത്തിൽ ചേരുന്നതിനു മനസ്സുള്ള കത്തോലിക്കാ യുവതികൾക്കു മുൻഗണനയും ചില ആനുകൂല്യങ്ങളും നൽകപ്പെടുന്നതാണ്. അപേക്ഷകർ ഉടനെ നേരിട്ടു കാണുക.

റവ. മദർ മേരി സേവ്യർ, തിരുഹൃദയമഠം,
തമ്പലക്കാട്, P. O. കാഞ്ഞിരപ്പള്ളി, T. C. State


# അവരെന്നെ കമ്മ്യൂണിസ്റ്റല്ലാതാക്കി

(പി. കേശവദേവ്)

[ശ്രീ പി. കേശവദേവിന്റെ "ആക്കുവേണ്ടി" എന്ന ചെറുനോവലിന്റെ രണ്ടാം പതിപ്പിനു മുഖവുരയായി അദ്ദേഹം എഴുതിയിട്ടുള്ളതും ഒരു ലഘുലേഖയായി പ്രസിദ്ധം ചെയ്തിട്ടുള്ളതുമായ ഈ ലേഖനം ശ്രീ കെ. അയ്യപ്പന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധം ചെയ്യുന്ന "സഹോദര"നിൽ ഉദ്ധരിച്ചിരുന്നതിൽനിന്നാണ് ഇവിടെ പകർത്തുന്നതു്.]

ആക്കുവേണ്ടി?—മൂകമായ ആ ചോദ്യം ആവത്തിച്ചുകൊണ്ട്, അസ്വസ്ഥമായ അനവധി ദിനരാത്രങ്ങളെ ഞാൻ തള്ളിവിട്ടിട്ടുണ്ട്. കരിമ്പാറയെക്കാൾ കഠിനമായ നിയമങ്ങളുടേയും ആചാരങ്ങളുടേയും നേരെ, മിക്കവാറും ഏകാകിയായി നിന്നുകൊണ്ടുതന്നെ, സമരകാഹളം മുഴക്കുവാൻ എനിക്കു കരുത്തുതന്ന ആദർശമേതോ, ആ ആദർശത്തിന്റെ നേരെ നോക്കി ഹൃദയവേദനയോടുകൂടി, ഗദ്ഗദത്തോടുകൂടി, ആയിരമായിരം പ്രാവശ്യം ഞാൻ ചോദിച്ചിട്ടുണ്ട്—ആക്കുവേണ്ടി? എന്ന്. മാർക്സിസത്തിന്റെയും വിപ്ലവത്തിന്റെയും കുത്തകക്കാരായും, അദ്ധ്വാനിക്കുന്നവർഗ്ഗത്തിന്റെ രക്ഷകരായും അഭിനയിക്കുന്നവരുടെ കാപട്യങ്ങളും ക്രൂരതകളും കണ്ടുകണ്ടു വീർപ്പുമുട്ടി ശൂന്യമായ അന്തരീക്ഷത്തിലേക്കു ഞാൻ വിളിച്ചുചോദിച്ചിട്ടുണ്ട്—ആക്കുവേണ്ടി? എന്ന്.

"ലോകതൊഴിലാളികളേ, സംഘടിക്കുവിൻ! നിങ്ങൾക്കു നഷ്ടപ്പെടുവാനൊന്നുമില്ല, നിങ്ങളെ ബന്ധിച്ചിരിക്കുന്ന ശൃംഖലയല്ലാതെ. നിങ്ങൾക്കു നേടുവാനുള്ളതൊ, ലോകം മുഴുവൻ" എന്ന മഹത്തായ സന്ദേശത്തെ—എന്റെ ജീവിതത്തിനു ആദ്യമായി ഒരു അത്ഥവും ലക്ഷ്യവും ഉണ്ടാക്കിത്തന്ന ആ സന്ദേശത്തെ—ഉരുവിട്ടുകൊണ്ടുതന്നെ ഞാൻ ചോദിക്കുകയായിരുന്നു—ആക്കുവേണ്ടി എന്ന്.

ഞാനും എന്നെപ്പോലെ ലക്ഷങ്ങളും കണ്ടുകൊണ്ടിരുന്ന മനോഹരമായ സ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ട രാജ്യത്തിലേക്കു—സോഷ്യലിസത്തിന്റെ പിതൃഭൂമിയിലേക്ക്—ആശയോടും ആവേശത്തോടുംകൂടി ഉററുനോക്കിക്കൊണ്ടിരുന്ന ഞാൻ എന്നോടുതന്നെ ചോദിക്കുവാൻ നിർബന്ധിതനായി—ആക്കുവേണ്ടി? എന്ന്.

വിപ്ലവകാരി നവോഢയല്ലെന്നും, വിപ്ലവം പ്രണയസല്ലാപമല്ലെന്നും എനിക്കറിയാമായിരുന്നു. പ്രസവിക്കുന്ന അമ്മ ശിശുവിനെ മാത്രമല്ലാ, അതോടുകൂടി കുറെ രക്തവും അഴുക്കും പുറത്തേക്കു തള്ളിവിടുമെന്നും ഞാൻ അറിഞ്ഞിരുന്നു. പ്രസവിക്കുന്ന തള്ളയും പിള്ളയും വേദനകൊണ്ട് കരയുമെന്നും ഞാൻ അറിഞ്ഞിരുന്നുതന്നെ. പക്ഷെ, പ്രസവം കഴിഞ്ഞിട്ടും, തള്ള തുടർച്ചയായി രക്തം സ്രവിച്ചുകൊണ്ടിരിക്കുന്നുവെങ്കിലോ? പിള്ള കരച്ചിൽ നിറുത്താതിരിക്കുന്നുവെങ്കിലോ? പ്രസവത്തിൽ കാര്യമായ എന്തോ തകരാറു സംഭവിച്ചിട്ടില്ലേ? തള്ളയുടേയും പിള്ളയുടേയും ആരോഗ്യത്തിനു ഹാനിസംഭവിച്ചിട്ടില്ലേ? ഇതറിയുവാൻ ശാസ്ത്രീയപരിജ്ഞാനമൊന്നും വേണ്ടാ; സാമാന്യബുദ്ധി ഉണ്ടായാൽ മാത്രം മതി.

റഷ്യൻ വിപ്ലവം വേദനാജനകമായ ഒരു പ്രസവമായിരുന്നു. സാർ ചക്രവത്തിമാരുടെ റഷ്യൻ സാമ്രാജ്യം ഒരു വിപ്ലവത്തിലൂടെ അദ്ധ്വാനിക്കുന്നവരുടെതായ ഒരു രാഷ്ട്രത്തെ പ്രസവിച്ചു. അതോടുകൂടി കുറെ രക്തവും, കുറേയേറെ അഴുക്കും പുറത്തേക്കു പോയി. പക്ഷെ, ലോകതൊഴിലാളിവർഗ്ഗത്തിന്റെ ആ ആശാകേന്ദ്രത്തിൽനിന്ന്—ആ സോഷ്യലിസ്റ്റ് പിതൃരാജ്യത്തിൽനിന്നു—പിന്നെയും തുടർച്ചയായി രക്തം പ്രവഹിച്ചുകൊണ്ടിരുന്നു. സാമ്രാജ്യവാദികളുടേയും ധനികവർഗ്ഗത്തിന്റെയും ദുഷിച്ച രക്തമല്ലാ. വിപ്ലവകാരികളുടെ ശുദ്ധമായ ചുടുരക്തമായിരുന്നു പിന്നെയും അവിടെനിന്നു പ്രവഹിച്ചുകൊണ്ടിരുന്നതു്. അവിടെനിന്നു പിന്നെയും അമർത്തപ്പെട്ട രോദനങ്ങൾ കേട്ടുകൊണ്ടിരുന്നു—വിങ്ങലുകളും ഞരക്കങ്ങളും.

മനുഷ്യത്വം ഉയരുക, മാനുഷികമൂല്യങ്ങൾക്കു വില വർദ്ധിക്കുക—അതാണ്, ഏതൊരു വിപ്ലവത്തിൽനിന്നും നാം പ്രതീക്ഷിക്കുന്നതു്. മനുഷ്യത്വത്തെ ഉയർത്തുവാനും, മാനുഷികമൂല്യങ്ങൾക്കു വില വർദ്ധിക്കുവാനും ഉതകാത്ത വിപ്ലവങ്ങളൊന്നും വിപ്ലവങ്ങളല്ല; അവയെല്ലാം അധികാരപ്പിടിച്ചുപറികൾ മാത്രമാവുകയേയുള്ളു. ഈ മാനദണ്ഡംകൊണ്ട് "സോഷ്യലിസ്റ്റ് പിതൃരാജ്യ"ത്തിലെ ഭരണത്തെ ഞാൻ അളന്നുനോക്കിയപ്പോൾ, എന്റെ ആശയിൽ കരിനിഴൽവീശി; എന്റെ വിശ്വാസത്തിനു പതറൽ ഉണ്ടായി.


റഷ്യൻ വിപ്ലവത്തെപ്പററി ഞാൻ ആദ്യമായി വായിച്ച ഗ്രന്ഥം, വിപ്ലവത്തിന്റെ ദൃക്സാക്ഷിയും അമേരിക്കൻ പത്രപ്രവത്തകനുമായ ജോൺ റീഡിന്റെ "ലോകം കുലുക്കിയ പത്തു ദിവസങ്ങൾ" എന്ന ഗ്രന്ഥമായിരുന്നു. പ്രസ്തുത ഗ്രന്ഥം വിപ്ലവനേതാവായ ലെനിന്റെ അവതാരികയോടുകൂടി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. റഷ്യൻവിപ്ലവത്തെപ്പററി അത്ര നിഷ്പക്ഷതയോടുകൂടി, അത്ര സത്യസന്ധതയോടുകൂടി, എഴുതപ്പെട്ടിട്ടുള്ള മറെറാരു ഗ്രന്ഥം ഇതുവരെ ഉണ്ടായിട്ടില്ല. (?) അക്കാലത്തു കമ്മ്യൂണിസ്റ്റുകാരും, കമ്മ്യൂണിസ്റ്റ് അനുഭാവികളും, ലോകത്തിന്റെ

നാനാഭാഗങ്ങളിലും "ജോൺ റീഡ് ക്ലബ്ബു"കൾ രൂപീകരിച്ചിരുന്നു. അത്രയേറെ പ്രാധാന്യമുള്ള ആ ചരിത്രഗ്രന്ഥത്തിൽ, ലെനിന്റെ വലംകൈയായും വിപ്ലവത്തിന്റെ സംഘാടകനായും ചിത്രീകരിച്ചിരിക്കുന്നതു ട്രാട്സ്കിയെ ആണ്. അങ്ങനെയുള്ള ട്രാട്സ്കിയെ റഷ്യയിൽനിന്നു നാടുകടത്തി എന്ന വാർത്ത സോഷ്യലിസ്റ്റ് പിതൃരാജ്യത്തിലുള്ള എന്റെ വിശ്വാസത്തിൽ കരിനിഴൽ വീശിച്ചു.

ട്രാട്സ്കി ജനവഞ്ചകനും വർഗ്ഗശത്രുവും പ്രതിവിപ്ലവകാരിയും മററുമാണെന്നുള്ള ആരോപണങ്ങളെ, അവയുടെ മുഖവിലയിൽ സ്വീകരിക്കുവാൻ എനിക്കു കഴിഞ്ഞില്ല. ലോകതൊഴിലാളിവർഗ്ഗത്തിന്റെ മോചനത്തിനും, സ്വന്തം രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുംവേണ്ടി അഗ്നിമദ്ധ്യത്തിലൂടെ ബഹുദൂരം യാത്രചെയ്ത സുപരീക്ഷിതനായ ഒരു വിപ്ലവനേതാവ്, വിപ്ലവാനന്തരം പെട്ടെന്നൊരുദിവസം പ്രതിവിപ്ലവകാരിയും വർഗ്ഗവഞ്ചകനുമായി എന്നു വിശ്വസിക്കുക പ്രയാസമായിത്തോന്നി. എങ്കിലും, സോഷ്യലിസ്റ്റ് പിതൃരാജ്യത്തിലുള്ള എന്റെ വിശ്വാസം തകർന്നുപോകാതെ ഞാൻ സൂക്ഷിച്ചുകൊണ്ടിരുന്നു.

വീണ്ടും, ലോകതൊഴിലാളിവർഗ്ഗത്തിന്റെ ആശാകേന്ദ്രത്തിൽ വൻതോതിലുള്ള "ശുദ്ധീകരണ"ങ്ങൾ ആരംഭിച്ചു. വർഗ്ഗവഞ്ചന, മുതലാളിത്തമനോഭാവം, പ്രതിവിപ്ലവകാരിത്വം മുതലായ കുററങ്ങളാരോപിച്ച് വിഖ്യാതരായ വിപ്ലവകാരികളെ അറസ്റ്റ് ചെയ്ത് നരകത്തേയും നാണിപ്പിക്കുന്ന ജയിലറകളിൽ വയ്ക്കുക, പ്രാകൃതമനുഷ്യനേയും അമ്പരപ്പിക്കുന്ന മർദ്ദനമുറകൾകൊണ്ട് കുററസമ്മതപത്രത്തിൽ ഒപ്പുവയ്പിക്കുക, "ജനകീയകോടതി"കളിൽ വിസ്തരിക്കുന്ന ഭാവം കാണിച്ച് കൊല്ലുക—അതാണ് സോഷ്യലിസ്റ്റ് പിതൃരാജ്യത്തിൽ നടന്നതും, നടന്നുകൊണ്ടിരിക്കുന്നതുമായ "ശുദ്ധീകരണം." അങ്ങനെ, വിപ്ലവത്തിന്റെ മുന്നണിയിൽ നിന്നിരുന്ന ബുക്കാറിൻ, സിനോവീവ്, കമനേവ് തുടങ്ങിയ ഒട്ടനവധി ആളുകളുടെ മേൽ "ശുദ്ധീകരണ"നടപടികൾ എടുക്കപ്പെട്ടു. എല്ലാവരും കുററസമ്മതപത്രത്തിൽ ഒപ്പുവച്ചുകൊടുത്തു; എല്ലാവരേയും കൊല്ലുകയും ചെയ്തു. ആണ്ടുതോറും നടന്നുകൊണ്ടിരുന്ന ഈ "ശുദ്ധീകരണ"പ്രസ്ഥാനത്തെപ്പററിയുള്ള വാർത്തകൾ പത്രങ്ങളിൽ വായിച്ചുകൊണ്ടിരുന്ന എനിക്ക് പല പല സംശയങ്ങളുമുണ്ടായി. മനുഷ്യൻ, അവന്റെ സാമൂഹ്യപരിസരങ്ങളുടെ കൊള്ളരുതായ്മകൊണ്ടാണ് തിന്മകൾ ചെയ്യുന്നതെന്നും, പരിസരങ്ങളെ മാററിയാൽ അവൻ നല്ലവനായിക്കൊള്ളുമെന്നും ഉള്ള മാർക്സിസ്റ്റ് സിദ്ധാന്തത്തെ അടിസ്ഥാനപ്പെടുത്തി ഞാൻ എന്നോടുതന്നെ ചോദിക്കുവാൻ തുടങ്ങി, വിപ്ലവംമൂലം സാമൂഹ്യ—സാമ്പത്തിക—രാഷ്ട്രീയഘടനകളിൽ സമൂലമായ മാററം വരുത്തിയ സോവ്യററ്യൂണിയനിൽ മനുഷ്യൻ നന്നാവാത്തതെന്തുകൊണ്ട്? അവിടെ എന്തുകൊണ്ടാണിത്രയേറെ വർഗ്ഗവഞ്ചകന്മാരും ഒററുകാരും മററും ഉണ്ടായിക്കൊണ്ടിരിക്കുന്നതു്? അന്നു സോവ്യററ് പക്ഷവാദികൾ പറഞ്ഞിരുന്നു, സോഷ്യലിസ്റ്റ് വ്യവസ്ഥിതി കെട്ടിപ്പടുക്കുന്ന ആദ്യഘട്ടങ്ങളിൽ ഇങ്ങനെയെല്ലാം സംഭവിക്കുമെന്ന്. സംശയാലുവായ ഞാനും, മനസ്സമാധാനത്തിനുവേണ്ടി ആ വാദത്തെ ഏററുപറഞ്ഞുകൊണ്ടിരുന്നു. പക്ഷെ, ആദ്യഘട്ടങ്ങളും മററു പല ഘട്ടങ്ങളും തരണംചെയ്തതിനുശേഷവും, ഈ "ശുദ്ധീകരണ"പ്രസ്ഥാനത്തിന്റെ ശക്തി വർദ്ധിച്ചുവന്നതേയുള്ളൂ. പ്രാകൃതവും നവീനവുമായ എല്ലാ ക്രൂരതകളും വിദഗ്ദ്ധമാംവിധം അവിടെ പ്രയോഗിക്കപ്പെട്ടുകൊണ്ടിരുന്നു. സോവ്യററുജനത പരസ്പരം സംശയിച്ചും, പരസ്പരം ചാരവൃത്തി നടത്തിയും കഴിയുന്ന ഒരു ജനതയായിത്തീർന്നു. കാൽശതാബ്ദക്കാലം മുഴുവൻ സോഷ്യലിസ്റ്റ് വ്യവസ്ഥിതി കെട്ടിപ്പടുത്തതിനുശേഷവും, യുദ്ധകാലമായപ്പോൾ ഹിററ്ലറിനുവേണ്ടി ചാരവൃത്തി നടത്താനും ഒററിക്കൊടുക്കാനും സോവ്യററു യൂണിയനിൽ നൂറുകണക്കിനു ആളുകളുണ്ടായി എന്നതു എന്തിനെയാണ് കാണിക്കുന്നതു്? തൊഴിലാളിവർഗ്ഗാധിപത്യം സ്ഥാപിച്ചു എന്നഭിമാനിക്കുന്ന സോവ്യററ്യൂണിയനെ ഫാസിസ്റ്റ് രാക്ഷസൻ വിഴുങ്ങുവാൻ തുടങ്ങിയപ്പോൾ ആത്മരക്ഷയ്ക്കായി തൊഴിലാളിവർഗ്ഗത്തിന്റെ പേരിലല്ലാ, റഷ്യൻ ദേശീയതയുടെ പേരിലാണ്, സാർ ചക്രവർത്തിമാരുടെ വീരരായ പടനായകന്മാരുടെ പേരിലാണ്, പീററർ ദി ഗ്രേററിന്റേയും ഇവാൻ ദി ടെറിബിളിന്റേയും പേരിലാണ്, ആ സോഷ്യലിസ്റ്റ്രാജ്യം സമരകാഹളം മുഴക്കിയതു്. ഇതെല്ലാം വെളിപ്പെടുത്തുന്നതെന്താണ്? ഒന്നുകിൽ മാർക്സിസം തെററാണ്. അല്ലെങ്കിൽ, സോവ്യററ് യൂണിയനിൽ സാമൂഹ്യവിപ്ലവമുണ്ടായില്ല; തൊഴിലാളിവർഗ്ഗാധിപത്യം സ്ഥാപിതമായിട്ടുമില്ല. പക്ഷഭേദമില്ലാതെ, യുക്തിപൂർവ്വമായി ചിന്തിക്കുന്നവർക്കു മറെറാരു തീരുമാനത്തിൽ എത്തിച്ചേരുവാൻ സാദ്ധ്യമല്ല. സോവിയററു യൂണിയന്റെ പ്രചാരകനായിരുന്ന എനിക്കു യുക്തിപൂർവ്വമായ ഈ തീരുമാനത്തിലെത്തുന്നതു ഹിതകരമായിരുന്നില്ല. അതുകൊണ്ട്, സോവിയററു യൂണിയനെപ്പററി കൂടുതൽ വിവരങ്ങൾ ശേഖരിക്കുവാൻവേണ്ടി ഞാൻ ആർത്തിയോടുകൂടി അന്വേഷണം തുടങ്ങി. എന്റെ സാഹിത്യകൃതികളിൽനിന്നു കിട്ടിക്കൊണ്ടിരുന്ന പ്രതിഫലത്തിന്റെ ഗണ്യമായ ഭാഗം പുസ്തകങ്ങൾക്കും മററു പ്രസിദ്ധീകരണങ്ങൾക്കും വേണ്ടി ചിലവാക്കിക്കൊണ്ടിരുന്നു. അനുകൂലമായും പ്രതികൂലമായും ഒട്ടേറെ വസ്തുതകൾ ഞാൻ ഗ്രഹിച്ചു. ഇരുഭാഗങ്ങളിലുമുള്ള വെറും മിഷനറിപ്രചരണങ്ങളല്ല, പണ്ഡിതന്മാരും ചിന്തകന്മാരുമായ ആളുകൾ അന്വേഷണം നടത്തിയതിനുശേഷം എഴുതിയിട്ടുള്ള നീതീകരണങ്ങളും നിഷേധങ്ങളുമാണ് ഞാൻ വായിച്ചതു്. റഷ്യൻഭരണത്തിനു അനുകൂലമായി പറയുന്നവരെല്ലാം സത്യസന്ധന്മാരും നല്ലവരുമാണെന്നും, പ്രതികൂലം പറയുന്നവർ മുതലാളി ഏജൻറന്മാരും കള്ളന്മാരുമാണെന്നും ഉള്ള മുൻവിധിയോടുകൂടിയല്ല ഞാൻ കൂടുതലായി അന്വേഷിക്കുവാൻ തുടങ്ങിയതു്. ഒടുവിൽ, അനുകൂലികൾ നീതീകരണങ്ങളോടുകൂടിയും, പ്രതികൂലികൾ നീതീകരണങ്ങളില്ലാതെയും സമ്മതിക്കുന്നതായ ചില വസ്തുതകൾ ഞാൻ കണ്ടെത്തി.

റഷ്യൻഭരണം, സ്റ്റാലിൻ എന്ന വ്യക്തിയിൽമാത്രം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. റഷ്യൻ ജനതയുടെ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ ജീവിതം--ലൈംഗികജീവിതംപോലും—അഭേദ്യമായ ആ ഇരുമ്പുമുഷ്ടിയാൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു; അമർത്തപ്പെട്ടിരിക്കുന്നു. സ്റ്റാലിന്റെ സ്വേച്ഛാധിപത്യത്തെ നിലനിറുത്തുവാൻവേണ്ടി ഏററവും പ്രാകൃതവും ഏററവും നവീനവുമായ കാപട്യങ്ങളേയും ക്രൂരതകളേയും വിദഗ്ദ്ധമായി പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. സ്റ്റാലിൻ, അപ്രമാദിത്വവും അജയ്യതയും സ്വയം ഏറെറടുത്തിരിക്കുന്നു. സ്റ്റാലിന്റെ വിചാരങ്ങൾക്കും വികാരങ്ങൾക്കും ചെയ്തികൾക്കും താത്വികത്വം കൊടുക്കുവാൻവേണ്ടി മാർക്സിസത്തെ വളച്ചൊടിച്ചും, തിരിച്ചുമറിച്ചും, ഞെരിച്ചുപൊടിച്ചും ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു. നീതീകരണത്തോടുകൂടി ആയാലും അല്ലെങ്കിലും, ഈ വസ്തുതകൾ എല്ലാവരും സമ്മതിക്കുന്നതായിട്ടാണ് കണ്ടതു്. എന്നെ സംബന്ധിച്ചേടത്തോളം, ദൈവത്തിന്റെ സ്വേച്ഛാധികാരത്തെപ്പോലും(?) നിഷേധിക്കുവാൻ ശീലിച്ച എനിക്ക്, ഈ റഷ്യൻ ദൈവത്തിന്റെ ക്രൂരമായ സ്വേച്ഛാധിപത്യത്തെ അംഗീകരിക്കുവാൻ സാധിച്ചില്ല. ആഹാരവും വസ്ത്രവും പാർപ്പിടവും കിട്ടുമെങ്കിൽ ഏതുതരം ക്രൂരതയ്ക്കും വഴങ്ങിക്കൊടുക്കുവാൻ ഞാൻ തയാറില്ല. വലിയ പ്രയാസംകൂടാതെ ആഹാരവും വസ്ത്രവും പാർപ്പിടവും കിട്ടുന്ന സാഹചര്യങ്ങൾ എനിക്കുണ്ടായിരുന്നു. ആ സാഹചര്യങ്ങളെ ചവുട്ടിത്തള്ളിക്കൊണ്ട്, ബാല്യത്തിൽനിന്നു യൗവ്വനത്തിലേക്കു കാൽ കുത്തുന്നതോടുകൂടിത്തന്നെ, ഏകാകിയായി, നിരാലംബനായി, ജീവിതത്തിന്റെ തീക്ഷ്ണമായ സമരത്തിലേക്ക് ഞാൻ കുതിച്ചുചാടിയതെന്തിനുവേണ്ടി? എന്റെ സാമൂഹ്യപരിസരങ്ങൾ മനുഷ്യത്വത്തെ ബഹുമാനിച്ചിരുന്നില്ല; എന്റെ ചുററുപാടും മാനുഷികമൂല്യങ്ങൾ അവഹേളിക്കപ്പെടുന്നതായി ഞാൻ കണ്ടു. ആ സാമൂഹ്യപരിസരങ്ങൾ എന്നെ വീർപ്പുമുട്ടിച്ചു. എന്റെ മനുഷ്യത്വത്തെ ഞെരിച്ചു. അതുകൊണ്ടാണ്, ആഹാരത്തിനും വസ്ത്രത്തിനും പാർപ്പിടത്തിനും കാത്തുനില്ക്കാതെ, ഞാൻ കുതിച്ചുചാടിയതു്; രണകാഹളം മുഴക്കിയതു്. അതുകൊണ്ടുതന്നെയാണ്, കാറൽമാർക്സിന്റെ വിപ്ലവാത്മകമായ മനുഷ്യത്വം എന്നെ ആകർഷിച്ചതു്.



Sr. Alphonsa. I.C.

ബ. അൽഫോൻസാമ്മയുടെ സഹായത്താലും വി. യൗസേപ്പുപിതാവിന്റെമാദ്ധ്യസ്ഥ്യത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

കെ. പി. ഔസേപ്പ്,
ചേന്ദമംഗലം

റഷ്യൻ ജനതയ്ക്ക് ആഹാരവും വസ്ത്രവും പാർപ്പിടവും കൊടുക്കാമെന്ന് വാഗ്ദത്തം ചെയ്തിട്ട്, മഹത്തായ ആ ജനതയുടെ ആത്മാവിനെ ഞെരിച്ചുകൊല്ലുന്നതായ ഒരു ഭീകരസ്വേച്ഛാഭരണത്തെ ഞാൻ പുകഴ്ത്തണമെന്നോ? നീതീകരിക്കണമെന്നോ?—സാദ്ധ്യമല്ല. സ്റ്റാലിന്റെ റഷ്യ സോഷ്യലിസത്തിന്റെ പിതൃരാജ്യമല്ലെന്നും ലോകതൊഴിലാളിവർഗ്ഗത്തിന്റെ ആശാകേന്ദ്രമല്ലെന്നും എനിക്കു ബോദ്ധ്യമായി. റഷ്യൻ വ്യാമോഹത്തിൽനിന്ന് ഞാൻ തികച്ചും മോചിതനായി.

പക്ഷെ, റഷ്യൻ ഭരണവും കമ്മ്യൂണിസ്റ്റു പാർട്ടിയും ഒരു കാപട്യത്തിന്റെ രണ്ടു വശങ്ങളാണെന്ന് അന്നെനിക്കു ബോദ്ധ്യമായിരുന്നില്ല. റഷ്യൻഭരണം കിരാതത്വത്തിലേക്കുള്ള ഒരു തിരിച്ചുപോക്കാണെങ്കിലും, കമ്മ്യൂണിസ്റ്റ്പാർട്ടി സോഷ്യലിസത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു വിപ്ലവസംഘമാണെന്നു ഞാൻ വിശ്വസിച്ചിരുന്നു. ആ വ്യാമോഹത്തിൽനിന്നും രക്ഷനേടുവാനും എനിക്ക് കുറെക്കൂടി പാഠവും അനുഭവങ്ങളും ആവശ്യമായിവന്നു.

രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ, ഞാൻ തിരുവനന്തപുരം സെൻട്രൽജയിലിൽ ഒരു തടവുപുള്ളിയായിരുന്നു. 1938-ൽ തിരുവിതാംകൂറിലെ ഉത്തരവാദഭരണ പ്രക്ഷോഭണത്തെ സഹായിക്കുവാനായി നടത്തിയ രാഷ്ട്രീയ പൊതു പണിമുടക്ക് സംബന്ധിച്ച് എടുത്തിരുന്ന പല കേസ്സുകളിലായി ഞങ്ങൾ ഉദ്ദേശം 130 പേരോളം അന്ന് ശിക്ഷിക്കപ്പെടുകയുണ്ടായി. യുദ്ധം ആരംഭിച്ചു എന്നും, സ്റ്റാലിനും ഹിററ്ലറും തമ്മിൽ സന്ധിയുണ്ടാക്കിയെന്നും ഉള്ള വാർത്ത, ജയിലിൽ രഹസ്യമായി കിട്ടിക്കൊണ്ടിരുന്ന പത്രത്തിൽക്കൂടി അറിഞ്ഞപ്പോൾ ഞങ്ങൾ സ്തബ്ധരായിപ്പോയി. ലോകവ്യാപകമായ ഒരു മഹായുദ്ധമുണ്ടായി എന്നതല്ലാ, സ്റ്റാലിനും ഹിററ്ലറും തമ്മിൽ സന്ധിയുണ്ടായി എന്നതാണ് ഞങ്ങളെ അമ്പരപ്പിച്ചതു്. ഫാസിസവുമായി സന്ധിയില്ലാത്ത സമരം പ്രഖ്യാപനം ചെയ്ത സ്റ്റാലിൻ—ഫാസിസത്തെ നശിപ്പിക്കുവാൻവേണ്ടി എല്ലാ രാജ്യങ്ങളിലേയും പുരോഗമനശക്തികളുടെ ഐക്യമുന്നണികൾ സൃഷ്ടിക്കുവാൻ ആഹ്വാനംകൊടുത്ത സ്റ്റാലിൻ—ഫാസിസ്റ്റ് ദൈവമായ ഹിററ്ലറുമായി സന്ധിയുണ്ടാക്കുക!— എന്റെ സഖാക്കളിൽ പലർക്കും ഇതു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. എന്നെ സംബന്ധിച്ചിടത്തോളം, ആ സന്ധി എന്നെ അത്ഭുതപ്പെടുത്തിയില്ല. സ്റ്റാലിനെ സംബന്ധിച്ച് എനിക്ക് അത്രയേറെ വ്യാമോഹങ്ങളൊന്നുമുണ്ടായില്ല.

എന്നെ അത്ഭുതപ്പെടുത്തിയതു് സ്റ്റാലിൻ—ഹിററ്ലർ സന്ധിയെ ലോകകമ്മ്യൂണിസ്റ്റ്പാർട്ടി അനുകൂലിക്കുകയും പുകഴ്ത്തുകയും ചെയ്തു എന്നതായിരുന്നു. രണ്ടു സാമ്രാജ്യശക്തികൾ തമ്മിലുള്ള യുദ്ധത്തിൽ ലോകത്തിലെ അദ്ധ്വാനിക്കുന്ന വർഗ്ഗം നിഷ്പക്ഷത അവലംബിച്ചാൽ മതിയെന്ന്, റഷ്യൻ ചുവന്ന സാമ്രാജ്യത്തിനു മറപിടിച്ചുകൊണ്ട്, അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ രക്ഷകനെന്നഭാവത്തിൽ, സ്റ്റാലിൻ കമ്മ്യൂണിസ്റ്റ്പാർട്ടിയോട് ആജ്ഞാപിച്ചു. എല്ലാ രാജ്യങ്ങളിലേയും കമ്മ്യൂണിസ്റ്റ്പാർട്ടി ഘടകങ്ങൾ "ആമേൻ"പറഞ്ഞു. ഹിററ്ലർ ഫ്രാൻസിനെ ആക്രമിച്ചപ്പോൾ ഫ്രഞ്ച് കമ്മ്യൂണിസ്റ്റ്പാർട്ടി നിഷ്പക്ഷത പ്രസംഗിക്കുകയാണുണ്ടായതു്. അങ്ങനെ അവർ ഫ്രഞ്ച് ജനതയുടെ ആത്മവീര്യത്തെ നശിപ്പിച്ചു. ആദ്യമായി ലോകത്തെ വിപ്ലവപാഠം പഠിപ്പിച്ച ഫ്രാൻസ്, നൂററാണ്ടുകളിലെ അദ്ധ്വാനഫലമായി അതുല്യമായ ഒരു സംസ്കാരം സൃഷ്ടിച്ച ഫ്രാൻസ്, ഇഞ്ചിഞ്ചായി ഫാസിസ്റ്റ് രാക്ഷസന്റെ ഇരുമ്പുമുഷ്ടിയിലകപ്പെടുന്നതുകണ്ടുകൊണ്ട് ഫ്രഞ്ച് കമ്മ്യൂണിസ്റ്റ് കുഞ്ഞാടുകൾ രക്ഷകനായ സ്റ്റാലിന്റെ നിഷ്പക്ഷതാപ്രസംഗത്തിന് "ആമേൻ"പറയുകയായിരുന്നു. ഒടുവിൽ ഫ്രഞ്ച് കമ്മ്യൂണിസ്റ്റ് രാജ്യദ്രോഹികൾ ഫ്രാൻസിലെ വ്യവസായകേന്ദ്രങ്ങളിൽ പണിമുടക്കുകൾ ഇളക്കിവിട്ടു, ഹിററ്ലറോടുള്ള എതിർപ്പിനെ പൂർണ്ണമായി തളർത്തിക്കളഞ്ഞു. എല്ലാത്തിലുമൊടുവിൽ, ഫ്രാൻസിന്റെ പതനംകണ്ട്, രക്ഷകനായ സ്റ്റാലിൻ ക്രെംലിൻകൊട്ടാരത്തിലിരുന്ന് രണ്ടു തുള്ളി കണ്ണുനീർ വീഴ്ത്തിയത്രെ!

ഹിററ്ലർ, സന്ധിക്കടലാസിനെ ഞെരടി എറിഞ്ഞിട്ട് റഷ്യയെ ആക്രമിച്ചപ്പോൾ, സ്റ്റാലിൻ മോസ്ക്കോറേഡിയോവിൽക്കൂടി ലോകത്തോടു വിളിച്ചു പറഞ്ഞു, രണ്ടാം ലോകമഹായുദ്ധം ജനകീയയുദ്ധമായി മാറിയിരിക്കുന്നു എന്ന്. ലോകത്തിലെ എല്ലാ കമ്മ്യൂണിസ്റ്റ്കാരും "ആമേൻ"പറഞ്ഞു. അങ്ങനെ, സ്റ്റാലിനും റൂസ്‌വെൽററും ചർച്ചിലുംചേർന്നുള്ള ജനകീയയുദ്ധത്തെ ലോകത്തിലെങ്ങുമുള്ള കമ്മ്യൂണിസ്റ്റ് ഘടകങ്ങൾ സഹായിക്കുവാൻ തുടങ്ങി. ഈ അവസരത്തിലാണ് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ "ക്വിററ്ഇന്ത്യാ" പ്രക്ഷോഭണം ആരംഭിച്ചതു്. ബ്രിട്ടീഷ് സാമ്രാജ്യത്തിനുവേണ്ടി യുദ്ധം ചെയ്യുവാൻ ഇന്ത്യ തയ്യാറില്ലെന്നും, ബ്രിട്ടൻ ഇന്ത്യവിട്ടു പോകണമെന്നും, സ്വതന്ത്രഭാരതത്തിൽ നിന്നല്ലാതെ അടിമഭാരതത്തിൽനിന്ന് ബ്രിട്ടനു സഹായം പ്രതീക്ഷിക്കാവുന്നതല്ലെന്നും ആയിരുന്നു ഗാന്ധിയുടേയും കോൺഗ്രസ്സിന്റെയും വാദം. അന്ന് സ്റ്റാലിന്റെ കുഞ്ഞാടുകളായ ഇന്ത്യൻ കമ്മ്യൂണിസ്റ്റ്കൾ ജനകീയയുദ്ധമെന്നു പറഞ്ഞ് ആ ദേശീയസ്വാതന്ത്ര്യസമരത്തിനെതിരായി കൈ ചുരുട്ടുകയും കൊഞ്ഞനം കാട്ടുകയുമാണു ചെയ്തതു്. കമ്മ്യൂണിസ്റ്റ് ജനകീയയുദ്ധക്കാർ അന്ന് ബ്രിട്ടീഷ് ഗവമ്മെണ്ടിന്റെ ററിക്രൂട്ടിങ്ങ് പ്രചാരകന്മാരും ഉററുകാരും ആയിരുന്നു. യുദ്ധോല്പാദനത്തെ സഹായിക്കുവാൻവേണ്ടി തൊഴിലാളികളുടെ ന്യായമായ കൂലിക്കുവേണ്ടിയുള്ള സമരത്തെപ്പോലും ഈ ജനകീയയുദ്ധക്കാർ എതിർത്തു. അന്നവർ ചെയ്ത രാജ്യദ്രോഹം അതുകൊണ്ടും അവസാനിച്ചില്ല. ഇന്ത്യയുടെ വിഭജനത്തിനും തൻമൂലമുണ്ടായ ദുരിതങ്ങൾക്കും കാരണമായിരുന്ന പാക്കിസ്ഥാൻ വാദത്തെ—മുസ്ലീം ജന്മികളുടെ വർഗ്ഗീയവാദത്തെ—സ്വയം നിർണ്ണയാവകാശമെന്നും പറഞ്ഞ് കമ്മ്യൂണിസ്റ്റ്കാരെന്നു പറയപ്പെടുന്ന ഈ റഷ്യൻ സാമ്രാജ്യചാരന്മാർ അനുകൂലിക്കുകയാണുണ്ടായതു്. അങ്ങനെ സ്റ്റാലിന്റെ ആജ്ഞാനുവർത്തികളായ ഫ്രഞ്ച് കമ്മ്യൂണിസ്റ്റ്കൾ ഫ്രാൻസിനെതിരായി നിന്നതുപോലെതന്നെ ഇന്ത്യൻ കമ്മ്യൂണിസ്റ്റ്കൾ ഇന്ത്യക്കെതിരായും നിന്നു.

ബ്രിട്ടീഷ് ഗവർമ്മെൻറ് ഇൻഡ്യൻ ഭരണത്തെ ഇൻഡ്യൻ ദേശീയനേതാക്കന്മാരിലേക്ക് കൈമാറിയപ്പോൾ ഇൻഡ്യൻ കമ്മ്യൂണിസ്റ്റുകൾ പണ്ഡിററ് നെഹ്റുവിനെ പുകഴ്ത്തിപ്പാടുവാൻ തുടങ്ങി. നെഹ്റു ഒന്നാന്തരം പുരോഗമനവാദിയാണെന്നും, "ഇൻഡ്യയെ ജനകീയാടിസ്ഥാനത്തിലുള്ള ഒരു റിപ്പബ്ലിക്കായി പടുത്തുയർത്തുവാൻ ദേശീയനേതൃത്വം ചെയ്യുന്ന മഹത്തായ ശ്രമങ്ങളിൽ ഇൻഡ്യൻ കമ്മ്യൂണി

(ശേഷം 8-ാം പേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 26 | ERNAKULAM MAY, 20 1953 | No. 38


# ഇൻറോചൈനയിലെ കമ്മ്യൂണിസ്റ്റ് ആക്രമണം

ഏതാനും കൊല്ലങ്ങളായി ഇൻറോചൈന എന്ന രാജ്യം ലോകദൃഷ്ടിയെ ആകർഷിച്ചുകൊണ്ടിരിക്കുകയാണല്ലോ. പസഫിക് സമുദ്രതീരത്തു്, ചൈനായ്ക്കു തെക്കും, ബർമ്മായ്ക്കും സയാമിനും കിഴക്കുമായി കിടക്കുന്ന രാജ്യമാണു് ഇൻറോചൈന. 2 ലക്ഷത്തി 81 ആയിരത്തിൽപ്പരം ചതുരശ്രമൈൽ വിസ്തീർണ്ണവും, 2 കോടി 40 ലക്ഷത്തോളം ജനസംഖ്യയും അവിടെയുണ്ടു്. ഫ്രാൻസിന്റെ മേൽക്കോയ്മയ്ക്കു് കീഴ്പെട്ടു്, അതിന്റെ "അസോഷിയേറ്റഡ് സ്റ്റേറ്റുകൾ" എന്ന രൂപത്തിൽ, 4 സ്റ്റേറ്റുകളായി തിരിഞ്ഞാണു് (വിയറ്റ്നാം, ലാവോസ്, കമ്പോഡിയ, കൊച്ചിൻ ചൈന) ഈ രാജ്യം കിടക്കുന്നതു്. വിയറ്റ് മിൻ (Viet Minh) എന്ന കമ്മ്യൂണിസ്റ്റ് വിപ്ലവകക്ഷി വിയറ്റ്നാം (Viet Nam) സംസ്ഥാനത്തിന്റെ വലിയൊരുഭാഗം പിടിച്ചടക്കിക്കഴിഞ്ഞിരുന്നു. ഈയിടെയായി അവർ ലാവോസ് (Laos) സംസ്ഥാനത്തിലേക്കു് പ്രവേശിച്ചു് അവിടം പിടിച്ചടക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ഈ ആക്രമണങ്ങളുടെ ഫലമായി ഇൻറോചൈന കമ്മ്യൂണിസ്റ്റു കക്ഷിയുടെ പിടിയിൽ പെട്ടാൽ തെക്കുകിഴക്കൻ ഏഷ്യയിൽ കമ്മ്യൂണിസ്റ്റാധിപത്യം പ്രബലപ്പെട്ടുമെന്നും, അതു് ലോകസമാധാനത്തിനെതിരായ ഭീഷണി തന്നെയായിരിക്കുമെന്നും ലോകത്തിലെ സ്വാതന്ത്ര്യരാഷ്ട്രങ്ങൾ ഭയപ്പെടുന്നു. ഇതുകൊണ്ടാണു് ഇൻറോചൈനയിലെ ഈ സംഭവവികാസങ്ങൾ ലോകദൃഷ്ടിയെ ഇപ്പോൾ ആകർഷിച്ചിരിക്കുന്നതു്. ഈയവസരത്തിൽ വിയറ്റ്മിൻ കമ്മ്യൂണിസ്റ്റു കക്ഷിയേയും അവരുടെ ദേശീയവിരുദ്ധമായ പ്രവർത്തനങ്ങളേയും കുറിച്ചു് ചില വിവരങ്ങൾ നൽകുന്നതു് സന്ദർഭോചിതമായിരിക്കും. അതിനു ഞങ്ങൾ സ്വീകരിക്കുന്ന ആധാരം വിയറ്റ്നാം ഗവർമ്മെൻറിന്റെ പ്രത്യേകസ്ഥാനപതിയും ഇൻഡ്യയിലുള്ള വിയറ്റ്നാം ഇൻഫർമേഷൻ മിഷന്റെ മേധാവിയുമായിരുന്ന ഡോക്ടർ ഥാൻ (Dr. Nguyen Duy Thanh) 1950-ൽ ബോംബെയിൽവച്ചു ചെയ്ത രണ്ടു് പരസ്യപ്രസംഗങ്ങളാണു്.

### വിയറ്റ്മിൻ കമ്മ്യൂണിസ്റ്റ് കക്ഷി

കഴിഞ്ഞ ലോകമഹായുദ്ധത്തിനുമുമ്പു് വിയറ്റ്നാമിന്റെ ദേശീയസ്വാതന്ത്ര്യത്തിനു വേണ്ടി പ്രവർത്തിച്ചിരുന്ന കൊളോണിയൽ വിരുദ്ധകക്ഷികളുൾപ്പെട്ട ഒരു സംയുക്തകക്ഷി (coalition) യുണ്ടായിരുന്നു. ആ കക്ഷിയുടെ നാട്ടുഭാഷയിലുള്ള നീണ്ട പേരിന്റെ ചുരുങ്ങിയ രൂപമാണു് "വിയറ്റ്മിൻ". ലോകമഹായുദ്ധത്തിനിടയ്ക്കു് ജപ്പാൻകാർ ഇൻറോചൈന പിടിച്ചടക്കിയപ്പോൾ, 1941-ൽ, ഈ കക്ഷിക്കാർ തെക്കെ ചൈനയിൽ അഭയംപ്രാപിച്ചു. (അന്നു ചൈന കമ്മ്യൂണിസ്റ്റായിട്ടില്ല.) ഇവരിൽ ഏററവും സംഘടിതവും പ്രവർത്തനോദ്യുക്തവും തന്മൂലം പ്രാബല്യവുമുള്ള ഘടകം ഇൻറോചൈനീസ് കമ്മ്യൂണിസ്റ്റു പാർട്ടിയായിരുന്നു. അതിന്റെ നേതൃത്വം വഹിച്ചതു് മോസ്കോയിൽ പരിശീലനം സിദ്ധിച്ച നീണ്ടചരിത്രമുള്ള കമ്മ്യൂണിസ്റ്റുകാരനായ ഹൊചിമിൻ (Ho Chi Minh) ആണു്. ആരംഭത്തിൽ ഈ കമ്മ്യൂണിസ്റ്റുകൾ അവരുടെ പ്രത്യേക ആദർശസംഹിത പരസ്യമായി പ്രഖ്യാപിച്ചിരുന്നില്ല. ചൈനാക്കാരുടെ സഹായത്തോടുകൂടി ഫ്രഞ്ചുകാരുടെ ഭരണം വിട്ടുവിച്ചു് സ്വാതന്ത്ര്യം പ്രാപിക്കണമെന്ന സംയുക്തകക്ഷിയുടെ പൊതുപരിപാടി അവരും സ്വീകരിച്ചു. ഈ പരിപാടിക്കു് ജനസാമാന്യത്തിന്റെ പിൻതുണയുമുണ്ടായി. 1945 ആഗസ്റ്റ് 15-ാംനു- ജപ്പാൻ കീഴടങ്ങിയപ്പോൾ പ്രസ്തുതകക്ഷിയുടെ നേതാക്കന്മാർ അണ്ടർഗ്രൗണ്ടിൽനിന്നു് വെളിക്കുവന്നു. അവരെ സകലരും സ്വാഗതംചെയ്തു. ആഗസ്റ്റ് 19-ാംനു- ഹൊചിമിന്നിന്റെ നേതൃത്വത്തിൽ ഒരു ഭരണകൂടവും സ്ഥാപിച്ചു. അന്നുമുതൽ അവർ വിയറ്റ്നാമിന്റെ ഐക്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി ഫ്രഞ്ചുകാരുമായി കത്തിടപാടുകളും കൂടിയാലോചനകളും നടത്താൻ തുടങ്ങി. അവ പരസ്പരമുള്ള അവിശ്വാസത്തിൽ കലാശിച്ചപ്പോൾ ഫ്രഞ്ചുകാരുമായി യുദ്ധങ്ങളും നടന്നു. ഈ സമരത്തിൽ വിയറ്റ്മിൻ കക്ഷി ശക്തിപ്രാപിച്ചു് ദേശീയാഭിലാഷങ്ങളുടെ കേന്ദ്രമായിത്തീർന്നു. ബാഹ്യലോകത്തിന്റെ ദൃഷ്ടിയിലും അവർക്കു് ആ നില ലഭിച്ചു. എന്നാൽ രാജ്യത്തിനകത്തു് അവർ സ്വീകരിച്ച നയവും പരിപാടികളും വിയറ്റ്നാം ജനങ്ങളുടെ ഏകകണ്ഠമായ സമ്മതത്തിനു് പാത്രീഭവിച്ചില്ല.

### വിയറ്റ്മിന്നിന്റെ ദേശീയവിരുദ്ധത

വിയറ്റ്മിൻ ഗവർമ്മെൻറു് വിയറ്റ്നാമിലെ സകല കക്ഷികളും ഉൾപ്പെട്ട സംയുക്ത ഗവർമ്മെൻറായിരുന്നെങ്കിലും, അതിൽ പ്രാബല്യം സിദ്ധിച്ചിരുന്ന കമ്മ്യൂണിസ്റ്റുകൾ അവരുടെ സഹജമായ പ്രചരണസാമർത്ഥ്യത്താൽ വിയറ്റ്നാമിൽ ഗണനീയന്മാർ തങ്ങൾ മാത്രമാണെന്നു് ലോകരെ വിശ്വസിപ്പിച്ചു ദേശീയകക്ഷി നേതാക്കന്മാരെ അവർ പുറംതള്ളി. ആ നേതാക്കന്മാരുടെ അഭിപ്രായങ്ങൾക്കും വികാരങ്ങൾക്കും യാതൊരു സ്വാതന്ത്ര്യവും അനുവദിച്ചില്ല. അവർക്കെതിരായി അക്രമനടപടികൾതന്നെ സ്വീകരിക്കപ്പെട്ടു. അറസ്റ്റുകളും ശിക്ഷകളും വധങ്ങളും നടത്തപ്പെട്ടു. ഇങ്ങനെ ദേശീയപ്രതിപക്ഷത്തെ ബഹിഷ്കരിച്ചശേഷം വിയറ്റ മിൻ (കമ്മ്യൂണിസ്റ്റ്) ഗവർമ്മെൻറു് ലോകരുടെ കണ്ണിൽ പൊടിയിടാൻ വേണ്ടി ഒരു തിരഞ്ഞെടുപ്പുപ്രഹസനം നടത്തി. നാഷണൽ അസംബ്ളിയിൽ ഭൂരിപക്ഷം സീററുകളും കൈവശപ്പെടുത്തി. കാരാഗൃഹത്തിലടയ്ക്കപ്പെട്ടിരുന്ന പാതകികളെ അവർ വിമോചിച്ചു. അവരുടെ സഹായത്തോടുകൂടി ഏർപ്പെടുത്തിയ കമ്മിററികൾവഴിയായി ഭരണം നിർവ്വഹിച്ചു. ഈ കമ്മിററികളിൽ അദ്ധ്യക്ഷതവഹിച്ച പാതകികൾ അക്രമപ്രസ്ഥാനം അഴിച്ചുവിട്ടു. ജന്മികൾ, പണ്ഡിതന്മാർ, പുരോഹിതർ, കത്തോലിക്കർ മുതലായി സ്വാധീനവും സാമുദായികനിലയും ഉണ്ടായിരുന്നവരെ, ഫ്രഞ്ചുകാരുടെ സഹായികളും ദേശത്തിന്റെ ശത്രുക്കളും ആണെന്ന കാരണംപറഞ്ഞു്, അറസ്റ്റുചെയ്യുകയും വധിക്കുകയുംചെയ്തു. ഇങ്ങനെ രക്തത്തിന്റേയും കണ്ണുനീരിന്റേയും "വിപ്ലവം" രാജ്യത്തുണ്ടാക്കി. അതുവഴിയായി വിയറ്റ്മിൻ "കമ്മ്യൂണിസ്റ്റ്" ഗവർമ്മെൻറു് അധികാരം മുഴുവൻ കൈക്കലാക്കുകയുംചെയ്തു.

അവരുടെ ഭരണത്തിന്റെ ഏററവും ദുഷ്ടമായ പ്രത്യേകത ചാരന്മാർവഴിയായുള്ള രഹസ്യസർവ്വീസു് ആയിരുന്നു. ഒരേകുടുംബത്തിലെ അംഗങ്ങൾതന്നെ പരസ്പരം ചാരവൃത്തി നിർവ്വഹിച്ചു. മാർക്കററുകളിലോ റെസ്റ്റോറൻറുകളിലോ ദേവാലയങ്ങളിലോ മററവിടെയോ പോകുന്നവരെയെല്ലാം ചാരന്മാർ പിൻതുടരുകയും ആവശ്യാനുസരണം ആളുകളെ രാജ്യശത്രുക്കളായി ഒററിക്കൊടുക്കുകയും ചെയ്തിരുന്നു. ജനകീയകമ്മിററികൾ ഉണ്ടായിരുന്നെങ്കിലും അവ നാമമാത്രമായിരുന്നു. അവയ്ക്കു സമാന്തരങ്ങളായി വിയറ്റ്മിൻ കക്ഷി രഹസ്യമായി ഏർപ്പെടുത്തിയിരുന്ന കമ്മ്യൂണിസ്റ്റുപാർട്ടി അംഗങ്ങളാണു് ഭരണത്തിൽ സാക്ഷാൽ പങ്കെടുത്തിരുന്നതു്. ഒരു പൗരൻ നാട്ടിൽത്തന്നെ എവിടെപോയാലും പാസ്പോർട്ടു് കാണിക്കേണ്ടിയിരുന്നു. സംസാരസ്വാതന്ത്ര്യവും ചിന്താസ്വാതന്ത്ര്യവും അനുവദിക്കപ്പെട്ടിരുന്നില്ല. ജനങ്ങൾക്കുവേണ്ടി വാർത്തകൾ കെട്ടിച്ചമയ്ക്കുന്ന കുത്തകജോലി കമ്മ്യൂണിസ്റ്റുപത്രങ്ങളാണു് നിർവ്വഹിച്ചിരുന്നതു്. പ്രതിപക്ഷപാർട്ടിയുടെ പത്രങ്ങളൊന്നും അനുവദിക്കപ്പെട്ടിരുന്നില്ല. കോടതികളിൽ നീതിന്യായമനുസരിച്ചില്ല, പിന്നെയോ രാഷ്ട്രീയകാര്യസാദ്ധ്യത മുൻനിർത്തിയാണു് വിചാരണകൾ നടത്തിയിരുന്നതു്. ജൂറിസമ്പ്രദായം ഉണ്ടായിരുന്നെങ്കിലും നടപ്പിലിരുന്നതു് പ്രഹസനപരമായ വിചാരണയും പോലീസു് സമ്പ്രദായങ്ങളുമാണു്.

### ബാഓവാ ദായി ഗവർമ്മെൻറു്

ഈ ദുസ്ഥിതികൾക്കു് പരിഹാരമുണ്ടാക്കുവാൻ വിയറ്റ്നാം ദേശീയകക്ഷി മുൻനിന്നു് കമ്മ്യൂണിസ്റ്റുകളൊഴിച്ചുള്ള മറെറല്ലാ കക്ഷികളേയും ഉൾപ്പെടുത്തി ഒരു "സംയുക്തദേശീയമുന്നണി" സ്ഥാപിച്ചു. അവർ വിയറ്റ്നാം ജനതയുടെ നാമത്തിൽ ഭരണാധികാരം ബാവോ ദായി (Bao Dai) എന്ന നേതാവിനു് അർപ്പിച്ചു. പഴയ ആനാംരാജകുടുംബത്തിലെ ഒരംഗമായിരുന്ന ഇദ്ദേഹം അതു സ്വീകരിച്ചു് വിയറ്റ്നാമിന്റെ ഭരണാധികാരിയായി.

1947 ഡിസംബർ 6-ാംനു- ബാവോ ദായിയും ഫ്രഞ്ചു ഹൈക്കമ്മീഷണരും ഒരുടമ്പടി ചെയ്തു. അതനുസരിച്ചു് വിയറ്റ്നാമിന്റെ ഐക്യം ഫ്രഞ്ചുകാർ സ്വീകരിച്ചു. ഇൻറോചൈനയിലെ രാഷ്ട്രങ്ങൾ ഒരു ഫെഡറേഷനിൽ പെട്ടിരിക്കണമെന്നുള്ള ഫ്രഞ്ചുകാരുടെ അഭിപ്രായം ഉപേക്ഷിക്കപ്പെട്ടു. ഫ്രഞ്ചുയൂണിയന്റെ ഉള്ളിൽ, ലാവോസും കമ്പോഡിയായുംപോലെ, ഒരു സ്വതന്ത്രരാജ്യമായി വിയറ്റ്നാം അംഗീകരിക്കപ്പെട്ടു. പല കൂടിയാലോചനകൾക്കുശേഷം 1949 മാർച്ചു് 8-ാംനു- ബാവോദായിയും ഫ്രഞ്ചുകാരും തമ്മിൽ നടന്ന ഉടമ്പടിയനുസരിച്ചു് വിയറ്റ്നാമിനു്, ഹോചിമിന്നിനു് സാധിക്കുമായിരുന്നതിൽക്കൂടുതൽ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും, കൈവന്നു. ആ ഉടമ്പടിയിൽ വിയറ്റ്നാമിന്റെ ഐക്യം, പരമാധികാരം, നയതന്ത്രനില, വിദേശബന്ധം, രാജ്യസംരക്ഷണം, നിയമപരമായ അധികാരം, വിദ്യാഭ്യാസാവകാശങ്ങൾ, സാംസ്കാരികവികസനം മുതലായവയെല്ലാം നിർണ്ണയിക്കപ്പെട്ടു. ഈ വിവരങ്ങൾ നൽകിയശേഷം വിയറ്റ്നാം ഗവർമ്മെൻറിന്റെ സ്ഥാനപതിയായിരുന്ന, ഒരുകാലത്തു് വിയറ്റ്നാം ഗവർമ്മെൻറിലെ പ്രമുഖപ്രവർത്തകനായിരുന്ന, പ്രാസംഗികൻ ഇങ്ങനെ തുടർന്നു:- "ഇതു പ്രീതിയോടുകൂടിയതാണോ, രാജ്യത്തിനുഗുണകരമാണോ? ഞങ്ങളുടെ സ്വാതന്ത്ര്യപ്രാപ്തിയിൽ ബാവോദായി വളരെ പ്രധാനമായ ഭാഗം വഹിച്ചില്ലായിരുന്നെങ്കിൽ വിയറ്റ്നാം ജനത അദ്ദേഹത്തെ പിൻതാങ്ങുമായിരുന്നില്ല. ദിനംതോറും അനുഗാമികൾ അദ്ദേഹത്തിനു് വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. ഏതാനും മാസങ്ങൾക്കുമുമ്പു് 70 ലക്ഷം വിയററ മിൻകാർ ബാവോദായിയുടെ പക്ഷത്തു് വന്നുചേർന്നു."

### വിയറ്റ്മിൻ കമ്മ്യൂണിസ്റ്റുകൾ വരുത്തിയ നാശം

വിയറ്റ്മിൻ കാരുമായി വിയറ്റ്നാംകാർ നടത്തിക്കൊണ്ടിരുന്ന സമരത്തെപ്പററി പ്രാസംഗികൻ പ്രസ്താവിച്ചതിങ്ങനെയാണു്:-

"ഞങ്ങൾ സമരം ചെയ്യുന്നതു് സ്വതന്ത്രമായ ഞങ്ങളുടെ ജീവിതരീതിക്കുവേണ്ടിയാണു്. വിയറ്റ്മിൻ സർവ്വാധിപത്യത്തിന്റെ അടിമത്തം അനേകനാളായി ഞങ്ങളനുഭവിക്കുന്നു. ഇനി ഞങ്ങൾക്കതു് സഹിക്കാൻ വയ്യ. കമ്മ്യൂണിസ്റ്റ് ആദർശസംഹിത ഞങ്ങളുടെ മതത്തിനും ഞങ്ങളുടെ ദേശീയപ്രകൃതിക്കും ഞങ്ങളുടെ സാംസ്കാരികവും ചരിത്രപരവുമായ പശ്ചാത്തലത്തിനും ഒട്ടും യോജിച്ചതല്ല. ഫ്രഞ്ചുകാരുമായുള്ള ഞങ്ങളുടെ പ്രശ്നം ഏറെക്കുറെ വിജയകരമായി ഞങ്ങൾ പരിഹരിച്ചു. അങ്ങനെ കൊളോണിയലിസത്തിൽനിന്നു് കഷ്ടിച്ചു് ഞങ്ങൾ നിർഗമിച്ചപ്പോഴേക്കും ഒരു ജനതതി എന്ന നിലയിൽ ഞങ്ങളുടെ അസ്തിത്വത്തിനുവേണ്ടിപ്പോലും ഞങ്ങൾ സമരം ചെയ്യേണ്ടിവന്നു. ഞങ്ങളുടെ ശത്രുക്കൾ ഞങ്ങളുടെ രാജ്യത്തിന്റെ വടക്കെ അതിർത്തികളുടെ പടിവാതിലുകൾ തുറന്നുകൊടുത്തിരിക്കുന്നു. ചൈനയിൽനിന്നു് കമ്മ്യൂണിസ്റ്റ് സഹായം അവർ ആവശ്യപ്പെട്ടു. വളരെ സന്തോഷത്തോടുകൂടി അതു് വരികയും ചെയ്തു. ഈ നാളുകളിലെല്ലാം റഷ്യൻ കമ്മ്യൂണിസം അതാതു സ്ഥലത്തെ കമ്മ്യൂണിസ്റ്റുകൾക്കു് പണവും പ്രചരണവും നൽകി വ്യാപിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ 2-ാം ലോകമഹായുദ്ധത്തിനുശേഷം ഈ റഷ്യൻ പിൻതുണ നേരിട്ടുള്ള സൈനികസഹായത്തിന്റെ രൂപം പ്രാപിച്ചിരിക്കുകയാണു്. സ്വന്തം നാട്ടിലെ പരസഹായം കൂടാത്ത കമ്മ്യൂണിസ്റ്റ് വിപ്ലവത്തെ അമർത്തുവാൻ ദേശീയവാദികളായ ഞങ്ങൾക്കു് ശക്തിയുണ്ടു്. എന്നാൽ ആ വിപ്ലവം അയൽവക്കത്തുള്ള ഒരു വലിയ സൈനികശക്തിയുടെ പ്രവൃത്ത്യുന്മുഖമായ സഹായത്തോടുകൂടിയായതുകൊണ്ടു് അതു നേരിടുവാൻ ഞങ്ങൾക്കു ശക്തി പോരാ. തന്മൂലം ഞങ്ങളുടേതുപോലുള്ള ആദർശങ്ങളോടുകൂടിയ മൈത്രീഭാവമുള്ള രാഷ്ട്രങ്ങളുടെ സഹായം ഞങ്ങൾക്കാവശ്യമാണു്. അതിനായി സകല സ്വതന്ത്രരാഷ്ട്രങ്ങളോടും ഞങ്ങളഭ്യർത്ഥിക്കുന്നു. കാരണം, സ്വാതന്ത്ര്യത്തിനുവേണ്ടിയാണു് ഞങ്ങൾ സമരം ചെയ്യുന്നതു്.

"പ്രത്യേകിച്ചും സ്വതന്ത്ര ഏഷ്യയോടു് ഞങ്ങളഭ്യർത്ഥിക്കുന്നു. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ രാജ്യത്തു് ഞങ്ങൾ സമരം ചെയ്യുന്ന ലക്ഷ്യം സാരാംശത്തിൽ ഏഷ്യൻ ലക്ഷ്യമാകുന്നു—ദുർബലങ്ങളായ ഏഷ്യൻ രാജ്യങ്ങൾക്കു് അവരുടെ ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യുവാൻ തടസ്സമുണ്ടാകാതിരിക്കുമോ? സ്വാതന്ത്ര്യം ലഭിച്ചശേഷം പൗരസ്ത്യ കൊമിൻഫോമിന്റെ സഹായത്തോടുകൂടിയതും നുഴഞ്ഞുകയററവും അട്ടിമറിപ്പും ഉൾപ്പെട്ടതുമായ കമ്മ്യൂണിസ്റ്റ് ഭീഷണി കൂടാതെ അതു് ആസ്വദിക്കുവാൻ ആ രാജ്യങ്ങൾക്കു് കഴിയുമോ?—ഇതാണു് ഏഷ്യൻ പ്രശ്നം. പ്രജായത്ത ഏഷ്യയെ മുഴുവനും ഭീഷണിപ്പെടുത്തുന്ന ആപത്തിന്റെ കടുത്ത യാഥാർത്ഥ്യത്തിൽനിന്നു് മുഖം തിരിക്കുവാൻ ആർക്കും സാദ്ധ്യമല്ല.

"ഇന്ത്യാക്കാരായ നിങ്ങളോടു് എനിക്കു പറയുവാനുള്ളതു്, വിയറ്റ്നാംകാരായ ഞങ്ങൾ നിങ്ങളുടെ കാവൽപ്പട്ടാളക്കാരാണെന്നാണു്. നിങ്ങൾക്കുവേണ്ടിയും കൂടിയാണു് ഞങ്ങൾ സമരം ചെയ്യുന്നതു്. ഞങ്ങളുടെ വടക്കെ അതിർത്തികൾ നിങ്ങളുടേയും സൈനികവും സിദ്ധാന്തപരവുമായ അതിർത്തികളാകുന്നു. ഞങ്ങൾ അടിപെട്ടാൽ പിന്നെ വീഴുന്നതു് ആരായിരിക്കും? ഇന്ത്യ ആകുക അസാദ്ധ്യമല്ല!"

ഈ വിയറ്റ്നാം സ്ഥാനപതിയുടെ ഒടുവിലത്തെ വാക്കുകൾ ഒരു പ്രവചനമല്ലയോ? വിയറ്റ്മിൻ കമ്മ്യൂണിസ്റ്റ് പാർട്ടി വിയറ്റ്നാം രാഷ്ട്രത്തിലെ ഒരു കക്ഷിയാണു്. അവിടത്തെ ദേശീയ കക്ഷികളുമായുള്ള അവരുടെ സമരം ആഭ്യന്തരസമരമാണെന്നും, ആ രാജ്യത്തിൽ അധികാരം പിടിച്ചെടുക്കുവാനുള്ള വിപ്ലവമാണെന്നും, ഇതുവരെ വേണമെങ്കിൽ സമാധാനിക്കാമായിരുന്നു. ഇപ്പോഴാകട്ടെ അവർ ആ രാജ്യത്തിന്റെ അധികഭാഗവും പിടിച്ചടക്കിയശേഷം അയൽരാഷ്ട്രമായ, സ്വതന്ത്രപരമാധികാരരാഷ്ട്രമായ, ലാവോസിലേക്കു് കടന്നു് ആക്രമണം നടത്തുകയാണു്. ഇതിന്റെ അർത്ഥം, പ്രസ്തുത പ്രാസംഗികൻ ഉദ്ദേശിച്ചതുപോലെ, വിയറ്റ്മിൻ കമ്മ്യൂണിസ്റ്റ് വിപ്ലവകക്ഷി തെക്കു കിഴക്കൻ ഏഷ്യൻ രാജ്യങ്ങളെ റഷ്യയുടേയും ചൈനയുടേയും പിൻബലത്തോടുകൂടി പിടിച്ചടക്കുവാൻ പുറപ്പെട്ടിരിക്കുകയാണെന്നല്ലയോ? ഇതുകൊണ്ടാണു് ഈ സംഭവവികാസം സ്വതന്ത്രരാഷ്ട്രങ്ങളെ ഉൽക്കണ്ഠാകുലരാക്കിയിരിക്കുന്നതു്, ലോകദൃഷ്ടിക്കു് പ്രഗാഢം വിഷയീഭവിച്ചിരിക്കുന്നതു്. ഈ സംഭവവികാസത്തിന്റെ വെളിച്ചത്തിൽ സോവ്യറ്റു് റഷ്യയി

ലെ പുതിയ ഭരണാധികാരികളുടെ സമാധാനദ്യോതകമായ വാക്കുകളും നീക്കങ്ങളും ആത്മാർത്ഥങ്ങളാണോ എന്നു സ്വതന്ത്രലോകം ബലമായി സംശയിക്കുന്നതിൽ ആശ്ചര്യമില്ലതന്നെ. രാഷ്ട്രങ്ങളുടെ ഗതിവിഗതികളെ നിയന്ത്രിക്കുന്ന സർവ്വശക്തനായ ദൈവത്തെ നമുക്കഭയംപ്രാപിക്കാം.

## പ്രസാധകക്കുറിപ്പുകൾ

### രാജ്യത്തിന്റെ ഭദ്രത പ്രതിരോധശക്തിയെ ആശ്രയിച്ചിരിക്കുന്നു

"ഐ. എൻ. എസ്സ്. ഗരുഡ" എന്ന നേവൽ വ്യോമസേനാ വിഭാഗത്തിന്റെ കമ്മീഷനിംഗ് ചടങ്ങ് മേയ് 11-ാംനു- കൊച്ചി നാവികത്താവളത്തിൽവച്ച് ഇൻഡ്യൻ പ്രതിരോധസംഘടനാമന്ത്രി ശ്രീ മഹാവീർത്യാഗി നിർവ്വഹിച്ചയവസരത്തിൽച്ചെയ്ത പ്രസംഗത്തിലെ ചില പ്രസ്താവങ്ങൾ ശ്രദ്ധാർഹങ്ങളാണ്:-

"ആററവും ഹൈഡ്റജനും ബോമ്പുകൾ മുതലായ മാരകായുധങ്ങൾ ഒരുകൂട്ടർ നിർമ്മിച്ചുകൂട്ടുമ്പോൾ നാം ഒന്നുംചെയ്യാതെ അടങ്ങിയിരിക്കുവാൻ പാടില്ല. ആയുധത്തിനുവേണ്ടിയുള്ള മത്സരോട്ടത്തിൽ നമ്മുടെ രാഷ്ട്രം വിശ്വസിക്കുന്നില്ല. രാഷ്ട്രത്തിന്റെ സാമൂഹ്യസാമ്പത്തികക്ഷേമത്തിനായി തീവ്രയത്നം ചെയ്യുന്ന നമുക്ക് ആയുധങ്ങൾക്കുവേണ്ടിയുള്ള ചെലവ് സ്വാഗതാർഹമല്ല. എന്നിരിക്കിലും നമ്മുടെ പ്രതിരോധങ്ങൾ ബലഹീനങ്ങളായിരുന്നുകൂടാ. ബലഹീനത ശത്രുവിന്റെ ദുഷ്ടനേത്രങ്ങളെ ആകർഷിക്കും. രാഷ്ട്രത്തിന്റെ ശക്തിക്കുറവാണ് മിക്കപ്പോഴും യുദ്ധത്തിനു പ്രേരണനൽകുന്നത്."

ഈ ആശയങ്ങൾ ഏററവും യഥാർത്ഥങ്ങളാകുന്നു. സ്വതന്ത്രരാഷ്ട്രങ്ങളെ ഒന്നിനുപിന്നാലെ ഒന്നായി പിടിച്ചടക്കുവാൻ ഒരുമ്പെട്ടുകൊണ്ടിരിക്കുന്ന സോവ്യററ് സാമ്രാജ്യശക്തികളുടെ ആക്രമണങ്ങളെ തടയണമെങ്കിൽ ഈ മന്ത്രി പ്രകാശിപ്പിച്ച ആശയമനുസരിച്ച് രാഷ്ട്രങ്ങൾ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഈ യാഥാർത്ഥ്യബോധത്തോടുകൂടിയാണ് അമേരിക്കയുടെ നേതൃത്വത്തിൽ പാശ്ചാത്യയൂറോപ്പിലെ സ്വതന്ത്രരാഷ്ട്രങ്ങൾ സംഘടിച്ച് തങ്ങളുടെ പ്രതിരോധശക്തി വർദ്ധിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തെക്കുകിഴക്കൻ യൂറോപ്പിലെ പല രാജ്യങ്ങളേയും സൈനികശക്തിയാൽ പിടിച്ചടക്കിയശേഷം പാശ്ചാത്യയൂറോപ്പിലേക്കു ദൃഷ്ടിതിരിച്ചിരിക്കുന്ന സോവ്യററുറഷ്യയെ തടഞ്ഞുനിർത്തുവാൻ തങ്ങളുടെ പ്രതിരോധശക്തിക്കുമാത്രമേ സാധിക്കുകയുള്ളുവെന്ന് ആ രാഷ്ട്രങ്ങൾക്കറിയാം. എന്നിട്ടും പ്രതിരോധനത്തിനുള്ള ആ രാജ്യങ്ങളുടെ പരിശ്രമങ്ങളെ യുദ്ധക്കൊതിയുടെ ഫലമാണെന്നും ലോകസമാധാനഭഞ്ജകമാണെന്നും അപലപിക്കുന്നത് എത്രയോ അബദ്ധം. കമ്മ്യൂണിസ്റ്റുകാരുടെ ഈ അബദ്ധാഭിപ്രായം ഏററുപാടുവാൻ ഇൻഡ്യയിൽത്തന്നെ പലരും സന്നദ്ധരായിരിക്കുന്നത് ആശ്ചര്യകരമല്ലയോ?

### കത്തോലിക്കാപത്രത്തിന്റെ പ്രവചനം അക്ഷരംപ്രതി യഥാർത്ഥീകരിക്കപ്പെട്ടു

കഴിഞ്ഞ ലോകമഹായുദ്ധത്തിനിടയ്ക്കു സ്ററാലിന്റെ ചക്കരവാക്കുകൾകേട്ട് സോവ്യററുറഷ്യയുമായി റൂസ്‌വെൽട്ടിന്റെ നേതൃത്വത്തിൽ യു എസ്സ്. എ. സഖ്യത്തിലും സൗഹാർദ്ദതയിലും കഴിഞ്ഞുകൂടാൻ തുടങ്ങിയപ്പോൾ, അമേരിക്കയിലെ "സൈൻ" എന്ന പ്രശസ്ത കത്തോലിക്കാപത്രഗ്രന്ഥം 1942 ഏപ്രിൽ ലക്കത്തിൽ ഇങ്ങനെ എഴുതിയിരുന്നു:

"വാസ്തവമെന്തെന്നാൽ, ദീർഘകാലമായി ദുരിതമനുഭവിച്ചുകൊണ്ടിരിക്കുന്ന മനുഷ്യസമുദായത്തിന്റെമേൽ കെട്ടിവച്ചിരിക്കുന്ന ഏററവും മൃഗീയമായ ഭരണസമ്പ്രദായമാണ് കമ്മ്യൂണിസം. അതിന്റെ നേതാവായ ജോസഫ് സ്ററാലിൻ ആധുനികകാലങ്ങളിലെ ഏററവും രക്തതൃഷ്ണയുള്ള മനുഷ്യഘാതകനാകുന്നു. സ്ററാലിൻ നമ്മോടു സഖ്യം ചേർന്നിരിക്കുന്നത് സ്വഹിതത്തിനു വിരുദ്ധമായിട്ടാണ്. ചെമ്പടയ്ക്ക് അപ്രതിരോധ്യമായ വിജയം കൈവരുന്നത് ദോഷരഹിതമായ നന്മയായിരിക്കുകയില്ല. റഷ്യക്ക് നാം നൽകുന്ന സഹായത്തിനു പരിമിതി കല്പിക്കേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം യൂറോപ്പിനെ കമ്മ്യൂണിസ്റ്റാധിപത്യത്തിനു വിധേയമാക്കുന്ന ചങ്ങലകളെ നിർമ്മിക്കുവാൻ നാം സഹായിക്കും."

1945 സെപ്റ്റംബറിൽ പ്രസ്തുത പത്രം എഴുതിയതിങ്ങനെയാണ്:-

"കുറെനാളത്തേക്കുകൂടി യൂറോപ്പിൽ ഒരു വലിയ സൈനികശക്തിയെ നാം വച്ചുകൊണ്ടിരിക്കേണ്ടത് അത്യാവശ്യകമാകുന്നു. നമ്മുടെ പട്ടാളക്കാർക്ക് വീട്ടിലേക്കു മടങ്ങുവാൻ ആഗ്രഹമുണ്ട്. അവരെ തിരികെ കൊണ്ടുവരുവാൻ നമുക്കും ആഗ്രഹമുണ്ട്. എന്നാൽ അവരുടെ ജോലി കഴിയുന്നതിനുമുമ്പേ അവരെ മടക്കിക്കൊണ്ടുപോരുന്നത് വിഡ്ഢിത്തമായിരിക്കും. യൂറോപ്യൻ കാര്യങ്ങളിൽ നമുക്കുള്ള സ്വാധീനശക്തിയും, ന്യായബോധം വരുത്തുവാനുള്ള നമ്മുടെ കഴിവും നമ്മുടെ സൈനികശക്തിയുടെ തോതിനെയാണ് മിക്കവാറും ആശ്രയിച്ചിരിക്കുന്നത്. നമ്മളുമായി ഇടപെട്ടുകൊണ്ടിരിക്കുന്ന ആളുകൾക്കു സായുധശക്തിയാണ് അവസാനവാക്ക്. ഇപ്പോൾ ചെയ്യേണ്ട ജോലി ഇപ്പോൾ ചെയ്തുതീർക്കുന്നതാണ് ഭാവിയിൽ പല കൊല്ലങ്ങൾകൊണ്ടു ചെയ്തുതീർക്കുന്നതിനെക്കാൾ നല്ലത്."

എത്ര പരമാർത്ഥം. യുദ്ധം അവസാനിച്ചപ്പോൾ പാശ്ചാത്യശക്തികൾ അവരുടെ സൈന്യത്തെ യൂറോപ്പിൽനിന്നു പിൻവലിക്കുകയും പിരിച്ചുവിടുകയും ചെയ്തു. സോവ്യററു റഷ്യയാകട്ടെ അവരുടെ സൈനികശക്തി അടിക്കടി വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായി അവർ തെക്കുകിഴക്കൻ യൂറോപ്പിലെ രാജ്യങ്ങളെ പിടിച്ചടക്കുവാൻ പ്രാപ്തയായി. അതുകൊണ്ടും തൃപ്തിപ്പെടാതെ യൂറോപ്പുമുഴുവനും പിടിച്ചടക്കുവാനും അതിനുശേഷം അമേരിക്കയിലേക്കു കടക്കുവാനും അവർ പ്ലാൻ ചെയ്യുകയാണെന്നു ബോദ്ധ്യപ്പെട്ടപ്പോഴാണ് പാശ്ചാത്യരാജ്യങ്ങൾ കണ്ണുതുറക്കാനും ഉണരുവാനും തുടങ്ങിയിരിക്കുന്നത്. അന്നത്തെ ബുദ്ധിശൂന്യതയ്ക്ക് അവർ ഇന്നു ദുർവഹമായ പരിഹാരം ചെയ്യുകയാണ്. സൈൻപത്രത്തിന്റെ പ്രവചനം അക്ഷരംപ്രതി നിറവേറിയിരിക്കുകയല്ലയോ?

### കമ്മ്യൂണിസ്റ്റ് തന്ത്രങ്ങൾ മുഖ്യമന്ത്രി ചൂണ്ടിക്കാണിക്കുന്നു

ചേർത്തല മുനിസിപ്പൽ കോൺഗ്രസ്സ് കൺവൻഷൻ ഉദ്ഘാടനംചെയ്തുകൊണ്ട് തിരുകൊച്ചി മുഖ്യമന്ത്രി ശ്രീ എ. ജെ. ജോൺ ചെയ്ത പ്രസംഗത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ കുതന്ത്രങ്ങളും അവ വഴിയായി ഈ നാട്ടിനു വന്നുഭവിക്കാവുന്ന നാശങ്ങളും വിശദീകരിക്കുകയുണ്ടായി:-

പുതുതായി രൂപംപ്രാപിക്കാൻ പോകുന്ന നിങ്ങളുടെ മുനിസിപ്പാലിററി നാട്ടിനും ജനങ്ങൾക്കും ഉപകാരപ്രദമായി ഭവിക്കണമെങ്കിൽ—നാടിനു് ഒരുപദ്രവമായി തീരാതിരിക്കണമെങ്കിൽ—ഈ മുനിസിപ്പാലിററിയുടെ ഭരണം ഏതു പാർട്ടിയിലുള്ളവരെയാണ് നിങ്ങൾ ഏല്പിക്കേണ്ടതെന്ന് ഞാൻ നിങ്ങളെ പ്രത്യേകം ഉപദേശിക്കേണ്ടതായില്ലല്ലോ. കോൺഗ്രസ്സ് പാർട്ടിയും ഇടതുപക്ഷവും ഇവിടെ ശക്തിയായ മത്സരത്തിൽ ഏർപ്പെട്ടിരിക്കുന്നതായി ഞാൻ അറിയുന്നു. ഇടതുപക്ഷത്തിന്റെ മുഴുവൻ ഉദ്ദേശം ഗവർമ്മെൻറിനെ എങ്ങനെയെങ്കിലും പരാജയപ്പെടുത്തി ഭരണം താറുമാറാക്കി നാട്ടിൽ അസ്വസ്ഥതയും ക്ഷാമവും വർദ്ധിപ്പിക്കണമെന്നു മാത്രമാണ്. അക്കൂട്ടരുടെ ഉദ്ദേശം നാടിന്റെ നന്മയല്ല. തൊഴിലാളികളുടേയും സാധുക്കളുടേയുംരക്ഷകരാണവരെന്നുഅവകാശപ്പെടുന്നുണ്ട്. അവരുടെ കാര്യം സാധിക്കുവാനും കുഴപ്പം സൃഷ്ടിക്കാനുമാണ് അവരുടെ പരിശ്രമം. നിങ്ങളുടെ നാടിന്റെ ക്ഷേമവും ഗുണവുമാണ് നിങ്ങൾ അഭിലഷിക്കുന്നതെങ്കിൽ നിങ്ങൾ ആരെ വിജയിപ്പിച്ച് അധികാരത്തിൽ ആക്കണമെന്ന് നിങ്ങൾ സ്വയം തീരുമാനിച്ചു പ്രവർത്തിക്കണം. മുനിസിപ്പാലിററിയിലായാലും പഞ്ചായത്തിലായാലും ഗവർമ്മെൻറിനോട് സഹകരിച്ചുപോകുന്ന പാർട്ടിക്കല്ലാതെ ജനക്ഷേമകരമായി ഒന്നും ചെയ്യുവാൻ സാധിക്കയില്ലെന്നുള്ള വസ്തുത നിങ്ങൾ ഗ്രഹിക്കണം.

കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പുകാലത്തു അരിക്കുംമററും നമുക്കു കുറെ ബുദ്ധിമുട്ടുണ്ടായിരുന്ന തക്കം നോക്കി, പൊടിയരിയെന്നും കല്ലരിയെന്നുംമററും ആക്ഷേപം പുറപ്പെടുവിച്ചും, തങ്ങൾ ജയിച്ചാൽ പലതും തരാമെന്നു് വാഗ്ദാനങ്ങൾ നടത്തിയും, ജനങ്ങളെ തെററിദ്ധരിപ്പിച്ച് ഇടതുപക്ഷങ്ങൾ ചില സ്വാർത്ഥലാഭങ്ങൾക്ക് ശ്രമിക്കുകയും ആ സന്ദർഭത്തിൽ ജനങ്ങൾ അവരെ തെററിദ്ധരിക്കുകയും ചെയ്തു. എങ്ങനേയും കുഴപ്പമുണ്ടാക്കി സ്ഥിതിഗതികൾ വഷളാക്കാനാണ് അവരുടെ സർവ്വശ്രമവും. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽത്തന്നെ കുറെഇടതുപക്ഷമെമ്പറന്മാർവിജയികളായി അസംബ്ലിയിൽവന്നിട്ട് എന്തായിരുന്നു അവർ ചെയ്തുകൊണ്ടിരുന്നത്? കുഴപ്പമുണ്ടാക്കാനല്ലാതെ രാജ്യത്തിനു ഗുണകരമായി എന്തെങ്കിലും അവർ ചെയ്തിട്ടുണ്ടോയെന്നു നിങ്ങൾ ചിന്തിക്കണം.

ഭക്ഷ്യക്ഷാമവും വസ്ത്രക്ഷാമവും പരിഹരിക്കുവാൻ ഗവമ്മെൻറ് വളരെ ക്ലേശങ്ങൾ സഹിച്ചു. ഇന്നും കുറഞ്ഞവിലയ്ക്കു് അരി വിതരണം നടത്തുവാൻ ഗവമ്മെൻറു വരുമാനത്തിന്റെ നാലിലൊരു ഭാഗം നഷ്ടപ്പെടുത്തിക്കൊണ്ടാണിരിക്കുന്നത്. ഭാരതത്തിന്റെ പഞ്ചവത്സരപദ്ധതിയിൽ ഗണ്യമായ പല പദ്ധതികൾ ഇവിടേയും ഉണ്ട്. നമ്മുടെ പദ്ധതികൾതന്നെ 27 കോടി രൂപാ ചെലവു വരുന്നതാണ്. കൃഷിവികസനപരമായ പ്രവർത്തനങ്ങളാണ് അതിലധികവും. നമ്മുടെ പഞ്ചവത്സരപദ്ധതി വിജയിക്കുമ്പോൾ ഇവിടത്തേയും ഭക്ഷ്യക്ഷാമം പരിഹൃതമാകും. കൃഷിവികസനംപോലെ തന്നെ മററു പല പദ്ധതികളും ഗവമ്മെൻറ് ആവിഷ്കരിക്കുന്നുണ്ട്. അവകൾ വിജയിച്ചാൽ നാട്ടിൽ വളരെ ക്ഷേമവും സുഭിക്ഷതയും ഉണ്ടാകുന്നതാണ്. അതു് നമ്മുടെ എതിർപാർട്ടിക്ക് ഹിതകരമല്ല. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ നിങ്ങൾ സ്വീകരിച്ച നില തെററിപ്പോയെന്നും കോൺഗ്രസ്സിനു് പരാജയം സംഭവിച്ചതു് അബദ്ധമായിപ്പോയെന്നും നിങ്ങൾ ഗ്രഹിച്ചുകഴിഞ്ഞ വിധമാണ്, ഇന്നിപ്പോൾ ഇവിടെയെത്തി നിങ്ങളുടെ മുഖം സൂക്ഷിച്ചതിലും ഈ സമ്മേളനം കണ്ടതിലും ഞാൻ കരുതുന്നത്. കഴിഞ്ഞ നിങ്ങളുടെ പരാജയഫലം ഗ്രഹിച്ച് നിങ്ങൾ വേണ്ടവിധം ഇനി വർത്തിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. മുനിസിപ്പൽതിരഞ്ഞെടുപ്പിലായാലും പഞ്ചായത്തുതിരഞ്ഞെടുപ്പിലായാലും കോൺഗ്രസ്സ്കക്ഷിക്ക് വമ്പിച്ച വിജയമാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതു നിങ്ങളും ശരിയായി ഗ്രഹിക്കണം.

### അമേരിക്കയിലെ തൊഴിലാളിദിനം സെപ്റ്റമ്പറിൽ ആദ്യത്തെ തിങ്കളാഴ്ച

മേയ് 1-ാംനു- തൊഴിലാളിദിനമായി ആചരിക്കപ്പെട്ടുവരികയാണല്ലൊ. ഇതിന്റെ ഉത്ഭവം 1886-ൽ ആണ്. അക്കൊല്ലം മേയ് 1-ാംനു-, ന്യൂയാക്ക് പട്ടണത്തിൽ, "അമേരിക്കൻ ഫെഡറേഷൻ ഓഫ് ലേബർ" എന്ന തൊഴിലാളിസംഘടനയിലേയും അമേരിക്കൻ സോഷ്യലിസ്റ്റ് പാർട്ടിയിലേയും 30,000 അംഗങ്ങൾ ഒരു വമ്പിച്ച യോഗവും പ്രകടനവും നടത്തി. ദിവസത്തിൽ എട്ടു മണിക്കൂർ മാത്രമുള്ള ജോലിക്രമത്തിനുവേണ്ടിയാണ് അതു നടത്തിയതു്. തൊഴിലാളികളുടെ വിജയങ്ങൾ കൊണ്ടാടുന്നതിനും കൂടുതൽ അവകാശങ്ങൾ വാദിച്ചുവാങ്ങുന്നതിനും വേണ്ടി മേയ് 1-ാംനു- തൊഴിലാളിദിനമായി ആചരിക്കണമെന്ന ഒരു പ്രമേയവും അവർ പാസാക്കി. മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ 2-ാം സോഷ്യലിസ്റ്റ് ഇൻറർനാഷണലിന്റെ കോൺഗ്രസ്സ് പ്രസ്തുതദിനം ഒരു സാർവ്വദേശീയദിനമായി ആചരിക്കണമെന്നും സകല രാജ്യങ്ങളിലുമുള്ള സകല തൊഴിലാളികളുടേയും ഐക്യം അന്നു് പ്രകടമാക്കണമെന്നും നിശ്ചയിച്ചു. എന്നുവരികിലും ഈ മേയ്ദിനം ക്രമേണ സോഷ്യലിസ്റ്റ്കാരുടേയും കമ്മ്യൂണിസ്റ്റ്കാരുടേയും പാർട്ടീതാല്പര്യങ്ങൾക്കും വർഗ്ഗസമരസിദ്ധാന്തത്തിനും പ്രചരണം നൽകുവാനുള്ള ഒരവസരമായി പരിണമിച്ചു. ഇന്നു് മേയ്ദിനാഘോഷം ആ രീതിയിലാണ് മിക്കവാറും എല്ലായിടത്തും നടത്തപ്പെടുന്നതു്.

എന്നാൽ തൊഴിലാളിദിനത്തിന്റെ സാക്ഷാൽ ആരംഭം 1882-ൽ ആണ്, അതായതു് മേയ്ദിനത്തിന്റെ ഉത്ഭവത്തിനു് 4 കൊല്ലം മുമ്പ്. യു. എസ്സ്. എ. യിൽ "കാർപ്പൻേററഴ്സ് യൂണിയൻ" എന്ന തൊഴിലാളി സംഘടനയുടെ സ്ഥാപകനും, അമേരിക്കൻ ഫെഡറേഷൻ ഓഫ് ലേബർ എന്ന മഹാ തൊഴിലാളിസംഘടനയുടെ സഹസ്ഥാപകനുമായ പീററർ മഗ്ഗ്വീർ (Mcguire) ആണ് "തൊഴിലാളിദിനത്തിന്റെ പിതാവ്" ആയി അംഗീകരിക്കപ്പെട്ടിരിക്കുന്നതു്. 1882-ൽ ന്യൂയോക്കിൽ സമ്മേളിച്ച സെൻട്രൽ ലേബർ യൂണിയനിലേക്ക് ഒരു ഡലഗേററായി ചെന്ന ഇദ്ദേഹം, കൊല്ലത്തിലൊരുദിവസം "തൊഴിലാളിദിനമായി" ആചരിക്കേണ്ടതാണെന്ന അഭിപ്രായം പ്രകാശിപ്പിച്ചു. ഓരോ രാജ്യത്തിന്റേയും സജീവശക്തിയായ തൊഴിലാളികളെ ബഹുമാനിക്കുവാൻ ആ ദിനം പ്രയോജനപ്പെടണമെന്നായിരുന്നു ഉദ്ദേശം. സെപ്റ്റംബർമാസത്തിലെ ഒന്നാംതിങ്കളാഴ്ച തൊഴിലാളിദിനമാക്കണമെന്നും അഭിപ്രായപ്പെട്ടു. കൊല്ലംതോറും ഏററം സുഖകരമായ കാലഘട്ടത്തിൽ വരുന്നതുകൊണ്ടും നിയമാനുസൃതമായ ഒഴിവുദിവസങ്ങളുടെ കാലഗണനയിൽ ഒത്തുചേരുന്നതുകൊണ്ടുമാണ് ആ തീയതി തൊഴിലാളിദിനമായി സ്വീകരിക്കപ്പെട്ടതു്. യു. എസ്സ്. എ. യിൽ പ്രസ്തുതദിനം—സെപ്റ്റംബറിലെ 1-ാം തിങ്കളാഴ്ച—ദേശീയതോതിൽ ഒഴിവുദിവസമായി ഇന്നു് ആചരിക്കപ്പെടുന്നു. അന്നു് പരേഡുകളും പ്രകടനങ്ങളും, തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കുംവേണ്ടിയുള്ള പിക്നിക്കുകളും ഉത്സവങ്ങളും നടക്കുന്നു. അമേരിക്കൻ തൊഴിലാളികളുടെ സാമുദായികവും സാമ്പത്തികവുമായ നേട്ടങ്ങൾക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഒഴിവുദിവസമാണ് അതു്. അവർ രാജ്യത്തിന്റെ ശക്തിക്കും അഭിവൃദ്ധിക്കും വേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾക്ക് കൊല്ലംതോറും ദേശീയമായതോതിൽഅഭിനന്ദനം രേഖപ്പെടുത്തുവാനുള്ള ദിവസമായും അതു തീർന്നിരിക്കുന്നു. അമേരിക്കൻ തൊഴിലാളികൾ പൊതുവേ മാർക്സിസം ഒരിക്കലും സ്വീകരിച്ചിട്ടില്ല. തന്മൂലം സോഷ്യലിസ്റ്റ്കാരിൽനിന്നും കമ്മ്യൂണിസ്റ്റ്കാരിൽനിന്നും വേർപെട്ടുനിന്നു് സെപ്റ്റംബറിലെ ഈ ദിനം തൊഴിലാളിദിനമായി അവർ കൊണ്ടാടിവരുന്നു.

## അടുത്തയാഴ്ചയിൽ

മേയ്

24 ഞാ: പന്തക്കുസ്താ ഞായർ
25 തി: അസ്സീസി
26 ചൊ: ഫിലിപ്നേരി
27 ബു: ബീഡ്
28 വ്യാ: അഗസ്റ്റിൻ
29 വെ: പാസിയിലെ മഗ്ദലേന
30 ശ: ജൊവാൻ ഓഫ് ആർക്ക്

---

## തിരുക്കബറിട മാടമ്പി

സുപ്രസിദ്ധ ഗ്രന്ഥകാരനായ സാഹിത്യതിലകൻ ഫാദർ സി. കെ മററം അവർകളെ പരിശുദ്ധ സിംഹാസനത്തിലെ കല്പനപ്രകാരം ജറൂസലേം പാത്രിയർക്കീസ് തിരുമനസ്സുകൊണ്ട് തേറാസാംക്താ ദേവാലയത്തിൽവച്ച്, തിരുക്കബറിടത്തിന്റെ മാടമ്പിയായി ഉയർത്തിയിരിക്കുന്നു. ഫാദർ മററം ഒന്നരമാസത്തോളം പലസ്തീനായിലെ തിരുസ്ഥലങ്ങൾ സന്ദർശിച്ച് വണങ്ങിയശേഷം, മേയ് മാസം പത്താംതീയതി ബോംബെയിൽവിമാനമാർഗ്ഗം വന്നിറങ്ങി. പല സംഘങ്ങളുടേയും ആഭിമുഖ്യത്തിൽ സ്വീകരണങ്ങളും നടന്നു. ഇദ്ദേഹം ഈ മാസം 18-ാംനു- തിങ്കളാഴ്ച ബി. ഒ. എ. സി. കമ്പനിവക വിമാനത്തിൽ കൊളമ്പിനു പറക്കുന്നതാണ്. സിലോൺ പര്യടനത്തിനിടയിൽ പേപ്പൽ സെമിനാരി സന്ദർശിക്കുന്നതും, കുറെ ദിവസം അവിടെ വിശ്രമിക്കുന്നതുമാണ്. ജൂലൈമാസത്തിൽ മലയാ, സിങ്കപ്പൂർ രാജ്യങ്ങളിൽക്കൂടി സഞ്ചരിച്ചേ മലയാളത്തേക്കു മടങ്ങുകയുള്ളു വെന്നാണറിയുന്നതു്.

(5-ാംപേജ് തുടർച്ച)

സ്റ്റ്പാർട്ടി പൂർണ്ണമായി സഹകരിക്കുന്നതാണ്" എന്നും, അവർ പെരുമ്പറയടിച്ചു പ്രചരണം നടത്തി. അന്നവർ എന്തിനുവേണ്ടിയാണു് നെഹ്റുവിനെ പുകഴ്ത്തിയതും, ദേശീയനേതൃത്വത്തെ അനുകൂലിച്ചതും? ഇൻഡ്യയെ റഷ്യൻ ചേരിയിൽ കുടുക്കിയിടുവാൻ—റഷ്യൻ സാമ്രാജ്യത്വത്തിൻെറ "സ്വാധീനവലയ"ത്തെ ഇൻഡ്യയിലേക്കും വികസിപ്പിക്കുവാൻ—കിഴക്കൻ യൂറോപ്പിനെ മറച്ചിരുന്ന ഇരുമ്പുമറകൊണ്ടു് ഇൻഡ്യയേയും മൂടികളയുവാൻ — അതിനുവേണ്ടിയാണവർ ഈ മൂന്നാംതരം പുകഴ്ത്തൽത്തട്ടിപ്പുംകൊണ്ടു് രംഗപ്രവേശം ചെയ്തതു്. പക്ഷെ, ഈ തട്ടിപ്പിലകപ്പെടത്തക്കവിധം ഇൻഡ്യൻ ദേശീയനേതൃത്വത്തിനു് അത്രയേറെ ബുദ്ധിപരവും രാഷ്ട്രീയവുമായ പാപ്പരത്തം സംഭവിച്ചിരുന്നില്ല.

ഈ തട്ടിപ്പു ചിലവാകുകയില്ലെന്നു കണ്ടപ്പോൾ, അവർ നയംമാററി; മുദ്രാവാക്യം മാററി. ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ കൽക്കത്താകോൺഗ്രസ്സ് നെഹ്റു സർക്കാരിനെതിരായി സായുധവിപ്ലവത്തിനു് അന്തരീക്ഷത്തിലേക്കു് ആഹ്വാനംകൊടുത്തു. വൻകിട മുതലാളിത്തമെന്നും ദേശീയമുതലാളിത്തമെന്നും മുതലാളിത്തത്തെ രണ്ടായി തരംതിരിക്കുക, പ്രോലറേററിയൻ ഡിക്റ്റേററർഷിപ്പിനുപകരം പീപ്പിൾസ് ഡെമോക്രസിയുണ്ടാക്കുക, ചൈനാമാർഗ്ഗം വെട്ടിത്തുറക്കുക മുതലായ മാർക്ക്സിസ്റ്റ് വിരുദ്ധവും അശാസ്ത്രീയവുമായ വിഡ്ഢിത്തങ്ങളായിരുന്നു രണദിവേയുടെ കുപ്രസിദ്ധമായ കൽക്കത്താതീസിസ്സ്. ഒളിപ്പോരും ഭീകരപ്രവത്തനങ്ങളുമായിരുന്നു കമ്മ്യൂണിസ്റ്റ് ഇടയന്മാർ കുഞ്ഞാടുകൾക്കു കൊടുത്ത തുങ്ങിച്ചാകൽ പരിപാടി. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ആനുകൂല്യത്തോടുകൂടി നടന്ന വിഭജനത്തിൻെറ ഫലമായുണ്ടായ ദുരിതങ്ങളേയും പേറിക്കൊണ്ടു്, പതറിച്ചയോടുകൂടിയാണെങ്കിലുംതല ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്ന ഇൻഡ്യയുടെ പിറകിൽനിന്നു കുത്തുവാനാണവർ ശ്രമിച്ചതു്.

ആ ശ്രമത്തിൻെറ ഫലമെന്തായി എന്നു നാം കണ്ടുകഴിഞ്ഞു. ഏതാനും പാർട്ടികുഞ്ഞാടുകൾ ഭ്രാന്തൻ നായ്ക്കളെപ്പോലെ രാഷ്ട്രീയവും സാംസ്കാരികവുമായ രംഗങ്ങളിൽ ഓടിനടന്നു കുറെ ആളുകളെ കടിച്ചു എന്നതിൽ കവിഞ്ഞൊന്നുംചെയ്യുവാൻ അവർക്കു കഴിഞ്ഞില്ല. പക്ഷെ, കൽക്കത്താ തീസിസ്സിൻേറയും കൽക്കത്താ പരിപാടിയുടേയും ഫലമെന്തായി എന്നതല്ല, അതെന്തിനുവേണ്ടി ഉണ്ടായി എന്നതാണു് പ്രശ്നം. പുകഴ്ത്തലിൽ അകപ്പെടാത്ത നെഹ്റുവിനെ ഭീഷണിപ്പെടുത്തി റഷ്യൻ സാമ്രാജ്യചക്രത്തിൽ കെട്ടിയിടാമെന്നായിരുന്നു അവരുടെ വ്യാമോഹം.

അക്കാലത്താണു് കേരളത്തിലെ കമ്മ്യൂണിസ്റ്റ് കുഞ്ഞാടുകൾ, കൽക്കത്താ തീസിസ്സ് എന്ന പുലിവാൽ കേരളത്തിലെ ബുദ്ധിജീവികളെക്കൊണ്ടു പിടിപ്പിക്കുവാൻ, തൃശ്ശൂർ പുരോഗമനസാഹിത്യസമ്മേളനത്തിൽവെച്ചു് ഒരു വിഫലശ്രമം നടത്തിയതു്. അപ്പോഴേക്കു്, ലോകകമ്മ്യൂണിസ്റ്റുപാർട്ടി, റഷ്യൻ സാമ്രാജ്യത്തിൻെറ ചാരവൃത്തിക്കും പ്രചരണത്തിനും ഉള്ള സംഘടനയാണെന്നു എനിക്കു ബോദ്ധ്യമായിക്കഴിഞ്ഞിരുന്നു. അതുകൊണ്ടു്, മാർക്സിസത്തിൻേറയും അദ്ധ്വാനിക്കുന്ന വർഗ്ഗത്തിൻേറയും പേരിൽ കൊണ്ടുനടക്കുന്ന ആ സാമ്രാജ്യത്തട്ടിപ്പിനെ എതിർക്കുവാനുള്ള ധീരത എനിക്കു സിദ്ധിച്ചിരുന്നു. ഇന്നലെ കഴിഞ്ഞതുപോലെ ഞാനിന്നും ഓർക്കുന്നുണ്ടു്, ഇടതുപക്ഷസാഹിത്യകാരന്മാരുടെ മാനിഫെസ്റ്റോ എന്ന വ്യാജേന പകർത്തിക്കൊണ്ടുവന്ന കൽക്കത്താ തീസിസ്സിനെ എതിർക്കുവാൻ ഒരുതുണ്ടു കടലാസ്സിലെഴുതിയ പ്രമേയവുമായി ഞാൻ പ്ലാററുഫാറത്തിലേക്കു ചാടിക്കയറിയതു്. അങ്ങനെ, കേരളത്തിലെ ബുദ്ധിജീവികളെ റഷ്യൻ സാമ്രാജ്യപ്രചാരകന്മാരാക്കുവാനുള്ള ശ്രമത്തെ പരാജയപ്പെടുത്തുവാൻ മുൻകൈയെടുത്തു എന്നതിൽ ഞാൻ അഭിമാനംകൊള്ളുന്നുണ്ടു്. അന്നാരംഭിച്ച ആ എതിർപ്പിനു്, ദിനന്തോറുമെന്നപോലെ, ശക്തി വർദ്ധിക്കുന്നുമുണ്ടു്.

പക്ഷെ, തുറന്നെതിർക്കാൻ തുടങ്ങുന്നതിനുമുമ്പുള്ള എൻെറ മാനസികമായ വേദന ദുസ്സഹമായിരുന്നു. തൻെറ വിശ്വാസവും, ജീവനെത്തന്നെയും അർപ്പിച്ചിരുന്ന കാമുകിയിൽ സംശയാലുവായിത്തീന്ന കാമുകനെപ്പോലെ, വേദനാനിർഭരവും നിദ്രാഹീനവുമായ നിശകൾ പലതും ഞാൻ തള്ളിവിട്ടിട്ടുണ്ടു്. മാർക്സിസത്തിൻെറ മറവിൽ നടന്നുകൊണ്ടിരുന്ന കാപട്യങ്ങളേയും ക്രൂരതയേയും നോക്കിക്കൊണ്ടു്, ആർക്കുവേണ്ടി? എന്തിനുവേണ്ടി? എന്നിങ്ങനെ ചോദ്യങ്ങൾ ഉരുവിട്ടുകൊണ്ടു്, ഞാൻ തള്ളിവിട്ട ആ കാലം, എൻെറ ജീവിതത്തിലെ ഏററവുമധികം വേദനനിറഞ്ഞ കാലമായിരുന്നു.

ആ കാലഘട്ടത്തിൽ ഞാനനുഭവിച്ച വേദനകളുടെ പ്രതിഫലനമാണു്, "ആർക്കുവേണ്ടി?" എന്ന ഈ ചെറുനോവൽ.

## ഇടവകവാർത്തകൾ

വല്ലം: ഇടവകയിലെ വിൻസെൻറ് ഡി പോൾ സഖ്യം, സി. വൈ. എം. എ., സൊഡാലിററി എന്നിവയുടെ സംയുക്ത വാർഷികം ഏപ്രിൽ 26-ാംനു- റവ. ഫാ. അഗസ്റ്റിൻ കണ്ടത്തിൽ എം. എസ്സ്സി. അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. മി. എ. ഒ. വക്കി ബി. എ., മിസ്സ് തെരേസാ ഡോമിനിക്കു് ബി. എ. എന്നിവർ പ്രസംഗിച്ചു.

—വാഴൂർ: വിൻസെൻറ് ഡി പോൾ സഖ്യത്തിൻേറയും ലീജിയൻ ഓഫ് മേരിയുടേയും ദ്വിതീയവാർഷികം ഏപ്രിൽ 26-ാം തീയതി റവ. ഫാ. ജി. സി. ടൈലാർ അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടപ്പെട്ടു. മെ. വി. ജെ. വക്കി ബി. എ. ബി. എൽ., എൻ. എ. ജോർജ്ജ് ബി. എസ്സ്സി., ഡോമിനിക്ക് ചെറിയാൻ എന്നിവർ പ്രസംഗിക്കുകയും മി. ജോസഫ് മാരാരിക്കുളം വി. ഫിലോമിനായുടെ ജീവചരിത്രത്തെ ആസ്പദമാക്കി ഒരു കഥാപ്രസംഗം നടത്തുകയും ചെയ്തു.

—കുരുവനാൽ: റവ. ബ്രദർ ജോസഫ് ചൊള്ളനാൽ ഏപ്രിൽ 26-ാംനു- മദ്രാസ് മെത്രാപ്പോലീത്തായിൽനിന്നും ഗുരുപ്പട്ടം സ്വീകരിക്കുകയും 29-ാംനു- സ്വന്തം ഇടവകയായ കുരുവനാൽ പള്ളിയിൽ ദിവ്യബലിയർപ്പിക്കുകയും ചെയ്തിരിക്കുന്നു.

—കാഞ്ഞിരത്താനം: ചെറുപുഷ്പമിഷൻലീഗിൻേറയും സൊഡാലിററികളുടെയും സംയുക്ത വാർഷികം മേയ് 3-ാംനു- റവ. ഫാ. പസ്റ്റാസിയൂസ് സി. ഡി. യുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. മെ. വറുഗീസ് കാഞ്ഞിരത്തുങ്കൽ, സി. എം. സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. യോഗത്തോടനുബന്ധിച്ചു് "ഫിലോമിന", "മണിമേട" എന്നീ പ്രഹസനങ്ങൾ അഭിനയിക്കപ്പെട്ടു.

—മോനിപ്പള്ളി: വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ദ്വിതീയവാർഷികം മേയ് 3-ാംനു- റവ. ഫാ. മാത്യു വെള്ളാമ്പാട്ടു് അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. ബ്ര. ടി. ജെ. തോമസ് ബി. എ. ബി. എൽ. പ്രസംഗിച്ചു.

—നെല്ലിമററം: മരിയാസഖ്യത്തിൻെറ വാർഷികം ഏപ്രിൽ 26-ാംനു- റവ. ഫാ. തോമസ് വട്ടോലിയുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു.

—തൃശ്ശൂർ രൂപതയിലെ കത്തോലിക്കാ പ്രവത്തനസംഘടനയുടെ വാർഷികവും രൂപതാദ്ധ്യക്ഷൻ തിരുമനസ്സിലെ ജൂബിലിയും സെൻറ് തോമസ് കോളെജിൽ മേയ് 1-ാംനു- സാഘോഷം കൊണ്ടാടിയിരിക്കുന്നു.

—മാന്ദ്ര: മരിയസഖ്യത്തിൻെറ രണ്ടാമതു് വാർഷികയോഗം ശ്രീ പി. ഡി. തൊമ്മൻ എം. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. മി. പി. സി. ജോസഫ് ബി. എ. പ്രസംഗിച്ചു. യോഗാനന്തരം "ഭൃതങ്ങൾ" എന്ന പ്രഹസനം അഭിനയിക്കപ്പെടുകയുമുണ്ടായി.

—അകപ്പറമ്പു് പള്ളിയിൽ മേയ് 26, 27, 28 എന്നീ തീയതികളിൽ നാല്പതുമണിയാരാധന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആരാധനയ്ക്കൊരുക്കമായിട്ടുള്ള ജ്ഞാനധ്യാനം മേയ് 22-ാം തീയതി ആരംഭിക്കുന്നതാണു്.

—വെച്ചൂർ: മരിയാസഖ്യത്തിൻെറയും വിൻസെൻറ് ഡിപോൾ സഖ്യത്തിൻെറയും സംയുക്ത വാർഷികം മേയ് 10-ാംനു- ശ്രീ മാത്യു എം. പാണാട്ടു് ബി. എ. ബി. ടി. യുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. റവ. ആൻറണി ഇലവങ്കുടി ബി. എ., മി. പി. ഡി. തോമസ് എന്നിവർ പ്രസംഗിച്ചു. യോഗത്തിൽവച്ചു് "പാവങ്ങൾക്കായുള്ള മിച്ചനിക്ഷേപബാങ്കു്" ഉൽഘാടനം ചെയ്യപ്പെടുകയുമുണ്ടായി.

—പൊൻകുന്നം: ചന്തക്കവലയിലുള്ള അമലോത്ഭവജൂബിലികപ്പേളയിൽ പതിവനുസരിച്ചുള്ള മേയ്മാസ വണക്കാഘോഷങ്ങൾ ഇക്കൊല്ലവും നടത്തിവരുന്നു.

—മൈലക്കാട്ടു്: വി. ഗീവറുഗീസിൻെറ തിരുനാളിനോടനുബന്ധിച്ചു് ശ്രീ കൈമാപറമ്പൻ ഒരു കഥാപ്രസംഗം നടത്തുകയുണ്ടായി.

## ചരമം

കിഴക്കമ്പലം: കോയിക്കര അന്തോണി ഭാര്യ ത്രേസ്യ മേയ് 5-ാംനു- 70-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.

—തിരുവമ്പാടിയിൽ സത്യദീപം വിതരണംചെയ്യുന്ന മി. വി. വി. വക്കി പാമ്പുകടിയേററു് മേയ് 6-ാംനു- 18-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

R. I. P.

## തിരുക്കൊച്ചിവാർത്തകൾ

### മുദ്രാവാക്യങ്ങൾ എഴുതിയ നോട്ടുകൾ സ്വീകാര്യമല്ല

എന്തെങ്കിലും രാഷ്ട്രീയസ്വഭാവമുള്ള സന്ദേശങ്ങൾ വഹിക്കുന്ന എഴുത്തുകളോടുകൂടിയ ബാങ്കുനോട്ടുകളും കറൻസിനോട്ടുകളും നിയമപ്രകാരം അസാധുവാണെന്നും അവ സ്വീകരിക്കുകയോ മാററുകയോ ചെയ്യാൻ റിസർവ് ബാങ്കു് ബാദ്ധ്യസ്ഥമല്ലെന്നും ചൂണ്ടിക്കാണിച്ചുകൊണ്ടും നോട്ടുകളിൽ മുദ്രാവാക്യങ്ങൾ എഴുതുന്നതിനും അപ്രകാരം എഴുതിയിട്ടുള്ള നോട്ടുകൾ സ്വീകരിക്കുന്നതിനും എതിരായി പൊതുജനങ്ങൾക്കു് മുന്നറിയിപ്പു നൽകിക്കൊണ്ടും ഇൻഡ്യാഗവർമ്മെൻറു് ഒരു പ്രസ്സ്നോട്ടു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

### പോസ്റ്റാഫീസുകൾക്കു് നമ്പർ കൊച്ചിയിലും എറണാകുളത്തും

മദ്രാസ്, ബാംഗളൂർ, മംഗലാപുരം, കോഴിക്കോട്ടു് എന്നീ മേഖലകളിലെ പോസ്റ്റാഫീസുകൾക്കു നമ്പരുകൾ നൽകിയിട്ടുള്ളതുപോലെ ഏപ്രിൽ 1-ാംനു- മുതൽ കൊച്ചി, എറണാകുളം പോസ്റ്റാഫീസുകൾക്കു് നമ്പർ നൽകുന്ന സമ്പ്രദായം ഏപ്പെടുത്തിയിരിക്കുന്നു. കൊച്ചിയിലെ അഞ്ചു ഡലിവറി പോസ്റ്റാഫീസുകളും എറണാകുളത്തെ നാലു പോസ്റ്റാഫീസുകളും മേലാൽ താഴെ പറയുന്ന നമ്പരുകളിൽ അറിയപ്പെടുന്നതാണു്.

| | | |
|---|---|---|
| കൊച്ചി ഹെഡ്ഓഫീസ് | കൊച്ചി | 1 |
| മട്ടാഞ്ചേരി സബ്ഓഫീസു | " | 2 |
| വില്ലിങ്ങ്ടൺ ഐലണ്ടു് സബ്ഓഫീസു | " | 3 |
| നേവൽബേസു " | " | 4 |
| പള്ളുരുത്തി " | " | 5 |
| എറണാകുളം " | എറണാകുളം | 1 |
| പച്ചാളം " | " | 2 |
| തേവര " | " | 3 |
| ടാററാപുരം " | " | 4 |

മെയിലുകൾ ശരിയായിസോർട്ട് ചെയ്യുന്നതിനും കണിശമായി ഡലിവർ ചെയ്യുന്നതിനും ഈ നമ്പരിടീൽ സഹായകമായിരിക്കും. ഈ സ്ഥലങ്ങളിലേക്കു് ഉരുപ്പടികൾ അയക്കുന്നവർ ഇതനുസരിച്ചു മേൽവിലാസം എഴുതേണ്ടതാണു്.

### ആൻഡമൻ കുടിയേററം

ഉത്തര ആൻഡമൻദ്വീപിൽ കുടിയേറിപ്പാർക്കുവാനുദ്ദേശിക്കുന്ന കുടുംബങ്ങൾ അതതു പ്രദേശത്തുള്ള താസിൽദാരന്മാരെ വിവരമറിയിക്കണമെന്നു് പബ്ളിക് റിലേഷൻസ് ഡയറക്റ്റർ വിജ്ഞാപനംചെയ്തിരിക്കുന്നു. 10 ഏക്കർ ഭൂമി, ആവശ്യമുള്ള റേഷൻ, വനപ്രദേശങ്ങളിലെ ജോലിക്കു് പ്രതിദിനം 2ക. കൂലി എന്നിവയ്ക്കു പുറമെ, ഭവനനിർമ്മാണം, കൃഷി തുടങ്ങിയ പ്രഥമ വിളവെടുപ്പുവരെയുള്ള ആവശ്യങ്ങൾക്കായി തിരിച്ചുകൊടുക്കേണ്ട വ്യവസ്ഥയിൽ 2000 ക. കടമായും തിരുക്കൊച്ചിയിൽനിന്നു പോകുന്നവർക്കു് നൽകപ്പെടുന്നതാണെന്നു് അറിയിപ്പിൽ പറഞ്ഞിരിക്കുന്നു.

### ക്ഷാമബത്ത

ഗവമ്മെൻറുദ്യോഗസ്ഥന്മാരുടെ സ്ഥിതി ഭേദപ്പെടുത്തുന്നതിനു് അവരുടെ ക്ഷാമബത്തയുടെ പത്തിലൊന്നു് ശമ്പളത്തിൽ ലയിപ്പിക്കുവാൻ ഗവമ്മെൻറു് ഉത്തരവായിരിക്കുന്നു. ഏപ്രിൽ 1-ാംനു-മുതൽ ഇതു നടപ്പിൽവരുന്നതും എല്ലാ ഉദ്യോഗസ്ഥന്മാരെയും ഇതു ബാധിക്കുന്നതുമാണെന്നറിയുന്നു.

### പരീക്ഷാഫലങ്ങൾ

ഇക്കൊല്ലത്തെ എസ്. എസ്. എൽ. സി. പരീക്ഷാഫലം മേയ് 15-ാംനു- പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. നാല്പതിനായിരത്തോളംപേർ പരീക്ഷയ്ക്കു ചേന്നിരുന്നു. 45 ശതമാനത്തോളം പേർ വിജയികളായിട്ടുണ്ടു്. സർട്ടിഫിക്കററു് ഒരാഴ്ച്ചക്കം സ്കൂൾമേധാവികളിൽനിന്നും ലഭിക്കുന്നതാണെന്നറിയുന്നു.

കൂടാതെ ററി ററി. സി. (അദ്ധ്യാപകട്രെയിനിംഗ്പരീക്ഷ), മലയാളം തമിഴ് ഹയർ, അറബി മുൻഷി, തുന്നൽ, തയ്യൽ, ശാസ്ത്രി ടെസ്റ്റ്, സംഗീതം മുതലായ പരീക്ഷകളുടെ ഫലങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

സത്യദീപം വരിസംഖ്യ
പ്രതിവഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കു പുറമെ " 8—0—0

## ഇൻഡ്യാ വാർത്തകൾ

### വിദേശമിഷനറിമാർ

മതസംബന്ധമായ കാര്യങ്ങൾക്കായി ഇൻഡ്യയിലേക്കുവരുന്ന വിദേശീയരുടെമേൽ പൊതുവെ യാതൊരുവിധനിയന്ത്രണവും ഏപ്പെടുത്തിയിട്ടില്ലെന്നും അവരുടെ പ്രവത്തനം ഇൻഡ്യക്കു ഹാനികരമാണെന്നു കരുതപ്പെടുന്ന ചില അതിർത്തിപ്രദേശങ്ങളിൽമാത്രം കുറെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പ്രധാനമന്ത്രി നെഹ്റു മേയ് 13-ാംനു- പാർലമെൻറിൽ പ്രസ്താവിച്ചിരിക്കുന്നു.

### കോൺ. വാർഷികം

ഇൻഡ്യൻ നാഷനൽ കോൺഗ്രസിൻെറ 59-ാമതു വാർഷികസമ്മേളനം പശ്ചിമബംഗാളിൽവച്ചു നടത്തുവാൻ കോൺ. വക്കിംഗ് കമ്മിററി തീരുമാനിച്ചിരിക്കുന്നു.

## വിദേശവാർത്തകൾ

### മാർപ്പാപ്പാ തിരുമനസ്സിലെ ആഹ്വാനം

വിദേശപത്രപ്രതിനിധികൾക്കു് മേയ് 12-ാംനു- സന്ദശനമനുവദിച്ച അവസരത്തിൽ 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഇപ്രകാരം പ്രസ്താവിച്ചു: വിശ്വശാന്തിക്കുള്ള പ്രഥമവും അനിവാര്യവുമായ വ്യവസ്ഥ എന്ന നിലയിൽ രാഷ്ട്രശക്തികൾ ഹൃദയംതുറന്നു വിശ്വാസപൂർവ്വം കൂടിയാലോചനകൾ നടത്തേണ്ടിയിരിക്കുന്നു. എന്നാൽ അതുകൊണ്ടുമാത്രം സമാധാനത്തിനു് ഉറപ്പുലഭിക്കും എന്നല്ല വിവക്ഷിക്കുന്നതു്. ശാന്തിയിലേക്കുള്ള ആദ്യത്തെ പടിയാണതു്. അതു കടക്കാതെ തരമില്ലതാനും. പരസ്പരം കൂടിക്കണ്ടു സംസാരിക്കാതെ ലക്ഷ്യത്തിലേക്കു കാൽ വയ്ക്കുന്നതെങ്ങനെയെന്നു് അറിയുക സാദ്ധ്യമല്ല. കത്തോലിക്കാസഭ രാഷ്ട്രീയശക്തിയായിരിക്കാൻ ആശിക്കുന്നില്ല. ആഗ്രഹിച്ചിട്ടുമില്ല. രാഷ്ട്രീയമാർഗ്ഗങ്ങളിലൂടെയുള്ള യാതൊരു രാഷ്ട്രീയലക്ഷ്യവും സഭയ്ക്കില്ല. തിരുസഭ നിഷ്പക്ഷവും സ്വതന്ത്രവുമാണു്. യാതൊരു രാഷ്ട്രീയചേരിയിലും സഭ ഒട്ടിച്ചേർന്നു നില്ക്കാറില്ല.

### സാർവ്വദേശീയ മാതൃത്വസമ്മാനം

"സ്നേഹത്തിൻേറയും സഹാനുഭൂതിയുടേയും ധാരണയുടേയും അന്തരീക്ഷത്തിൽ മക്കളെവളത്തി" അങ്ങനെ മനുഷ്യരാശിക്കു് സേവനമനുഷ്ഠിക്കുന്നവക്കു് അമേരിക്കൻ മദേഴ്സ് കമ്മിററി നൽകിവരാറുള്ള സമ്മാനങ്ങളിൽ ഒന്നു് ഇൻഡ്യയിൽ മിസിസ് ഇന്ദിരാ ഗാന്ധിക്കു (നെഹ്റുവിൻെറ പുത്രി) ലഭിച്ചിരിക്കുന്നു.

# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

ഹെഡാഫീസ : ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, കോഴിക്കോട്ട, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല തിരുവനന്തപുരം.

## അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9.90,671 | 15,39,463 | 21,80,311 |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30,676 |
| 1948 | 5,50,490 | 12,16,474 | 17,09.083 | 24,63,575 |
| 1949 | 5,92,310 | 13,17,211 | 17,20,138 | 25,26,296 |
| 1950 | 5,95,250 | 15,49,021 | 20,90,505 | 28,37,573 |
| 1951 | 5,95,750 | 19.39,775 | 25,13,6[illegible]4 | 32,22,250 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കുഞ്ചെറിയാററി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ)


## ചോദ്യോത്തരപംക്തി

**ചോ:** ഹിന്ദുക്കൾ, മഹമ്മദീയർ തുടങ്ങി കുറെപ്പേർ രക്ഷപ്രാപിക്കുമെന്നു മുൻലക്കങ്ങളിൽ പ്രസ്താവിച്ചിരുന്നല്ലോ. എല്ലാ മതങ്ങളും ഒരുപോലെ നല്ലതാണെന്നല്ലേ അതിൽനിന്നും അനുമാനിക്കേണ്ടതു?

**ഉ:** ആ അനുമാനം അടിസ്ഥാനരഹിതമാണു്. സ്വന്തം മനസ്സാക്ഷിക്കൊത്തവണ്ണം ജീവിക്കുകയും തങ്ങളുടെ അറിവിൽപ്പെട്ടവണ്ണം ദൈവഹിതമനുവർത്തിക്കുകയും ചെയ്യുന്ന മററു മതസ്ഥരും രക്ഷ പ്രാപിക്കാനിടയുണ്ടെന്നതു വാസ്തവം. അതു പരോക്ഷമായ ആഗ്രഹം വഴിയായിട്ടെങ്കിലും കത്തോലിക്കാസഭയുടെ അംഗങ്ങളായി ഭവിക്കുന്നതുകൊണ്ടാണെന്നും ഞങ്ങൾ സമർത്ഥിച്ചിരുന്നു. ആകയാൽ എല്ലാമതങ്ങളും ഒരുപോലെ രക്ഷാമാർഗ്ഗങ്ങളാണെന്നു വരുന്നില്ല.

ഇവിടെ ഒരു സംഗതി പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. നാം താരതമ്യപ്പെടുത്തുന്നതു മതങ്ങളെയാണു്, മതാനുയായികളെയല്ല. തെററായ മതത്തിലെ ഒരംഗം ഉത്തമവിശ്വാസത്തോടെ ജീവിച്ചുവെന്നും തൽക്കാരണത്താൽ ദൈവം അയാൾക്കു രക്ഷാകരമായ വരപ്രസാദം നൽകിയെന്നും വരാവുന്നതാണു്. അതുകൊണ്ടു് ആ മതം ശരിയാണെന്നു വരുന്നില്ല. ഏതത്സംബന്ധമായി മാർട്ടിൻ ജെ. സ്കോട്ടു് എന്ന പണ്ഡിത ജസ്യൂട്ട വൈദികൻ എഴുതിയിരിക്കുന്നതു ശ്രദ്ധാർഹമായിരിക്കുന്നു: "ഒരാൾ തെററായ ഒരു തീവണ്ടിയിൽ കയറിയെന്നും അവസാനം ഉദ്ദിഷ്ടസ്ഥാനത്തു ചെന്നെത്താൻ സംഗതിയായെന്നും വരാം. അതുകൊണ്ടു് അതു ശരിയായ വണ്ടിയാകുന്നില്ല. ഒരാൾ തെററായ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും എന്നിട്ടും കാലാന്തരത്തിൽ എത്തേണ്ടിടത്തു് എത്താനിടവരുകയും ചെയ്യുകയെന്നതും സംഭാവ്യമാണു്. അതുകൊണ്ടു് അയാൾ പോയ വഴി ശരിയായതാണെന്നു വരുന്നില്ല. ചില മനുഷ്യർ ശരിയായ നിർദ്ദേശങ്ങൾ ലഭിച്ചാലും വഴിതെററിപ്പോകുന്നു; മററു ചിലർ തെററായ നിർദ്ദേശങ്ങൾ സ്വീകരിച്ചാലും ശരിയായ വഴിക്കു പ്രയാണം ചെയ്യാനിടവരുന്നു. അനേകം കത്തോലിക്കർ തങ്ങളുടെ മതത്തിൻെറ നിലവാരത്തിനു് താഴെയാണെന്നും എന്നാൽ പല പ്രോട്ടസ്റ്റൻറുകാരും തങ്ങളുടെ മതത്തിൻെറ നിലവാരത്തിനു മുകളിലാണെന്നും കാർഡിനൽ ന്യൂമൻ പ്രസ്താവിച്ചപ്പോൾ അദ്ദേഹം ഇതാണു വിവക്ഷിച്ചതു്. വാസ്തവത്തിൽ മതം അതിൻെറ അനുയായികളിൽ യാതൊരു ബലവും പ്രയോഗിക്കുന്നില്ല. മതം ശരിയായ മാർഗ്ഗം ഏതാണെന്നു ചൂണ്ടിക്കാണിക്കുകയും അതിൽക്കൂടി പ്രയാണം ചെയ്യാനുള്ള സഹായം നൽകുകയും ചെയ്യുന്നു. സത്യമതത്തിലെ ഒരംഗം ദുഷിച്ച ജീവിതം നയിച്ചെന്നും, അങ്ങനെ സ്വന്തം ആത്മാവിനെ നാശത്തിലാക്കിയെന്നും വരാം. അതുപോലെ തെററായ ഒരു മതത്തിലെ ഒരംഗം മനസ്സാക്ഷിപ്രകാരം ജീവിച്ചുകൊണ്ടു് തൻെറ ആത്മാവിനെ രക്ഷിച്ചെന്നും വരാം. അതു അസത്യമതത്തെ സത്യമതം ആക്കിത്തീർക്കുകയോ സത്യമതത്തെ അസത്യമതമാക്കിത്തീർക്കുകയോ ചെയ്യുന്നില്ല.

"ഏതു ജീവിതരംഗത്തായാലും അസാധാരണനായ ഒരു വ്യക്തി തൻെറ സഹവർത്തികളുടെ ആദർശങ്ങളുടെയും ജീവിതചര്യയുടേയും നിലവാരത്തിനു മേലെ ഉയർന്നുവെന്നു വരാവുന്നതാണു്. എന്നാൽ മതത്തിൻെറ വിഷയം അത്തരം അപവാദങ്ങൾ മാത്രമല്ല, സാമാന്യനിലയിലുള്ള മനുഷ്യവർഗ്ഗം മുഴുവനുമാണു്. സാമാന്യമായ തത്വമനുസരിച്ചു് അബദ്ധമായ ഒരു മതം അതിൻെറ അനുയായികളെ തെററായ വിധത്തിൽ നയിക്കുകയും സത്യമതം അതിൻെറ അനുയായികളെ ശരിയായ വിധത്തിൽ നയിക്കുകയും ചെയ്യും.

"ആകയാൽ ഒരുമതം മറേറതൊരു മതത്തെയുംപോലെതന്നെ നല്ലതാണെന്ന പ്രസ്താവം ശരിയാണോ? തെററായ ഒരു വഴികാട്ടി ശരിയായ ഒരു വഴികാട്ടിയെപ്പോലെ നല്ലതാണെന്ന പ്രസ്താവത്തിനുള്ളതിനെക്കാൾ കൂടുതലായ യാഥാർത്ഥ്യം അതിനില്ല." ("Things Catholics Are Asked About" Chapter VII)

**ചോ:** മററു മതങ്ങളിലും രക്ഷ പ്രാപിക്കാനുള്ള സാധ്യതയുണ്ടെങ്കിൽ പിന്നെയെന്തിനാണു തങ്ങളുടെ മതം സത്യമെന്നുള്ള വിശ്വാസത്തോടെ ജീവിച്ചുവരുന്നവരെ സുവിശേഷപ്രസംഗംവഴി സംശയാലുക്കളാക്കുന്നതു്?

**ഉ:** മററു മതങ്ങളിൽ രക്ഷപ്രാപിക്കാനുള്ള സാധ്യത ഫാദർ മാർട്ടിൻ ജെ സ്കോട്ടിൻെറ ഭാഷയിൽ പറഞ്ഞാൽ ഒരു വള്ളത്തിൽ അററ്ലാൻറിക് മഹാസമുദ്രം തരണംചെയ്യാനുള്ള സാധ്യതപോലെയാണു്. ആധുനികരീതിയിലുള്ള ഒരു ആവിക്കപ്പലിൽ യാത്രചെയ്യുവാൻ സാധിക്കുമെങ്കിൽ വല്ലവരും തണ്ടുകൾവച്ചു ഓടിക്കുന്ന ഒരു വള്ളത്തിനു സ്വയം ഭരമേല്പിക്കുമോ എന്നദ്ദേഹം ചോദിക്കുന്നു.

സ്വമതം സാക്ഷാത്തായ രക്ഷാമാർഗ്ഗമാണെന്നുള്ള ഉത്തമവിശ്വാസവും ഉറപ്പും ഉള്ളവർ മററു മതാനുയായികളിൽ ദുർലഭമായേ ഉണ്ടായിരിക്കയുള്ളു. ആകയാൽ ബഹുഭൂരിപക്ഷത്തിനും സത്യമതമേതെന്നു് ആന്വേഷിക്കുവാനുള്ള ചുമതലയെങ്കിലും ഉണ്ടായിരിക്കും. അവർ ആ ചുമതല നിർവഹിക്കുന്നതിനും രക്ഷപ്രാപിക്കുന്നതിനും സുവിശേഷപ്രസംഗം വഴിതെളിക്കുകയാണു ചെയ്യുന്നതു്. വാസ്തവത്തിൽ സുവിശേഷപ്രസംഗംകേട്ടു് മനസ്സുതിരിഞ്ഞിട്ടുള്ള അക്രൈസ്തവർ ഏറ്റവലിയ ചാരിതാർത്ഥ്യത്തോടെയാണു തങ്ങളുടെ ഹൃദയത്തിൽ സുവിശേഷവിത്തു വിതച്ച വ്യക്തികളെ അനുസ്മരിക്കുന്നതു്. ഉദാഹരണമായി, ബ്രാഹ്മണമതം ഉപേക്ഷിച്ചു് ആദ്യം പ്രോട്ടസ്റ്റൻറുമതവുംഅവസാനംകത്തോലിക്കമതവുംസ്വീകരിച്ച ഗോഷാൽ എം. എ. (Ghoshal M. A.) എഴുതിയിട്ടുള്ള My Home-Coming (C. T. S. Office Trichinopoly) എന്ന പുസ്തകം വായിക്കുക.

സുവിശേഷപ്രചാരണം ക്രിസ്തുമതാനുഷ്ഠാനത്തിൻെറ അവിഭാജ്യമായ ഒരു ഘടകമാണെന്ന വസ്തുതയും മറക്കാവതല്ല. "നിങ്ങൾപോയി സകല ജാതികളേയും പഠിപ്പിക്കുവിൻ", "എല്ലാ സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോസ് 16, 15) എന്നൊക്കെയാണു് ക്രിസ്തുനാഥൻ ആജ്ഞാപിച്ചിരിക്കുന്നതു്. അതുകൊണ്ടാണു് അപ്പസ്തോലന്മാർ "ഞങ്ങൾ കണ്ടതും കേട്ടതും പറയാതിരിക്കുവാൻ ഞങ്ങൾക്കു നിർവാഹമില്ല" (നടപടി 4, 20) എന്നും "മനുഷ്യരെക്കാൾ കൂടുതലായി ഞങ്ങൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു" (നടപടി 5, 29) എന്നും ലൗകികഭരണാധികാരികളുടെ മുമ്പിൽവച്ചു് പറയുവാൻ ഇടവന്നതു്.

കത്തോലിക്കർ സുവിശേഷപ്രസംഗം നടത്തുന്നതു് രാഷ്ട്രീയമായ യാതൊരു ഉദ്ദേശ്യത്തോടും കൂടിയല്ല. സഹജീവികളുടെ ആത്മരക്ഷയെമാത്രം ലക്ഷ്യമാക്കിയാണു്. ഒരു സ്വർണ്ണഖനി കണ്ടുപിടിക്കുന്ന മനുഷ്യൻ ആ വിവരം തൻെറ കൂട്ടുകാരെക്കൂടി അറിയിക്കുന്നതുപോലെ രക്ഷാമാർഗ്ഗം കണ്ടുപിടിച്ചിരിക്കുന്ന കത്തോലിക്കൻ, പരസ്നേഹത്താൽ പ്രേരിതനായി, ആ വിവരം ഇതരമനുഷ്യരെക്കൂടി അറിയിക്കുന്നുവെന്നുമാത്രം. കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ. തൻെറ മതംമാത്രം സത്യമെന്നു വിശ്വസിക്കുകയും മററുമതങ്ങൾ അബദ്ധമെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്ന കത്തോലിക്കൻ മററു മതാനുയായികളെ വെറുക്കുന്നില്ല; അവരെ സ്നേഹിക്കുന്നു. അവൻ അവരെ സ്നേഹിക്കുന്നില്ലെങ്കിൽ അവനു യഥാർത്ഥകത്തോലിക്കനല്ല. മതപരമല്ലാത്ത കാര്യങ്ങളിലെല്ലാം മററു മതാനുയായികളുമായി സഹകരിക്കുന്നതിൽ അവനു വൈഷമ്യമോ വൈമനസ്യമോ ഇല്ലെന്നുള്ളതും പ്രസ്താവ്യമാണു്.

**ചോ:** കത്തോലിക്കാമതംമാത്രം ശരിയെന്നു പറയുന്നതു സങ്കുചിതമനോഭാവത്തെയല്ലേ കാണിക്കുന്നതു്?

**ഉ:** 2 + 2 = 4 എന്നു പറയുന്നതിലുള്ള സങ്കുചിതത്വം ഇതിലുമുണ്ടെന്നു സമ്മതിക്കാം. സത്യത്തിൻെറ പരിധി സങ്കുചിതമാണെന്നോർക്കണം. 2 2 4 എന്നതു സത്യം. അതു വിട്ടിട്ടുള്ളതെല്ലാം അസത്യമാണു്. അതിൻെറ രംഗം അതിവിപുലവുമാണു്. 2 + 2 = 3½ എന്നു പറഞ്ഞാലും, 2 + 2 = 5 എന്നു പറഞ്ഞാലും, 2 + 2 = 4½ എന്നു പറഞ്ഞാലും എല്ലാം അസത്യംതന്നെ.

രണ്ടു സ്ത്രീകൾ ശ്ലേമോൻെറ പക്കൽ ഒരു കുട്ടിയെപ്പററിയുള്ള തർക്കവുമായി ചെന്ന കഥ എവർക്കും അറിവുള്ളതാണല്ലോ. ആ കുട്ടിയെപ്പററി അവകാശവാദവും കൊണ്ടുചെന്ന സ്ത്രീകളുടെ എണ്ണം രണ്ടല്ല, പത്താണെന്നു വിചാരിക്കുക. കുട്ടിയെ പത്തായി ഭാഗിച്ചു് ഓരോകഷണം കൊടുക്കാമെന്നു പറയുന്നപക്ഷം, ഒമ്പതു സ്ത്രീകളും അതിനു സമ്മതിച്ചെന്നുവരും. ആ കുട്ടിയുടെ യഥാർത്ഥമാതാവുമാത്രം അതിനു സമ്മതിക്കയില്ല. അതാണു കത്തോലിക്കസഭയുടേയും സ്ഥിതി. സത്യത്തെ കീറിമുറിക്കുന്നതിനോ വലിച്ചുനീട്ടുന്നതിനോ സഭ അനുവദിക്കുകയില്ല. വിശ്വാസസത്യങ്ങളുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യുന്നതിനെ സഭ അനുകൂലിക്കുന്നുമില്ല. ഇതാണു് ഇതര ക്രൈസ്തവസഭാ വിഭാഗങ്ങൾക്കും അക്രൈസ്തവമതങ്ങൾക്കും കത്തോലിക്കസഭയ്ക്കെതിരായുള്ള പരാതി. എന്നാൽ, സത്യസംരക്ഷണാർത്ഥം സഭ പ്രദർശിപ്പിക്കുന്ന തീക്ഷ്ണതയാണു നാം ദർശിക്കുന്നതു്. ഈ വിഷയത്തിൽ ഏവരും കത്തോലിക്കാസഭയെ ഏററവുമധികം അഭിനന്ദിക്കേണ്ടതാണു്; "സങ്കുചിതമനോഭാവ"ത്തിൻെറ മുദ്രകുത്തി അധിക്ഷേപിക്കുകയല്ല ചെയ്യേണ്ടതു്.

———


## സെൻറ് ജോസഫ്സ് ഹൈസ്കൂൾ ബോർഡിംഗ് ഹോം—പിറവം

കുട്ടികളുടെ താമസത്തിനും പഠിത്തത്തിനുമുള്ള സർവ്വസൗകര്യങ്ങളോടുംകൂടി ഹൈസ്കൂൾ അദ്ധ്യാപകന്മാരുടെ മേൽനോട്ടത്തിൽ നടത്തിവരുന്ന ഈ ബോർഡിംഗ് ഹോമിൽ കുട്ടികളെ അയച്ചുപഠിപ്പിക്കാൻ ആഗ്രഹിക്കുന്നവർ ഉടനെ തന്നെ ബോർഡിംഗ് റെക്ടരോടു് എഴുതി ചോദിക്കേണ്ടതാണു്.

ഫാദർ പീററർ തേക്കുംപറമ്പിൽ (റെക്ടർ)


## കൃതജ്ഞത

അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ വി. യൂദാ തദ്ദേവൂസിൻെറ സഹായത്താൽ എൻെറ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

എം. വി. കത്രീന, ചേപ്പ്

വേദശാസ്ത്രപംക്തി

## തിരുപ്പട്ടം

### മെത്രാനുള്ള വിശേഷാധികാരങ്ങൾ

"മെത്രാന്മാർ സ്ഥൈര്യലേപനം എന്ന കൂദാശ നൽകുന്നു; സഭാശുശ്രൂഷകരെ അഭിഷേചിക്കുന്നു, താഴ്ന്ന പദവിയുള്ളവർക്കു ചെയ്യാൻ സാധിക്കാത്ത മററനേകം കാര്യങ്ങൾ നിർവ്വഹിക്കുന്നു" എന്നത്രെ ത്രിദന്തീനോസൂനഹദോസു് പ്രസ്താവിക്കുന്നതു്. സൂനഹദോസു് തുടരുന്നു: "മെത്രാന്മാർ പുരോഹിതന്മാർക്കു മേലെയല്ലെന്നോ അവർക്കു സ്ഥൈര്യലേപനവും പട്ടവും നൽകാനുള്ള കഴിവില്ലെന്നോ അവർക്കുള്ള ആ കഴിവു പുരോഹിതന്മാർക്കുകൂടി ഉള്ളതാണെന്നോ... ആരെങ്കിലും പറകയാണെങ്കിൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ." എന്നാൽ, സ്ഥൈര്യലേപനം നൽകാനുള്ള അധികാരം പുരോഹിതന്മാർക്കുകൂടി പ്രദാനംചെയ്യാൻ മാർപ്പാപ്പയ്ക്കു സാധിക്കുന്നതാണു്. പൗരസ്ത്യസഭകളിൽ സാധാരണമായി ആ അധികാരം നൽകപ്പെട്ടിട്ടുമുണ്ടു്. ആകയാൽ ഒരു മെത്രാനുള്ള ഏററവും പ്രധാനപ്പെട്ട ശക്തിവിശേഷം, അദ്ദേഹത്തിനു പുരോഹിതന്മാരെ അഭിഷേചിക്കാൻ സാധിക്കുമെന്നുള്ളതാണു്. അതാണു സഭയിൽ അദ്ദേഹത്തിനുള്ള സമുന്നതസ്ഥാനത്തിൻെറ അടിസ്ഥാനം. അതുവഴി അദ്ദേഹം പുരോഹിതന്മാരുടേയും അവരുടെ സൂക്ഷത്തിനു് ഏല്പിക്കപ്പെടുന്ന ജനങ്ങളുടേയും പിതാവായി ഭവിക്കുന്നു. വാസ്തവത്തിൽ വരപ്രസാദജീവൻ അവർക്കെല്ലാം ലഭിക്കുന്നതു മെത്രാൻമുഖേനയാണു്. പട്ടംകൊടുക്കാനുള്ള കഴിവാണു മെത്രാന്മാരെ പ്രത്യേകവിധത്തിൽ അപ്പസ്തോലന്മാരുടെ പിൻഗാമികളും പ്രതിനിധികളുമാക്കിത്തീർത്തിരിക്കുന്നതു്.

പുരോഹിതന്മാരെ അഭിഷേചിക്കാനുള്ള ശക്തി മെത്രാന്മാർക്കുമാത്രമേയുള്ളുവെന്നതിനു പാരമ്പര്യോപദേശത്തിൽ പ്രകട

മായ തെളിവുകളുണ്ട്. ആരിയൻ ഇടത്തുടിൽപ്പെട്ട ഏരിയൂസ് എന്നു പേരായ ഒരു പുരോഹിതൻ ഉണ്ടായിരുന്നു. സെബാസ്റ്റ് ആയിരുന്നു അദ്ദേഹത്തിന്റെ ജന്മദേശം. അദ്ദേഹത്തിന്റെ ഒരു പഴയമിത്രവും അദ്ദേഹത്തോടു മത്സരിച്ചുകൊണ്ടിരുന്ന ദേഹവുമായ യുസ്താത്തിയൂസ് മെത്രാൻ പദവിയിലേക്കുയർത്തപ്പെട്ടു. അപ്പോൾ ഏരിയൂസ് വാദിക്കുവാൻ തുടങ്ങി, മെത്രാന്മാരും പുരോഹിതന്മാരും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നും അവർ എല്ലാപ്രകാരത്തിലും തുല്യരാണെന്നും. വി. എപ്പിഫാനിയൂസ് (+ 403) * ആ വാദത്തെ ഇപ്രകാരം പ്രതിഷേധിക്കുകയുണ്ടായി: "ആ പറയുന്നതിൽ എന്തർത്ഥമാണുള്ളത്? മെത്രാൻപട്ടത്തിന്റെ പ്രധാനോദ്ദേശ്യം പുതിയ പിതാക്കന്മാരെ ഉല്പാദിപ്പിക്കുക എന്നതാണ്, എന്തുകൊണ്ടെന്നാൽ സഭയിലെ പിതാക്കന്മാരുടെ എണ്ണം വർദ്ധിപ്പിക്കുക അതിന്റെ കർത്തവ്യമാണ്. മറ്റേതിന് (പൗരോഹിത്യത്തിന്) പിതാക്കന്മാരെ ഉല്പാദിപ്പിക്കുവാൻ സാധിക്കുകയില്ല. അതു പുനർജന്മത്തിന്റെ ജ്ഞാനസ്നാനത്താൽ സഭയ്ക്കു സന്താനങ്ങളെയാണ്, പിതാക്കന്മാരെയും അദ്ധ്യാപകന്മാരെയുമല്ല ഉളവാക്കുന്നത്. പുരോഹിതന്മാർക്കു മറ്റു പുരോഹിതന്മാരെ നിർമ്മിക്കാൻ കഴിയുന്നതെങ്ങനെ? അവർക്ക് കൈവയ്ക്കാൻ അവകാശമില്ലല്ലോ."

സാധാരണ പുരോഹിതൻ നൽകാനിടവന്നിട്ടുള്ള പട്ടങ്ങളൊന്നും സഭ ഒരിക്കലും അംഗീകരിക്കുക ഉണ്ടായിട്ടില്ലെന്നു ചരിത്രം സാക്ഷിക്കുന്നു. ഇസ്കീറസ് എന്ന ഒരാൾ കുർബാന ചൊല്ലിക്കൊണ്ടിരിക്കേ അദ്ദേഹം ഉപയോഗിച്ച കാസ തകർക്കാൻ വി. അത്തനേഷ്യസ് (+ 373) അനുമതി നൽകി. തന്നിമിത്തം പ്രതിയോഗികൾ ദൈവദോഷം എന്ന കുററം അദ്ദേഹത്തിൽ ആരോപിച്ചു. ഇസ്കീറാസിനു പട്ടം കൊടുത്തതു മെത്രാൻവേഷം കപടമായി ധരിച്ചിരുന്ന കൊള്ളുത്തോസ് എന്ന പുരോഹിതനാകയാൽ ആ പട്ടം സാധുവല്ലെന്നായിരുന്നു പുണ്യവാൻ അതിനു കൊടുത്ത മറുപടി. തന്നിമിത്തം എതിരാളികൾ അവരുടെ വാദം ഉപേക്ഷിക്കാൻ നിർബന്ധിതരായി. പുണ്യവാൻ അവരോടു ചോദിച്ചു: "ഈ ഇസ്കീറാസച്ചൻ എവിടെനിന്നുണ്ടായി? ആർ അയാൾക്കു പട്ടംകൊടുത്തു? ഒരുപക്ഷേ കൊള്ളുത്തോസ് കൊടുത്തായിരിക്കും......... എന്നാൽ ആ കൊള്ളുത്തോസ് ഒരു പുരോഹിതനായിട്ടാണു മരിച്ചതെന്നും അദ്ദേഹത്തിന്റെ കരങ്ങൾക്കു അധികാരമില്ലായിരുന്നെന്നും ശീശ്മയുടെ കാലത്തു അദ്ദേഹത്താൽ അഭിഷേചിക്കപ്പെട്ടവരെല്ലാം അത്മായപദവിയിലേക്കു പിന്തിരിയേണ്ടിവന്നുവെന്നും എല്ലാവർക്കുമറിയാം. ആർക്കും അതെപ്പററി സംശയമില്ല."

* + ഈ അടയാളം മരിച്ച കൊല്ലം കുറിക്കുന്നു.

## കൃതജ്ഞത

സി. അൽഫോൻസായുടെ അനുകൂല്യത്താൽ അനുഭവപ്പെട്ട എന്റെ സന്താനങ്ങളുടെ ആതങ്കശമനത്തിനു് അകമഴിഞ്ഞ കൃതജ്ഞത.

എന്നു്,
E. V. George
Peringazha

പ്രഭാഷണം

# സപ്തവരങ്ങൾ

ഈശോ ഉത്തരമായി അവനോട് അരുളിച്ചെയ്തു: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം കാക്കുന്നു; അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുക്കൽ വന്നു് ഞങ്ങളുടെ വാസസ്ഥലം അവന്റെ അടുക്കൽ ആക്കുകയും ചെയ്യും. എന്നാൽ എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം കാക്കുന്നില്ല. നിങ്ങൾ കേൾക്കുന്ന ഈ വചനമോ എന്നെ അയച്ച പിതാവിന്റേതല്ലാതെ എന്റേതല്ല. ഞാൻ നിങ്ങളുടെ അടുക്കൽ ആയിരിക്കയിൽ ഇവ നിങ്ങളോടു പറഞ്ഞിരിക്കുന്നു. എങ്കിലും എന്റെ പിതാവ് എന്റെ നാമത്തിൽ അയക്കുന്ന പരിശുദ്ധാത്മാവായ പാരഖ്ലേത്താതന്നെ നിങ്ങളെ സകലവും പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറയുന്നവയെല്ലാം നിങ്ങളെ ഓർമ്മപ്പെടുത്തുകയുംചെയ്യും. സമാധാനം നിങ്ങൾക്കായി ഞാൻ വിട്ടിരിക്കുന്നു; എന്റെ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങേണ്ടാ, ഭയപ്പെടുകയും വേണ്ട. ഞാൻ പോകുന്നുവെന്നും പിന്നെ നിങ്ങളുടെ അടുക്കലേക്കു വരുന്നുവെന്നും ഞാൻ പറഞ്ഞതു് നിങ്ങൾ കേട്ടുവല്ലോ. നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നുവെങ്കിൽ ഞാൻ എന്റെ പിതാവിന്റെ അടുക്കലേക്കു പോകുന്നതുകൊണ്ടു് നിങ്ങൾ സന്തോഷിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ എന്റെ പിതാവ് എന്നെക്കാൾ വലിയവൻ ആകുന്നു. അതു സംഭവിക്കുമ്പോൾ നിങ്ങൾ വിശ്വസിക്കേണ്ടതിനായി ഇതാ, ഇപ്പോൾ, സംഭവിക്കുന്നതിനുമുമ്പേ നിങ്ങളോടു ഞാൻ പറഞ്ഞിരിക്കുന്നു. ഞാൻ ഇനി നിങ്ങളോടു് വളരെ സംസാരിക്കയില്ല. എന്തുകൊണ്ടെന്നാൽ ലോകത്തിന്റെ പ്രമാണി വരുന്നു. എങ്കിലും അവനു് എന്നിൽ ഒന്നുമില്ല. എങ്കിലും ഞാൻ എന്റെ പിതാവിനെ സ്നേഹിക്കുന്നുവെന്നും എന്റെ പിതാവ് എന്നോടു കല്പിച്ചതുപോലെതന്നെ ഞാൻ ചെയ്യുന്നുവെന്നും ലോകം അറിയേണ്ടതിനു്, എഴുന്നേല്ക്കുവിൻ, നമുക്കു് ഇവിടെനിന്നു പോകാം. (പന്തക്കുസ്താ ഞായർ. യോഹ. 14, 23—31)

ഏതാനുംവർഷങ്ങൾക്കു മുമ്പ് ആംഗ്ലിക്കൻവിശ്വാസം ഉപേക്ഷിച്ച് കത്തോലിക്കാസഭയിൽ പ്രവേശിച്ച ഒരു സാഹിത്യകാരനും പ്രശസ്തപണ്ഡിതനുമാണ് അർനോൾഡ ലൺ. അദ്ദേഹത്തോടൊപ്പം സത്യസഭാശ്ലേഷം ചെയ്ത ഒരാളാണ് അദ്ദേഹത്തിന്റെ പുത്രൻ പീററർ ലൺ. ഈ പീററർ ലൺ ആംഗ്ലിക്കൻ സഭയേയും കത്തോലിക്കാസഭയേയും താരതമ്യപ്പെടുത്തിക്കൊണ്ടു് ഒരിക്കലൊരു മാസികയിൽ ഇപ്രകാരം എഴുതിയിരുന്നതായി ഓർക്കുന്നു: ആംഗ്ലിക്കൻസഭ ഒരേ ഒരു ഭാഷയിൽ വിവിധതത്വങ്ങൾ പഠിപ്പിക്കുന്നു. കത്തോലിക്കാസഭയാകട്ടെ വിവിധഭാഷകളിൽ ഒരേ ഒരു തത്വം പഠിപ്പിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിലും ശാഖകൾ നീട്ടിയിരിക്കുന്ന കത്തോലിക്കാസഭയ്ക്കു് സ്വസിദ്ധാന്തങ്ങളിൽ പരിപൂർണ്ണമായ ഐകരൂപ്യം പാലിച്ചുകൊണ്ടുപോകുവാൻ സാധിക്കുന്നതു പരിശുദ്ധാരൂപിയുടെ സഹായവും സംരക്ഷണവുംവഴിയാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു.

സഭയുടെ പൊതുജീവിതത്തിൽ മാത്രമല്ല വ്യക്തികളുടെ ജീവിതത്തിലും പരിശുദ്ധാരൂപി സർവ്വപ്രധാനമായ പങ്കു വഹിക്കുന്നുണ്ടു്. വരപ്രസാദവും, വിശ്വാസം, ശരണം, ഉപവി എന്ന ദൈവികപുണ്യങ്ങളും ആത്മാവിൽ അവിടുന്നു നിക്ഷേപിക്കുന്നു. ജ്ഞാനം, ബുദ്ധി, ആലോചന, ആത്മശക്തി, അറിവു്, ഭക്തി, ദൈവഭയം എന്ന ഏഴു ദാനങ്ങൾകൊണ്ടു് അതിനെ അലങ്കരിക്കുകയും ചെയ്യുന്നു. പരിശുദ്ധാരൂപിയുടെ ഈ ഏഴു ദാനങ്ങൾ ഓരോന്നിനേയുംപററി നമുക്കു സ്വല്പമായ അറിവെങ്കിലും ഉണ്ടായിരിക്കേണ്ടതു് ആവശ്യമായിരിക്കയാലും പലരും ഈ വിഷയംസംബന്ധിച്ചു് അജ്ഞരായിരിക്കയാലും, അതേപ്പററി പ്രതിപാദിക്കുന്നതിനു് ഈയവസരം വിനിയോഗിച്ചുകൊള്ളട്ടെ.

ഏശയ്യാ ദീർഘദർശിയുടെ പുസ്തകം 11-ാം അദ്ധ്യായം രണ്ടും മൂന്നും വാക്യങ്ങളിലാണു് പരിശുദ്ധാരൂപിയുടെ ദാനങ്ങളെപ്പററി ആദ്യമായി പ്രസ്താവിച്ചുകാണുന്നതു്. ചിരകാലപ്രതീക്ഷിതനായ മിശിഹാ പ്രസ്തുതദാനങ്ങളാൽ സമലംകൃതനായിരിക്കുമെന്നു ദീർഘദർശി പറയുന്നു. സഭാഗാത്രത്തിന്റെ ശിരസ്സായ ക്രിസ്തു സ്വീകരിക്കുന്ന ഈ ദാനങ്ങൾ അതിന്റെ അവയവങ്ങളായ വിശ്വാസികളിലേക്കും സംക്രമിക്കാതിരിക്കയില്ല. ക്രിസ്തുവിൽ അവ പൂർണ്ണമാണെന്നും നമ്മിലവ അപൂർണ്ണമാണെന്നും ഉള്ള വ്യത്യാസമേ പ്രധാനമായുള്ളു. "അവന്റെ പൂർണ്ണതയിൽനിന്നു നാമേവരും സ്വീകരിച്ചിരിക്കുന്നു." (യോഹ. 1:16) എന്നാണല്ലോ വി. യോഹന്നാൻ സാക്ഷിച്ചിരിക്കുന്നതു്. വി. ക്രിസോസ്തോം, വി. അംബ്രോസിസ്, വിശുദ്ധ ഗ്രിഗോരിയോസ് തുടങ്ങിയ സഭാപിതാക്കന്മാരും വ്യക്തമായി പ്രസ്താവിക്കുന്നു, മിശിഹായിൽ വർഷിക്കപ്പെട്ട ആ ദാനങ്ങളിൽ നാമും ഭാഗഭാക്കുകളാകുന്നുണ്ടെന്നു്. പരിശുദ്ധാരൂപിയോടുള്ള പ്രാർത്ഥനയിൽ തിരുസ്സഭ അനുദിനം ഈ "ഏഴു വിശുദ്ധദാന"ങ്ങൾക്കായി പ്രാർത്ഥിക്കുന്നുമുണ്ടു്. അവയിൽ ജ്ഞാനം, ബുദ്ധി, ആലോചന, അറിവു് എന്നിവ ബുദ്ധിയെ സംബന്ധിക്കുന്നവയും, ആത്മശക്തി, ഭക്തി, ദൈവഭയം എന്നിവ മനസ്സിനെ സംബന്ധിക്കുന്നവയുമാണു്.

ദാനങ്ങളിൽ ഒന്നാമത്തേതായ "ബോധജ്ഞാനം" (Wisdom) എന്നു പറയുന്നതു വിവിധതരത്തിലുള്ള അറിവിനെ കടഞ്ഞെടുക്കുമ്പോൾ കിട്ടുന്ന സാരസർവ്വസ്വമാണെന്നു സാധാരണഭാഷയിൽ പറയാം. സാക്ഷാൽ വിജ്ഞാനിയായ മനുഷ്യൻ ഐഹികജീവിതത്തിന്റെ ക്ഷണഭംഗുരതയും പാരത്രികജീവിതത്തിന്റെ മാഹാത്മ്യവും ഗ്രഹിക്കുന്നു. തൽഫലമായി അവൻ ദൈവികകാര്യങ്ങളിൽ താല്പര്യപൂർവ്വം ശ്രദ്ധവയ്ക്കുകയും അവയെ ആസ്വദിക്കുകയുംചെയ്യുന്നു. അതുകൊണ്ടാണു് ജ്ഞാനം എന്ന ദൈവദാനത്തെ വി. ബർണാർദ് "ദൈവികകാര്യങ്ങളെ ആസ്വദിക്കുന്ന അറിവു് (Knowledge which relishes things divine)" എന്നു നിർവ്വചിച്ചിരിക്കുന്നതു്. ലൗകികവിജ്ഞാനത്തിന്റെ വിവിധശാഖകളിൽ വ്യുല്പത്തി സമ്പാദിച്ചിട്ടും അവയെ കൂട്ടിയിണക്കാനും സകല വിജ്ഞാനത്തിന്റേയും ഉല്പത്തിസ്ഥാനമായ ദൈവത്തിന്റെ പക്കലേക്കു മനസ്സിനെ ഉയർത്താനും സാധിക്കാതെ ലോകവ്യാമോഹങ്ങളുടെ നൂലാമാലകളിൽ കിടന്നു നട്ടംതിരിയുന്നവർ വളരെപ്പേരുണ്ടു്. അവർ "ജ്ഞാനം" എന്ന ദൈവികദാനത്തിനുവേണ്ടി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

ബുദ്ധി (understanding) എന്ന ദൈവദാനം വിശ്വാസസത്യങ്ങളുടെ മനോഹാരിതയും അവയുടെ പരസ്പരബന്ധവും ആദ്ധ്യാത്മികജീവിതത്തിൽ അവയ്ക്കുള്ള സ്ഥാനവും പ്രായോഗികമായി ഗ്രഹിക്കുവാൻ നമ്മെ ശക്തരാക്കുന്നു. വലിയ വേദശാസ്ത്രജ്ഞന്മാരെപ്പോലും ലജ്ജിപ്പിക്കത്തക്ക ഭക്തിയും തീക്ഷ്ണതയും പരിശുദ്ധ കുർബ്ബാനയുടെ നേർക്കു പല വൃദ്ധസ്ത്രീകളും പ്രദർശിപ്പിക്കാറുണ്ടു്. കാരണം, പരിശുദ്ധാരൂപി അവരുടെ ബുദ്ധിക്കു നൽകിയ പ്രകാശത്തിന്റെ ഫലമായി കർത്താവിന്റെ യഥാർത്ഥസാന്നിദ്ധ്യത്തെപ്പററിയുള്ള വിശ്വാസസത്യം അവരുടെ ജീവിതവുമായി അലിഞ്ഞുചേർന്നിരിക്കുന്നു. അത്തരമൊരു വൃദ്ധസ്ത്രീയെ വി. തോമസ് അക്വിനാസ് കണ്ടുമുട്ടിയിട്ടു് അദ്ദേഹം അവളുടെ ദൈവസ്നേഹത്തെ പ്രത്യേകവിധത്തിൽ അഭിനന്ദിച്ചതായി ചരിത്രത്തിൽ പറയുന്നു.

ആദ്ധ്യാത്മികമായ വിവേകമാണു് "ആലോചന" (Counsel) എന്നു പറയുന്ന ദൈവദാനം. മനുഷ്യനു സ്വാഭാവികമായുള്ള വിവേകത്തെ ഇതു പൂർത്തിയാക്കുന്നു. ആത്മീയകാര്യങ്ങളിൽ ഇന്നതു് ശരി, ഇന്നതു് തെററു്, ഇന്നതു ചെയ്യാവുന്നതു്, ഇന്നതു ചെയ്യരുതാത്തതു് എന്നു വിധിക്കുന്നതിനു് ഈ ദൈവദാനം നമ്മെ ശക്തരാക്കുന്നു. പ്രത്യേകിച്ചും മററാത്മാക്കളെ നയിക്കുന്ന ആത്മീയോപദേഷ്ടാക്കൾക്കു് ഈ ദാനം അത്യന്താപേക്ഷിതമാണു്.

അറിവു് (Knowledge) എന്ന ദാനംവഴി പ്രപഞ്ചവസ്തുക്കളെ അവയുടെ തനിനിറത്തിൽ കാണുന്നതിനു്, അതായതു് അവയ്ക്കു ദൈവവുമായുള്ള ബന്ധം ഗ്രഹിക്കുന്നതിനു നമുക്കു സാധിക്കുന്നു. വി. കൊച്ചുത്രേസ്യാക്കു് ഈ ദാനം സമൃദ്ധമായി ലഭിച്ചിരുന്നു. അതുകൊണ്ടാണു് ഏഴു വയസ്സുള്ളപ്പോൾ സമുദ്രത്തിന്റെ വിപുലതയിൽ ദൈവത്തിന്റെ മഹത്വം ദർശിക്കുവാൻ അവൾക്കു സാധിച്ചതു്. ഏതത്സംബന്ധമായി പുണ്യവതി രേഖപ്പെടുത്തിയിരിക്കുന്നതു് ഇപ്രകാരമാണു്: "ആ കാഴ്ച എന്റെ മനസ്സിൽ ആഴമായി പതിഞ്ഞു. എന്റെ കണ്ണുകൾ അവിടെനിന്നു മാററുവാൻ എനിക്കു കഴിഞ്ഞില്ല. സമുദ്രത്തിന്റെ പ്രാഭവവും തിരമാലകളുടെ ഗർജ്ജനവും, ഇവയെല്ലാം ദൈവത്തിന്റെ മാഹാത്മ്യത്തേയും ശക്തിയേയുംകുറിച്ചു് എന്റെ ആത്മാവിനോടു സംസാരിച്ചു." കുരിശിന്റെ വി. യോഹന്നാൻ, വി. ജോൺ മേരി വിയാന്നി, വി. ഫ്രാൻസിസ് അസ്സീസി എന്നിവരെല്ലാം ഈ ദാനം ധാരാളമായി പ്രാപിച്ചിരുന്നവരാണു്.

ആത്മശക്തി (Fortitude) ജീവിതക്ലേശങ്ങളെ നേരിടുവാനുള്ള സന്നദ്ധതയും തടസ്സങ്ങളെ തട്ടിനീക്കി ആത്മീയജീവിതത്തിൽ മുന്നോട്ടുപോകാനുള്ള ധൈര്യവും പ്രദാനംചെയ്യുന്നു. ഈ ദൈവദാനത്തിൽ മികച്ചവരായിരുന്നു രക്തസാക്ഷികൾ. അതുകൊണ്ടാണു് വിശ്വാസസംരക്ഷണാർത്ഥം ജീവാർപ്പണം ചെയ്യാനുള്ള ഉൾക്കരുത്തു് അവർക്കുണ്ടായതു്.

ഭക്തി (Piety) ദൈവത്തെ നമ്മുടെ പിതാവെന്ന നിലയിൽ പൂജിക്കുവാനും നമ്മുടെ സമസൃഷ്ടങ്ങളെ ദൈവത്തെപ്രതി ബഹുമാനിപ്പാനും നമുക്കു പ്രചോദനം നൽകുന്നു. ഈ ദാനത്തെ പ്രയോഗത്തിൽ വരുത്തുന്നവരാണു് മതകാര്യങ്ങളിൽ താല്പര്യംവയ്ക്കുന്നവർ.

ദൈവഭയം (Fear) സർവ്വശക്തനായ ദൈവത്തിന്റെ നിസ്തുലമാഹാത്മ്യത്തെപ്പററി സജീവമായ ബോധം ഉളവാക്കുന്നു. തൽഫലമായി, അവിടുത്തെ ദ്രോഹിക്കുന്നതിനെപ്പററി മനുഷ്യാത്മാവിനു് ഏററവും വലിയ ഭയമുണ്ടായിരിക്കും. നിസ്സാരമായ കാര്യങ്ങളിൽപ്പോലും അവിടുത്തേക്കു് ഇഷ്ടക്കേടു വരുത്തുന്നതു് അതിനു പ്രാണസങ്കടവുമായിരിക്കും. ഈ "ദൈവഭയ"മാണു് മരിയഗൊരേത്തിയെ പാപത്തിൽ നിന്നു പ്രതിനിവർത്തിപ്പിച്ചതു്.

പരിശുദ്ധാരൂപിയുടെ ഏഴു ദാനങ്ങൾ പ്രാപിക്കുന്നതിനുവേണ്ടി എല്ലാദിവസവും പ്രത്യേകിച്ചു് ഈ പന്തക്കുസ്താദിനത്തിലും നാം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ഓരോരുത്തരുടേയും പ്രത്യേകാവശ്യമനുസരിച്ചു് ഓരോരോ പ്രത്യേക ദാനത്തിനുവേണ്ടിയും പ്രാർത്ഥിക്കുവിൻ.

(P. I. J.)


## ദി ഫെഡറൽ ബാങ്ക് ക്ലിപ്തം
### H. O. ആലുവാ

ബ്രാഞ്ചുകൾ; അങ്കമാലി, ചാലക്കുടി, എറണാകുളം & പെരുമ്പാവൂർ

ബാങ്കു തലയാളായി ആരംഭിയ്ക്കുവാൻ പരസ്യംചെയ്തിരുന്ന പൂവൽചിട്ടിയ്ക്കുള്ള അപേക്ഷകൾ കൂടുതൽ ലഭിച്ചതുകൊണ്ടു് ടി ചിട്ടിയുടെ ആകെ സല 22400 രൂപയിൽനിന്നും 33600 രൂപയായി വർദ്ധിപ്പിച്ചു് രണ്ടു ഡിവിഷനിൽനിന്നു 3 ഡിവിഷനാക്കി ഉയർത്തി പരസ്യംചെയ്തിരുന്നപ്രകാരം 1953 മേയ്മാസം 5-ാംനു- 4 മണിക്കു് ആദ്യലേലം നടത്തിയിരിക്കുന്നു.

ഈ ചിട്ടിയുടെ പരിപൂർണ്ണ വിജയത്തിനു് ഞങ്ങളോടുകൂടി ആത്മാർത്ഥമായി സഹകരിച്ച എല്ലാവരോടും ഡയറക്ടർബോർഡിന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നതോടുകൂടി താമസിച്ചു കിട്ടിയ അപേക്ഷകൾ മടക്കി അയയ്ക്കേണ്ടിവന്നതിൽ ഖേദിക്കുകയും ചെയ്തുകൊള്ളുന്നു.

മാനേജിങ്ങ് ഡയറക്ടർ

വിമർശനവീഥി

# റഷ്യൻ തൊഴിലാളികളെപ്പററി അമേരിക്കൻ പത്രലേഖകൻ

കഴിഞ്ഞ ഏപ്രിൽ ആരംഭത്തിൽ റഷ്യയിൽ ചെല്ലുകയും, സാധാരണയിൽ കൂടുതൽ സ്വാതന്ത്ര്യത്തോടുകൂടി അവിടെ സന്ദർശനങ്ങൾ നടത്താനും അറിഞ്ഞ വിവരങ്ങൾ അധികാരികളുടെ പരിശോധനയ്ക്കു വിധേയമാക്കാതെ റിപ്പോർട്ടുചെയ്യാനും അനുമതി ലഭിക്കുകയും ചെയ്ത അമേരിക്കൻ പത്രലേഖകന്മാരിൽ ഒരാളായ മി. എവുജിൻ സൈമണിൻെറ ലേഖനങ്ങൾ "ഹിന്ദു" പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നതിൽനിന്നു് ചില ഭാഗങ്ങൾ മുന്നൊരു ലക്കത്തിൽ (ലക്കം 36) ഞങ്ങളുദ്ധരിച്ചിരുന്നല്ലോ. ഫാക്ടറികൾ സന്ദർശിച്ചതിൽനിന്നു് തനിക്കു ലഭിച്ച വിവരങ്ങളുള്ളടക്കി അദ്ദേഹം എഴുതിയ ലേഖനത്തിൻെറ അവസാനത്തിൽ പറയുന്നതിങ്ങനെയാണു്: "ഒരു സാമാന്യ റഷ്യൻ തൊഴിലാളിക്കു് അമേരിക്കയിലും മററു പാശ്ചാത്യരാജ്യങ്ങളിലുമുള്ള സഹതൊഴിലാളികളുടെ സ്ഥിതിഗതികളെപ്പററി യാതൊരറിവുമില്ലെന്നു് എനിക്കു പറയുവാൻ കഴിയും. ആ തൊഴിലാളികൾ ജീവിക്കുന്നതും ജോലിചെയ്യുന്നതും തൻേറതിൽനിന്നു് താണ സ്ഥിതിയിലാണെന്നും, അവരിൽ ലക്ഷോപലക്ഷങ്ങൾ തൊഴിലില്ലാത്തവരാണെന്നും ഉള്ള ഒരു ചിത്രമാണു് അയാളുടെ മനസ്സിൽ രൂപീകരിച്ചിട്ടുള്ളതു്. അവരോടു താരതമ്യംചെയ്താൽ തൻെറ ജീവിതം വളരെ മെച്ചമാണെന്നു് അയാൾ വിചാരിക്കുകയും, ആ പാവങ്ങളുടെ കഷ്ടതയിൽ അയാൾ നിർവ്യാജം വ്യസനിക്കുകയും ചെയ്യുന്നു." ഈ പ്രസ്താവത്തെ വിശദീകരിക്കുവാൻ ഉതകുന്ന പല വിശദവിവരങ്ങളും അദ്ദേഹം ആ ലേഖനത്തിൽ കൊള്ളിച്ചിട്ടുണ്ടു്. അവ താഴെ ചേർക്കുന്നു:

## വിലകുറയ്ക്കൽ

ചില ഉപഭോഗവസ്തുക്കളുടെ വില 50 ശതമാനംവരെ കുറച്ചിട്ടുണ്ടെന്നു് വലിയ ഒച്ചപ്പാടോടുകൂടി റഷ്യൻഗവമ്മെൻറു് പ്രഖ്യാപിക്കുന്നു. എന്നുവരികിലും മോസ്കോയിലെ സ്റ്റോറുകളിൽ ഞാൻ കണ്ട പല വസ്തുക്കളുടേയും വില യു. എസ്സ്. എ. യിലേയും മററു പാശ്ചാത്യരാജ്യങ്ങളിലേയുംകാൾ വളരെ കൂടുതൽ ആണു്. വിലകൾ കുറഞ്ഞുവരുന്നതിൽ റഷ്യൻജനങ്ങൾ സന്തുഷ്ടരായി കാണപ്പെടുന്നു. എന്നാൽ ഈ പുതിയ വിലകളും ക്യാപ്പിററലിസ്റ്റു് രാജ്യങ്ങളിലെക്കാൾ വളരെയധികം കൂടുതലാണെന്നുള്ള ബോധം അശേഷവുമവർക്കില്ല. ഞാൻ സംസാരിച്ച റഷ്യാക്കാരോടു് ഈ വിവരം ഞാൻ പറഞ്ഞപ്പോൾ അവരെന്നെ വിശ്വസിച്ചില്ലെന്നു് എനിക്കു പ്രത്യക്ഷമായി. അവർക്കു വാങ്ങാൻ കഴിയുന്ന സാധനങ്ങൾക്കു് റഷ്യക്കു പുറത്തുള്ള രാജ്യങ്ങളിൽ വളരെ വളരെ വിലക്കൂടുതലുണ്ടെന്നും, തന്മൂലം പാശ്ചാത്യരാജ്യങ്ങളിലെ മിക്ക പൗരന്മാർക്കും അവ വാങ്ങുക സാദ്ധ്യമല്ലെന്നും റഷ്യൻ ഗവമ്മെൻറിൻെറ നിയന്ത്രണത്തിലുള്ള പത്രങ്ങൾ വളരെക്കാലമായി റഷ്യക്കാരെ ധരിപ്പിച്ചുകൊണ്ടിരിക്കുകയാണു്. പാശ്ചാത്യ ക്യാപ്പിററലിസ്റ്റു് രാജ്യങ്ങളിലെ "സാധാരണക്കാർ" നേരിടേണ്ടിവരുന്ന മോശമായ സ്ഥിതിഗതികളിൽ യഥാർത്ഥമായ ഉൽക്കണ്ഠ പ്രകാശിപ്പിച്ച പല റഷ്യാക്കാരുമായി ഞാൻ സംസാരിച്ചു. ഈ റഷ്യാക്കാരിൽ "ചെറിയവരായ" പലരോടും ഞാൻ പറഞ്ഞു, ഞാൻ ലേഖകനായിരിക്കുന്ന പത്രസ്ഥാപനത്തിൽ പടികാവൽക്കാരൻെറ ജോലിചെയ്യുന്നതൊഴിലാളിക്കു് സ്വന്തമായി ഒരു നല്ല കാറുണ്ടെന്നു്. ഈപ്രസ്താവം അവർക്കു വിശ്വസിക്കാൻ സാദ്ധ്യമല്ലെന്നാണു് അവരുടെ നോട്ടം വ്യഞ്ജിപ്പിച്ചതു്. അമേരിക്കായിലേയും മററു പാശ്ചാത്യരാജ്യങ്ങളിലേയും വിലയോടു് റഷ്യയിലെ വില താരതമ്യപ്പെടുത്തുന്നതിൽ ഒരു സംഗതി നോട്ടുചെയ്യാനുണ്ടു് — ഒരു സാധാരണ റഷ്യാക്കാരനു് പാശ്ചാത്യരാജ്യങ്ങളിലെ വിലക്കുറവു് സുഗ്രാഹ്യമല്ല. കാരണം, അവനതെപ്പററി യാതൊന്നും അറിഞ്ഞുകൂടാ. അവൻ വായിക്കുന്ന പത്രങ്ങൾ വസ്തുതകൾക്കു വിപരീതമാണു് അവനെ ധരിപ്പിക്കുന്നതു്. പാശ്ചാത്യരാജ്യങ്ങളിൽ സഞ്ചരിക്കുകയും അവിടത്തെ വസ്തുതകൾ അറിയിക്കാൻ കഴിയുകയും ചെയ്യുന്ന സ്വരാജ്യപൗരന്മാരിൽ ആരെയും റഷ്യാക്കാരൻ കണ്ടുമുട്ടുന്നുമില്ല. തൻെറ രാജ്യത്തിൽ സാധനങ്ങളുടെ വില കുറഞ്ഞുവരുന്നുണ്ടെന്നു മാത്രമേ അയാൾക്കറിയാവൂ. ഞങ്ങൾ മോസ്കോയിലായിരിക്കുമ്പോൾ വരുത്തിയ വിലക്കുറവു് കഴിഞ്ഞ 5 വർഷങ്ങളിൽ വരുത്തിയതിൽ 5-ാമത്തേതാണു്. വിലക്കുറവു വരുത്തുന്നതു് പുതിയ സോവ്യററു് ഭരണക്കൂടത്തെ ശക്തിപ്പെടുത്തിയേ കഴിയുവെന്നാണു് എൻെറ അഭിപ്രായം. ഇപ്പോഴത്തെ നാണയവിലയനുസരിച്ചു് 4 റൂബിൾസു് (റഷ്യൻ നാണയം) കൊടുത്താൽ ഒരു ഡോളർ (അമേരിക്കൻ നാണയം) കിട്ടും. ഈ നാണയവില സാധനങ്ങളുടെ വിലകൾ താരതമ്യം ചെയ്യുന്നതിനു് യഥാർത്ഥത്തിൽ സഹായകമാകുന്നില്ല. കാരണം, രണ്ടു രാജ്യങ്ങളിലേയും ജീവിതത്തോതുകളിലുള്ള കാര്യമായ വ്യത്യാസവും, റൂബിളിൻേറയും ഡോളറിൻേറയും യഥാർത്ഥ ക്രയശക്തിയും ഗണനയിൽ പെടുന്നില്ല. അവയുംകൂടി ഗണനയിൽ പെടുത്തിയെങ്കിലേ ഞാൻ ചൂണ്ടിക്കാണിച്ച വിലവ്യത്യാസങ്ങൾ താരതമ്യംചെയ്യാൻ കഴിയൂ.

## വസ്തുവില

പുരുഷന്മാരുടെ ഉടുപ്പുകൾക്കു് 350 മുതൽ 1800 വരെ റൂബിൾസു് വിലവരുന്നുണ്ടു്. അവ പ്രത്യക്ഷത്തിൽ ഉപയോഗപ്രദങ്ങളാണെങ്കിലും പാശ്ചാത്യതോതനുസരിച്ചു് ഗുണത്തിലും ആകൃതിയിലും താണതരമാണു്. സോവ്യററു തോതനുസരിച്ചുള്ള ഒരു നല്ല ഉടുപ്പു് വാങ്ങണമെങ്കിൽ 600 മുതൽ 700 വരെ റൂബിൾസ് പ്രതിമാസം ലഭിക്കുന്ന ഒരു തൊഴിലാളി രണ്ടുമാസം വേല ചെയ്യേണ്ടിവരും. യു. എസ്സ്. എ. യിലും മററു മിക്ക പാശ്ചാത്യരാജ്യങ്ങളിലും ഏകദേശം 50 ഡോളർ (200 റൂബിൾസ്) വിലവരുന്നതരം ഉടുപ്പു് വാങ്ങണമെങ്കിൽ ആ തൊഴിലാളി 3 മാസത്തോളം വേല ചെയ്യേണ്ടിവരും.

മോസ്കോയിലെ ഏററവും വലിയ സ്റ്റോറിൽ (Mostorog) 300 റൂബിൾസു് വില ചുമത്തിയിട്ടുള്ള ഷൂസുകൾ ഞാൻ കണ്ടു. ഒരു റഷ്യൻ ഫാക്ടറിതൊഴിലാളി ഇതു വാങ്ങുന്നതിനു് രണ്ടാഴ്ചത്തെ കൂലി കൊടുക്കേണ്ടിവരും. ബൂട്ട്സിനു് ഷൂസിനെക്കാൾ വില കുറവാണു്; അവ കൂടുതൽ നന്നായി നിർമ്മിച്ചിട്ടുള്ളതായും എനിക്കു തോന്നി. ഞാൻ കണ്ട നല്ലതരം ബൂട്ട്സിനു് 100 റൂബിൾസ് വില ചുമത്തിയിരുന്നു.

പഞ്ഞി ഷർട്ടിനു് 70 റൂബിൾസു് കൊടുക്കണം. താരതമ്യേന ഈ വില വളരെ കൂടുതലാണു്. മോസ്കോയിൽ ഞങ്ങൾ താമസിച്ചിരുന്ന നാഷണൽ ഹോട്ടലിൽ എൻെറ ഷർട്ടു് അലക്കികിട്ടുന്നതിനു് 2 റൂബിൾസിലധികം കൂലികൊടുക്കേണ്ടിവന്നു. എന്നാൽ വാടകകൾ താരതമ്യേന കുറവാണു്. കാറുകളുടെ കാര്യം ഞാൻ അന്വേഷിച്ചു. അതിൻെറ ഒരേജൻസി മാത്രമേ മോസ്കോവിലുള്ളുവെന്നാണറിഞ്ഞതു്. മാസത്തിൽ 400 കാറുകൾ അവിടെ വില്ക്കുന്നു. ജനങ്ങൾക്കിഷ്ടമുള്ള ഒരുതരം ചെറിയ കാറിനു് (Pobeda) ഏകദേശം 4000 ഡോളർ (16000 റൂബിൾസു്) ആണു് വില.

ഞങ്ങൾ ഒരു കൾക്കണ്ടം ഫാക്ടറി സന്ദർശിച്ചു (The Red October). അവിടത്തെ തൊഴിലാളികൾക്കു് 700 റൂബിൾസു് വരെ കൂലി കിട്ടുന്നുണ്ടു്. അതിൻെറ ഡയറക്ടരോടു് ഞാൻ ചോദിച്ചു, അദ്ദേഹത്തിൻെറ ശമ്പളമെന്താണെന്നു്. 2500 റൂബിൾസ് ആണെന്നും, ഉല്പാദനം നിശ്ചിതക്വോട്ടായിൽ എത്തിയാൽ 20 ശതമാനം ബോണസ്സുകൂടി ലഭിക്കുമെന്നുമായിരുന്നു മറുപടി. ആ ക്വോട്ടായും കഴിഞ്ഞുള്ള ഓരോ ശതമാനം ഉല്പാദനത്തിനു് വിശേഷാൽ 5 ശതമാനവുംകൂടി ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. അങ്ങനെ മാസത്തിൽ ശരാശരി 4000 റൂബിൾസ് അദ്ദേഹത്തിനു കിട്ടുന്നുണ്ടു്. തൻെറ കീഴിലുള്ള ഏററവും വിദഗ്ധനായ തൊഴിലാളിക്കു് മാസം ഏകദേശം 1600 റൂബിൾസ് കൂലി കിട്ടുമെന്നും അദ്ദേഹം പ്രസ്താവിച്ചു.

## സ്ത്രീകൾക്കു് കഠിനവേല

മോസ്കോയിലെ "സ്റ്റാലിൻ ഓട്ടോമൊബൈൽ പ്ലാൻറു്" (കാർ നിർമ്മാണസ്ഥാപനം) ഞങ്ങൾ സന്ദർശിച്ചപ്പോൾ അവിടത്തെ 5000 ജോലിക്കാരിൽ 40 ശതമാനം സ്ത്രീകളാണെന്നും, ആ വലിയ ഫാക്ടറിയിലെ വേലക്കാർക്കു് 800 മുതൽ 2500 വരെ റൂബിൾസു് മാസം കിട്ടുന്നുണ്ടെന്നും പറഞ്ഞുകേട്ടു. ലോഹങ്ങൾ ഉരുക്കുന്ന ഫാക്ടറിവിഭാഗം സന്ദർശിച്ചപ്പോൾ സ്ത്രീകൾ കഠിനവേല ചെയ്യുന്നുണ്ടെന്നും, അതും വളരെ മോശമായ പരിതസ്ഥിതികളിലാണെന്നും കണ്ടു് ഞാൻ ആശ്ചര്യപ്പെട്ടു. വെളിച്ചവും കാററും വളരെ കുറവായിരുന്നു. വൃത്തിയുള്ളതെന്നു് ആ തൊഴിൽശാലയെ വിളിക്കുവാൻ പാടില്ലായിരുന്നു.

ഈ ഫാക്ടറിയിലെ ഫോർമനുമായി ചുരുങ്ങിയതെങ്കിലും രസകരമായ സംഭാഷണം ഞാൻ നടത്തി. എനിക്കു് കാർ ഉണ്ടോയെന്നും, അമേരിക്കായിൽ ഇനിയും ടെലെവിഷൻ നടപ്പായോയെന്നും അദ്ദേഹം ചോദിച്ചു. എൻെറ അനുകൂലമായ മറുപടികൾ അദ്ദേഹത്തെ ആശ്ചര്യപ്പെടുത്തിയതായി തോന്നി. "അമേരിക്കായിലെ വളരെയധികം തൊഴിലില്ലാത്തക്കാരെക്കുറിച്ചു് തനിക്കു ദുഃഖമുണ്ടെന്നു്" അദ്ദേഹം പറഞ്ഞു. അമേരിക്കയെപ്പററി ഇത്തരം അഭിപ്രായമാണു് മററു ഫാക്ടറികളിലും സാമാന്യമായുള്ളതെന്നു ഞാൻ കണ്ടു.

ഞാൻ സന്ദർശിച്ച സകല ഫാക്ടറികളിലും ആഴ്ചയിൽ 6 ദിവസവും ദിവസത്തിൽ 8 മണിക്കൂറും വേല നടക്കുന്നുണ്ടെന്നാണു് എന്നോടു പറഞ്ഞതു്. ഞാൻ ജോലിചെയ്യുന്ന പത്രസ്ഥാപനത്തിൽ ആഴ്ചയിൽ 40 മണിക്കൂറെ ജോലിയുള്ളുവെന്നും കമ്പനിയിൽനിന്നുള്ള പെൻഷനും, രോഗത്തിനും ആപത്തിനും ആസ്പത്രി ചികിത്സയ്ക്കും ഉള്ള വേതനവും വേലക്കാർക്കു ലഭിക്കുന്നുണ്ടെന്നും, 20 വർഷത്തിലധികം സർവീസുള്ള ജോലിക്കാർക്കു് 4 ആഴ്ച ഇളവുണ്ടെന്നും ഞാൻ പല പ്രാവശ്യവും പറയുകയുണ്ടായി. അതു കേട്ടപ്പോളുണ്ടായ അവരുടെ മുഖഭാവവും ആശ്ചര്യപ്രകടനങ്ങളും എന്നെ മനസ്സിലാക്കി, റഷ്യൻ ഫോർമന്മാരും തൊഴിലാളികൾ പൊതുവിലും ഞാൻ പറഞ്ഞതു വിശ്വസിച്ചില്ലെന്നു്.

മോസ്കോയിലെ സക്കാർ സർവ്വകലാശാലയെപ്പററി ഞാൻ ചിലതെല്ലാം ചോദിച്ചു. എനിക്കു ലഭിച്ച മറുപടികളിലെ പ്രധാനപ്പെട്ട വിവരങ്ങൾ ഇവയാണു്: 16,000 വിദ്യാർത്ഥികളും 2000 ഫാക്കൾട്ടി മെമ്പറന്മാരും ഉണ്ടു്. ഒരു പ്രൊഫസറിൻെറ മാസപ്പടി 6000 റൂബിൾസു്; അസോഷിയേററു് പ്രൊഫസറിൻേറതു് 3200; അസിസ്റ്റൻറു് പ്രൊഫസറിൻേറതു് 1300; വിദ്യാർത്ഥികൾ കൊല്ലത്തിൽ 400 റൂബിൾസ് ട്യൂഷൻഫീസു കൊടുക്കണം. അവരുടെ മുറിവാടക മാസം 15 റൂബിൾസു്. 4 ശതമാനം ഒഴികെ സകല വിദ്യാർത്ഥികളും യൂണിവേഴ്സിററിയിലെ സർവ്വകലാശാലയിൽ മാസം 290 റൂബിൾസ് സ്കോളർഷിപ്പുള്ളവരാണു്. അവരിൽ ഉയന്ന ഗ്രേഡിലുള്ളവക്കു് 25 ശതമാനം വിശേഷാലും കിട്ടുന്നു.

"പ്രവദാ" പത്രത്തിൻേറയും അച്ചടിയന്ത്രത്തിൻേറയും സ്ഥാപനത്തിൽ 3000 പേർ ജോലി ചെയ്യുന്നുണ്ടു്. അവരിൽ പകുതി സ്ത്രീകളാണു്. അവർക്കു ലഭിക്കുന്ന പ്രതിഫലമെന്തെന്നു വെളിപ്പെടുത്തുവാൻ അവർ വിസമ്മതിച്ചു. എങ്കിലും, ആഴ്ചയിൽ 48 മണിക്കൂർ വേലയുണ്ടെന്നു് അവർ സമ്മതിച്ചു. സോവ്യററു് യൂണിയനിലെ മിക്ക തൊഴിലാളികൾക്കും ഈ വേലസമയമാണു് ചട്ടപ്രകാരമുള്ളതെന്നു കാണുന്നു. യു. എസ്സ്. എ. യിലും മററു പാശ്ചാത്യരാജ്യങ്ങളിലും തങ്ങളുടേതിനു തുല്യമായ ജോലികളിലേപ്പെടുന്ന തൊഴിലാളികളെക്കാൾ കൂടുതൽ തങ്ങൾ വേലചെയ്യുന്നുണ്ടെന്നുള്ള വസ്തുത അവർ അറിയുന്നില്ല.

* * *

ക്യാപ്പിററലിസ്റ്റു് വ്യവസ്ഥിതി നിലവിലുള്ളവയാണു് പാശ്ചാത്യരാജ്യങ്ങളെന്നും, അവിടെ മുതലാളികൾ തൊഴിലാളികളെ ചൂഷണം ചെയ്യുകയാണെന്നും, അവിടത്തെ തൊഴിലാളികളുടെ കൂലിയും ജീവിതസ്ഥിതിയും വളരെ മോശമാണെന്നും, കമ്മ്യൂണിസ്റ്റു് വ്യവസ്ഥിതി നടപ്പിൽവന്നാൽ തൊഴിലാളികളുടെ നില വളരെ ഉയരുമെന്നും, സോവ്യററുറഷ്യ അതിനുദാഹരണമാണെന്നും മററും കമ്മ്യൂണിസ്റ്റുകാർ ഇന്നാട്ടിൽ തൊഴിലാളികളേയുംമററും പറഞ്ഞു കബളിപ്പിക്കുന്നതു് സർവ്വസാമാന്യമാണല്ലോ. ആ പ്രചരണത്തിൻെറ കള്ളത്തരം എത്രമാത്രമുണ്ടെന്നു് ഈ അമേരിക്കൻലേഖകൻ നൽകുന്ന വിവരങ്ങൾ സ്പഷ്ടമായി വെളിപ്പെടുത്തുന്നില്ലയോ?


**CANDIDATES FOR RELIGIOUS LIFE**

Candidates desiring to embrace religious life in the Sacred Heart Province of the Syro-malabar Carmelite Congregation, may apply for the same before the 1st of June 1953 to:-

The Very Rev. Fr. Provincial,
St. Antony's Monastery, Alwaye


# വിനോദവീഥി

മാനേജർ: നീ എന്താ താമസിച്ചുവന്നതു്?

ബാലൻ: വണ്ടി തെററിപ്പോയി സാർ.

മാനേജർ: നീ നാക്കെടുത്താൽ നുണയല്ലാതെ പറകയില്ല. നീ പറയുന്നതിൽ 10 ശതമാനത്തിൽ കൂടുതൽ ഒരിക്കലും വാസ്തവമുണ്ടായിരിക്കയില്ല.

ബാലൻ: ആ പത്തു ശതമാനത്തിൽ പെടുന്നതാണിതു് സാർ.

* * *

പിതാവു്: "ബേബി, ക്ലാസിൽ നീ എല്ലാററിലും ഒടുവിലാണെന്ന സംഗതി എനിക്കു സഹിക്കവയ്യാ."

ബേബി: "അതുകൊണ്ടു് അപ്പൻ വിഷമിക്കേണ്ട. അവർ രണ്ടററത്തും ഒന്നുതന്നെയാണു പഠിപ്പിക്കുന്നതു്."

* * *



ശ്ശ്ടാ! പൊടിക്കുപ്പിയെടുത്തുകൊണ്ടരാൻ പറഞ്ഞാലീ കാപ്പിപ്പൊടിഭരണി ചുമന്നുകൊണ്ടുവരവാണോടാ വേണ്ടതു് ! ? ?

* * *




"തീച്ചയായിട്ടും സാറിൻറടുക്കൽ ബീടികാണും. ഞാനൊരണ്ണം ചോദിക്കാൻ പോവ്വാ."

* * *



വാദ്ധ്യാർ: "ഇത്താപ്പിരിച്ചേട്ടൻ ഗൃഹപാഠം ചെയ്തതൊന്നു വായിച്ചെ!"

വിദ്യാർത്ഥി: "ഒന്നും ശെയ്തില്ല താറെ. പിള്ളങ്ങള് തമ്മതിക്കണ്ടെ. പിന്നെ വാഴയ്ക്കു് കാക്കാൻ പാനൊണ്ടാന്നു."

# Sathya Deepam

Vol. 26 | Ernakulam May 20, 1953 | No. 38


## വിവിധവൃത്താന്തങ്ങൾ

### ജലപ്രളയരംഗങ്ങളിലെ ധീരകൃത്യങ്ങൾ

ഇംഗ്ലണ്ടിൽ ഇക്കഴിഞ്ഞ ദിവസങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തിൽ ജീവനാശത്തിൽനിന്നും ആളുകളെ രക്ഷിപ്പാൻ അനേകർ അനുഷ്ഠിച്ച ധീരസേവനങ്ങളുടെ റിപ്പോർട്ടുകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. അമേരിക്കൻ നാവികസേനയിൽപ്പെട്ട 22 വയസ്സുള്ള ലേമിങ്ങ് എന്നു പേരായ ഒരു കത്തോലിക്കാ യുവാവ് അന്നു നോർഫോക്ക തീരത്തായിരുന്നു. നീന്തുപരിചയമില്ലായിരുന്നെങ്കിലും 6 അടി 3 ഇഞ്ചു പൊക്കമുള്ള ആ ധീരവൈമാനികൻ, അപകടമദ്ധ്യേ വെള്ളത്തിൽ നടന്നുചെന്നു 27 ആളുകളെ പലടത്തുനിന്നായി രക്ഷിച്ചെടുത്തു. അദ്ധ്വാനംകൊണ്ടു അവശനായി ആസ്പത്രിയിൽ കിടക്കുകയിൽ, എലിസബെത്തു രാജ്ഞി, അയാൾക്കു ഒരു കീർത്തിമുദ്ര കൊടുത്തയച്ചു. തെംസ് നദീമുഖത്തുള്ള കാൻവേ ദ്വീപിലെ വികാരി 48 മണിക്കൂർ നേരത്തേക്കു വെള്ളത്തിൽക്കൂടി കാറോടിച്ചു നടന്നു് പലശതം ആളുകളെ അപകടത്തിൽനിന്നു രക്ഷിച്ചു. കാറുമുഴുവൻ ജലത്തിലാണ്ടുപോയതുവരെ അദ്ദേഹം തന്റെ ജോലി തുടർന്നു. പള്ളിമുഴുവൻ ഇപ്പോൾ അഭയാർത്ഥികൾക്കായി ഒഴിഞ്ഞു കൊടുത്തിരിക്കയാണ്. വിദേശങ്ങളിൽനിന്നു ലഭിക്കുന്ന സഹായങ്ങളാൽ അദ്ദേഹം അവരെ തീററിപ്പോററിവരുന്നു.

### ഗവമ്മെൻറുസ്കൂളുകളോ പ്രൈവററുസ്കൂളുകളോ?

അമേരിക്കയിലെ കാത്തലിക്ക് ഡൈജസ്റ്റ് മാസിക അവിടത്തെ ജനങ്ങളുടെ ഒരു വോട്ടെടുത്തു. ഗവർമ്മെൻറു സ്കൂളുകളാണോ പ്രൈവററുസ്കൂളുകളാണോ നാടിനു കൂടുതൽ പ്രയോജനകരമെന്നായിരുന്നു പ്രശ്നം. 42 ശതമാനം ആളുകളും പ്രൈവററു വിദ്യാലയങ്ങളെ അനുകൂലിച്ചു വോട്ടുനൽകി. കഷ്ടിച്ച് 27 ശതമാനം വോട്ടുകൾമാത്രമാണ് ഗവർമ്മെൻറു സ്കൂളുകൾക്കു ലഭിച്ചതു് 32 ശതമാനംപേർ വോട്ടു ചെയ്യാത്തവരായിട്ടുമുണ്ടു്. പ്രൈവററുവിദ്യാലയങ്ങളിലെ കുട്ടികൾക്കു ഗവർമ്മെൻറു ഫണ്ടിൽനിന്നു യാത്രാസൗകര്യവും പുസ്തകങ്ങളും സൗജന്യമായി നൽകണമോ എന്ന പ്രശ്നത്തിനും ഏകദേശം തുല്യനിലയിലാണു വോട്ടുകൾ സിദ്ധിച്ചിരിക്കുന്നതു്.

### ഇംഗ്ലണ്ടിലെ വിൻസെൻറു ഡി പോൾ സംഘടന

102 കൊല്ലങ്ങൾക്കുമുമ്പ് ഇംഗ്ലണ്ടിൽ ഈ സംഘടനയ്ക്കു 20 സംഘങ്ങളും, 199 സജീവാംഗങ്ങളും, 119 ഓണററി മെമ്പറന്മാരും മാത്രമേ ഉണ്ടായിരുന്നുള്ളു. ഇന്നാകട്ടെ അവിടെ 1114 സംഘങ്ങളും, 9189 സജീവാംഗങ്ങളും, 1819 ഓണററിമെമ്പറന്മാരും പ്രവർത്തനം നടത്തുന്നുണ്ടു്. 1951-ൽ അവർ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി 67,383 പവൻ വിനിയോഗിക്കയുണ്ടായി. വിൻസെൻറു് ഡി പോൾ സംഘത്തിന്റെ സ്ഥാപകനായ ഫ്രെഡറിക്ക് ഓസാനാം നിര്യാതനാകുന്നതിനു 10 കൊല്ലം മുമ്പ് 1843 ലാണ് ഇംഗ്ലണ്ടിലെ പ്രഥമസംഘം സ്ഥാപിതമായതു്. ഓസാനാമിന്റെ ചരമശതാബ്ദാഘോഷങ്ങൾ സാർവ്വദേശീയമായി അടുത്ത സെപ്ററംബറിൽ പാരീസിൽവച്ചു നടത്തുന്നതിനു പുറമേ, ഇംഗ്ലണ്ടിലും തത്സംബന്ധമായ ആഘോഷങ്ങൾ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

### ക്യാബിനററ് മീററിങ്ങ് പ്രാർത്ഥനയോടെ ആരംഭിക്കുന്നു

പ്രസിഡണ്ടു ഐസനോവറിന്റെ പ്രതിവാരക്യാബിനററ് യോഗങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് ഒരു മിനിററുനേരത്തേക്കു മൗനമായിനിന്നു് ഒരു പ്രാർത്ഥന നടത്തുക പതിവായിത്തീർന്നിരിക്കുന്നു. പ്രസിഡണ്ടിന്റെ മാതൃകാപരമായ ഈ നടപടി മററു പല ഡിപ്പാർട്ടുമെൻറുകളിലും ഇതിനകം അനുകരിച്ചുതുടങ്ങിയിട്ടുണ്ടു്. കൃഷിവകുപ്പുമന്ത്രി മി. ബെൻസൻ അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെൻറിൽപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി കൂടിയാലോചന നടത്തുന്ന സന്ദർഭങ്ങളിൽ ആദ്യംതന്നെ അദ്ദേഹം ഒരു പ്രാർത്ഥന ചൊല്ലുന്നു. വൈററ് ഹൗസിൽ പ്രസിഡണ്ടിന്റെ അസിസ്റ്റൻറായ മി. ആഡംസിന്റെ മേശപ്പുറത്തു വൈദ്യുതപ്രകാശമേററു തിളങ്ങുന്ന ഒരു പ്രാർത്ഥനാകാർഡിരുപ്പുണ്ടു്. "കർത്താവേ എന്നെ നിന്റെ സമാധാനത്തിന്റെ ഒരു കൈവഴിയാക്കിത്തീർക്കണമേ" എന്നു തുടങ്ങുന്ന വി. ഫ്രാൻസിസ് അസ്സീസിയുടെ ഒരു പ്രാർത്ഥനയാണ് അതിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നതു്. പ്രസിഡണ്ടിന്റെ സ്ഥാനാരോഹണാവസരത്തിലേക്കുള്ള പ്രാർത്ഥന ഇത്തവണ ഐസനോവർതന്നെയാണു വിരചിച്ചതെന്നുള്ളതും ഒരു പുതിയ സംഭവമായിരുന്നു. ഉന്നതങ്ങളിലേക്കു കണ്ണുയർത്തിയാലല്ലാതെ രക്ഷയില്ലെന്നു ഈ ഭരണാധികാരികൾ മനസ്സിലാക്കിക്കാണുന്നതു് അത്യന്തം ശുഭസൂചകംതന്നെ.

### ഇക്കാര്യത്തിൽ നാം അവരെ കണ്ടുപഠിക്കതന്നെ വേണം

ഐറിഷ് കാത്തലിക്ക് പത്രത്തിൽ അതിന്റെ ഒരു റിപ്പോർട്ടർ ഇങ്ങനെ എഴുതുന്നു: 1946-ൽ ശനിയാഴ്ചതോറും രാവിലെ ഒരു ഡസൻ കത്തോലിക്കാ പത്രങ്ങളുമായി മാഞ്ചെസ്റ്ററിലെ ഒരു വലിയ ഫാക്ടറിയുടെ പടിവാതില്ക്കൽ ഞാൻ കാത്തുനില്ക്കുക പതിവായിരുന്നു. ഇരുപത്തിരായിരത്തോളം ആളുകൾ ജോലി ചെയ്തിരുന്ന ഒരു വ്യവസായശാലയായിരുന്നു അതു്. അതിൽ അനേകായിരം ഐറിഷ് യുവാക്കന്മാരും ഉൾപ്പെട്ടിരുന്നു. അതേ പടിവാതില്ക്കൽത്തന്നെ കമ്മ്യൂണിസ്റ്റുകാരുടെ "ഡെയ്‌ലി വർക്കർ" പത്രത്തിന്റെ ഏജൻറു ശനിയാഴ്ചതോറും ആ പത്രത്തിന്റെ 400 കോപ്പികൾ വിററിരുന്നു. അതിൽ ഒററപ്പത്രം ചെലവാക്കാൻ വേണ്ടിയാണെങ്കിലും ദിവസം മുഴുവൻ അവിടെ നില്ലാൻ അയാൾ തയാറായിരുന്നു. ആ പത്രത്തേയും അതിന്റെ ആശയങ്ങളേയും പ്രചരിപ്പിക്കുന്നതിൽ ആ മനുഷ്യനുള്ള ശുഷ്കാന്തി അത്ര തീക്ഷ്ണതരമായിരുന്നു. വാസ്തവത്തിൽ ഇക്കാര്യത്തിൽ അയാളെ നാം കണ്ടുപഠിക്കതന്നെവേണം.

### കമ്മ്യൂണിസ്റ്റ് മതമർദ്ദനത്തെ അമേരിക്കാ പ്രതിഷേധിക്കുന്നു

ഐക്യരാജ്യ സെനററിലെ വിദേശകാര്യകമ്മിററി, കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽ നടമാടുന്ന ഭയങ്കര മതമർദ്ദനത്തെ പ്രതിഷേധിച്ചുകൊണ്ടു ഒരു പ്രമേയം പാസ്സാക്കി പ്രസിഡണ്ടിനു അയച്ചിരിക്കുന്നു. ഇതുസംബന്ധിച്ച വേണ്ട നടപടികൾ നടത്തുന്നതിനു താൻ സെനററിൽ ആവശ്യപ്പെട്ടതാണെന്നു കമ്മിററി ചെയർമൻ ഉറപ്പുപറഞ്ഞിട്ടുണ്ടു്. "സർവ്വരാജ്യസംഘടനയുടെ ജനറൽ അസംബ്ലിയിൽ, ഈ പീഡനപദ്ധതികളെ സംബന്ധിച്ചുള്ള നമ്മുടെ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തണമെന്നു അമേരിക്കൻ പ്രസിഡണ്ടിനോടു് നിർബന്ധപൂർവ്വം ഇതിനാൽ അഭ്യർത്ഥിച്ചുകൊള്ളുന്നു" എന്നാണു സെനററു കമ്മിററിയുടെ പ്രമേയം.

### ഹോളണ്ടിലെ ആഘോഷങ്ങൾ മേയ് മാസത്തിൽത്തന്നെ

ഹോളണ്ടിൽ കത്തോലിക്കാ ഹയരാർക്കി പുനഃസ്ഥാപിച്ചതിന്റെ ശതാബ്ദാഘോഷം ഈ മാസത്തിൽ കൊണ്ടാടുന്നതിനു നേരത്തേ തീർച്ചപ്പെടുത്തിയതാണ്. അതിനിടയ്ക്കാണു ജലപ്രളയംകൊണ്ടുള്ള വിനാശങ്ങളെല്ലാം വന്നുകൂടിയതു്. എങ്കിലും മുൻനിശ്ചയമനുസരിച്ചു മേയ് 13 മുതൽ 18 വരെയുള്ള ദിവസങ്ങളിൽത്തന്നെ ആഘോഷച്ചടങ്ങുകൾ നിർവ്വഹിക്കുന്നതാണെന്നു വൈദികാദ്ധ്യക്ഷന്മാർ ഇപ്പോൾ വീണ്ടും പ്രഖ്യാപിച്ചിരിക്കുന്നു. ഒരു സംയുക്ത ഇടയലേഖനത്തിൽ അവർ പറയുന്നു: "ആഘോഷത്തിനു പററിയ ഒരു സന്ദർഭമല്ല ഇതെന്നു ഞങ്ങൾക്കറിയാം. എങ്കിലും അതു മാററിവയ്ക്കാതെതന്നെ ആഘോഷിപ്പാൻ ഞങ്ങൾ തീരുമാനിച്ചു. പുറമേയുള്ള ആഡംബരങ്ങളിലല്ലല്ലോ ഈ ഘോഷത്തിന്റെ മാററ് അടങ്ങിയിരിക്കുന്നതു്. നമുക്കു നേരിട്ട വിപത്തുകൾ കൂടുതൽ ആദ്ധ്യാത്മികഫലത്തോടെ ഈ സ്മരണ കൊണ്ടാടുന്നതിനു സഹായകമാകുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു."

## സംഭവകഥകൾ

### ദിവ്യബലി

ദിവസവും ഒന്നിലധികം കുർബാനകൾ കണ്ടിരുന്ന ഒരാളാണ് ഫ്രാൻസിലെ ലൂയിസ്രാജാവ്. അതു ജനങ്ങളുടെ സംസാരവിഷയമായിരുന്നു. അക്കാര്യം ഒരാൾ രാജാവിനെ അറിയിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞതു് ഇപ്രകാരമാണ്:

"എന്റെ സമയത്തിന്റെ കാര്യത്തിൽ ജനങ്ങൾക്കു് എന്തുൽക്കണ്ഠയാണുള്ളതു്! എന്നാൽ ഞാനിതിന്റെ ഇരട്ടിസമയം കളിയിലോ നായാട്ടിലോ ചെലവഴിച്ചാൽ ആരും അതിനെതിരായി ഒരക്ഷരംപോലും മിണ്ടുകയില്ല."

കോച്ചെം എന്ന ദേഹം എഴുതിയിരിക്കുന്നു: "മേഘങ്ങളിൽനിന്നു സ്വർണ്ണം വർഷിക്കപ്പെടുകയാണെങ്കിൽ നീ തീർച്ചയായും നിന്റെ ജോലി ഉപേക്ഷിച്ച് നാണയങ്ങൾ ശേഖരിക്കുവാൻ ഓടിയെത്തുകയില്ലയോ? ഒരു മായൻ മാത്രമേ അപ്പോൾ അകത്തിരിക്കുകയുള്ളു. കുർബ്ബാനയുടെ സമയത്തു് സ്വർഗ്ഗീയനിക്ഷേപങ്ങൾ മുകളിൽനിന്നും ഭൂമിയിലേക്കു വർഷിക്കപ്പെടുന്നു. ആകയാൽ അശ്രദ്ധയാലോ അനാസ്ഥയാലോ നീയതിൽ സംബന്ധിക്കാതിരിക്കുന്നെങ്കിൽ നീ മഹാമായനാണ്. ഒരു ദിവസം മുഴുവൻ വേലചെയ്താൽ കിട്ടുന്ന ആദായത്തെക്കാൾ വലുതാണ് ഒരു കുർബ്ബാന കാണുന്നതിൽ ഉപേക്ഷ കാണിക്കുന്നതുകൊണ്ടു് വരുന്ന നഷ്ടം. ആകയാൽ ദിവസവും കുർബ്ബാന കാണാൻ സാധിക്കുന്നവിധത്തിൽ നിന്റെ പരിപാടി നീ തയ്യാറാക്കണം."

### സ്നേഹത്തിന്റെ പാരമ്യം

ഐർലണ്ടിന്റെ അപ്പസ്തോലനായ പാട്രിക്ക് കുതിരവണ്ടിയിൽ യാത്രചെയ്യുക സാധാരണമായിരുന്നു. വണ്ടിക്കാരൻ അദ്ദേഹത്തിന്റെ കരങ്ങളിൽനിന്നും ജ്ഞാനസ്നാനം സ്വീകരിച്ച ഒരു ബാലനായിരുന്നു. ഒരു ദിവസം അവൻ പുണ്യവാനോടു് അദ്ദേഹത്തിന്റെ തൊപ്പിയും മേലങ്കിയും അവനു കൊടുപ്പാനും പകരം അവന്റെ വേഷം ധരിപ്പാനും ആവശ്യപ്പെട്ടു. അവന്റെ ചാപല്യത്തിനു് ആശ്രിതവത്സലനായ വി. പാട്രിക്ക് വഴിപ്പെട്ടു. വേഷം മാറുന്നതിന്റെ യഥാർത്ഥോദ്ദേശ്യം അദ്ദേഹത്തിനു് അപ്പോൾ മനസ്സിലായില്ല. അദ്ദേഹം വണ്ടി ഓടിച്ചുതുടങ്ങി അല്പം കഴിഞ്ഞപ്പോൾ ഏതാനും അമ്പുകൾവന്നു് ആ ബാലന്റെമേൽ പതിക്കുകയും അവൻ മൃതിയടയുകയും ചെയ്തു. അവനു് ആപത്തുശങ്കയുണ്ടായിരുന്നതുകൊണ്ടു് യജമാനന്റെ ജീവൻ രക്ഷിക്കാൻവേണ്ടിയാണ് അവൻ ഈ ഉപായം സ്വീകരിച്ചതു്.

### പാപത്തിൽനിന്നകലുവാൻ

വി. ഫിലിപ്പ്നേരിയുടെ പക്കൽ പലപ്രാവശ്യം വന്നു് ഒരേപാപംതന്നെ ഏററുപറഞ്ഞിരുന്ന ഒരാൾ വലിയ നിരാശയോടെ പറഞ്ഞു:

"എന്റെ പിതാവേ! ഇതിനെ ജയിക്കാൻ സാധിക്കുന്നില്ലല്ലോ."

"നീ വിശുദ്ധ കുർബ്ബാന സ്വീകരിക്കുന്ന ദിവസം ഈ പാപത്തിൽ ഉൾപ്പെടാൻ ഇടവന്നിട്ടുണ്ടോ?" പുണ്യവാൻ ചോദിച്ചു.

"ഇല്ല."

"എന്നാൽ നീ ദിവസവും വിശുദ്ധ കുർബ്ബാന സ്വീകരിക്കുക."

അവൻ അപ്രകാരം ചെയ്യുകയും പാപത്തിന്റെമേൽ വിജയംവരിക്കയും ചെയ്തു.

## സന്യാസാർത്ഥികളോട്

കേരളസുറിയാനി കർമ്മലീത്താസഭയിൽ ചേരുവാൻ ആഗ്രഹിക്കുന്ന സ്കൂൾഫൈനൽ പരീക്ഷ പാസായിട്ടുള്ള യുവാക്കന്മാർ, മേയ് 30-ാം തീയതിക്കു മുമ്പായി തങ്ങൾക്കു് സമീപമുള്ള ആശ്രമാധിപനെ നേരിട്ടുകണ്ടു അപേക്ഷിക്കേണ്ടതാണ്.

എന്നു്

ക. നി. മൂ. സ. പ്രിയോർ ജനറാൾ


തൈക്കാട്ടുമൂസ്സ് വക

## ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)

എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ

ഇ. ടി. ആര്യൻമൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതുമാണ്.


## "ഇതാ മനുഷ്യൻ!"

(ചമൻമെ രഹ്ക്കെ വീരാനാ എ. മ.)

എൻ മകനേ കനിവില്ലാതായോ
ഇതോ നിൻ താതനേകേണ്ടും
പ്രതിസ്നേഹാമൃതം ഹാ!
നീചമാർഗ്ഗം വെടിയു മകനെ നീ...(എൻ)
1 നിൻപാപം തീർത്തുമുള്ളാണെൻ ശിരസ്സിൽ
കാണുമതെൻ കുഞ്ഞേ— ഇതാ നീ
കാണുമതെൻ കുഞ്ഞേ
ദിനം തോറും നിരന്തം
നീ ചമയ്ക്കും പാപക്കുമ്പാരം...(എൻമക...)
2 തരുന്നില്ലേ നിനക്കെല്ലാം, കുമാരാ
ഞാൻ ദിനന്തോറും—സമോദം
ഞാൻ ദിനന്തോറും
തരുന്നോ നീയെനിക്കീ
നായ്ക്കണക്കോൽ പറയൂ! മകനേ നീ!! (എൻമകനേ)

(പി. കെ. ജോസഫ്)


*Permissu Ecclesiastico*

Printed & Published by

K. I. Varkey

at the Mar Louis Memorial Press

Ernakulam